

# മലങ്കരസഭ

## മാസിക

1988 ജൂൺ
ലക്കം 6 പുസ്തകം 43



മദ്രാസ് ഗവർണ്ണർ ഡോ. പി.സി. അലക്സാണ്ടറും ഭാര്യയും
പ. കാതോലിക്കാബാവായുമൊന്നിച്ച്
ദേവലോകം അരമനയിൽ.





ഡോ: അലക്സാണ്ടർ ദേവലോകം അരമനയിൽ പ. പിതാക്കന്മാരുടെ കബറിങ്കൽ പ്രാർത്ഥനയിൽ സംബന്ധിക്കുന്നു.



ഗവർണ്ണർ ഡോ: പി. സി. അലക്സാണ്ടർ
പ. ബാവായെ ഹാരാർപ്പണം ചെയ്തശേഷം
കൈമുത്തുന്നു.


# മലങ്കരസഭ

10-6-1988

നമ്പർ 124/88


# മിഷൻ സൺഡേ

## പ. ബാവാ തിരുമനസ്സിലെ കല്പന

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ!

ദൈവകൃപയാൽ നമ്മുടെ സഭ മിഷൻ രംഗത്ത് അത്ഭുതപൂർവ്വമായി പുരോഗമിച്ചുവരുന്നതിൽ നാം ദൈവത്തെ മഹത്വപ്പെടുത്തുന്നു. നമ്മുടെ സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കും സഭാ വികസനപ്രവർത്തനങ്ങൾക്കും വിനിയോഗിക്കുന്നതിനായി മിഷൻ–സഭാവികസന പിരിവ് എന്ന പേരിൽ ഒരു കവർ പിരിവ് നാം കഴിഞ്ഞ എട്ടു വർഷങ്ങളായി നടത്തിവരികയാണല്ലൊ. ഈ പിരിവ് ഓരോ വർഷവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നു കാണുന്നതിൽ നമുക്ക് അതിയായ സന്തോഷമുണ്ട്. ആയതിൽ നിങ്ങളെ ഏവരേയും നാം അനുമോദിക്കുന്നു. കഴിഞ്ഞ വർഷത്തെ മിഷൻ–സഭാ വികസന ദിനപിരിവ് തുകയായ 227505.71 രൂപാ മുൻവർഷത്തേക്കാൾ 33659.11 രൂപാ കൂടുതലായിരുന്നു. ഈ ഫണ്ടിൽ നിന്ന് പിരിവു ചെലവു നീക്കി ബാക്കി തുകയുടെ അൻപതു ശതമാനം കാതോലിക്കേററ് സെൻററുകളുടെ നിർമ്മാണം, അവികസിത പള്ളികളുടെ ഉദ്ധാരണം എന്നിവയ്ക്ക് ഗ്രാൻറുകൾ നൽകുന്നതിനായി സഭാ കേന്ദ്രത്തിൽ ഏല്പിക്കുകയുണ്ടായി. ഈ തുകയും മററു ഫണ്ടുകളിൽ നിന്നുള്ള തുകകളും ചേർത്ത് 679000 രൂപാ ഈവക കാര്യങ്ങൾക്കായി കഴിഞ്ഞ വർഷം ചെലവു ചെയ്തിട്ടുണ്ട്.

### ഈ ലക്കത്തിൽ


പരിശുദ്ധ ബാവാ തിരുമനസ്സിലെ കല്പന
ധ്യാനപംക്തി
ഞായറാഴ്ച ആചാരമോ ശാബതാചാരമോ ഏതാണ് വേണ്ടത്?
വൈദീക ശമ്പള പരിഷ്ക്കരണവും ഏകീകരണവും
മരുഭൂമിയിൽനിന്ന് ഒരു ഗർജ്ജനം
ദൈവാലയം എന്തിന്?
അടുത്ത പത്തു വർഷം
മലങ്കര നസ്രാണികളും ജാതിത്തലവന്മാരും
സഭാ മാനേജിംഗ് കമ്മററി
വലിയ ബാവായുടെ ചരമ രജതജൂബിലി ആലോചിക്കുന്നു
സഭാവാർത്തകൾ
ബൈബിൾപഠനം

ധ്യാന പംക്തി

# നാം ദൈവത്തിന്റെ മക്കൾ

ബർന്നബാ

വി. മാമോദീസായിൽ വീണ്ടും ജനനം പ്രാപിച്ചവരായ ദൈവമക്കളാണ് നാം. 'വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ലായെങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല'' (വി. യോഹ. 3:5) എന്ന് കർത്താവ് പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ വീണ്ടും ജനനം പ്രാപിച്ച

മിഷൻ–സഭാ വികസനപ്പിരിവിന്റെ ബാക്കിയുള്ള അൻപതു ശതമാനം മാവേലിക്കര മിഷൻ പരിശീലനകേന്ദ്രം, ആന്ധ്രായിലെ കുഷ്ഠരോഗികളുടെ കുഞ്ഞുങ്ങൾക്കായി നടത്തപ്പെടുന്ന സെന്റ് ഗ്രീഗോറിയോസ് ബാലഗ്രാം, ഹരിപ്പാട് സെന്റ് തോമസ് മിഷൻ, ഭിലായ്, ഇടുക്കി, ബ്രഹ്മവാർ, നെയ്യാററിൻകര തുടങ്ങിയ മിഷൻ സെന്ററുകൾ, സ്ലീബാദാസ സമൂഹം മുതലായവയ്ക്കും നൽകുകയുണ്ടായി.

കഴിഞ്ഞ വർഷം ചില പള്ളികളിൽ നിന്നുള്ള പിരിവ് അയച്ചുകൊടുക്കാതിരുന്നു എന്നു കാണുന്നതിൽ നാം ഖേദിക്കുന്നു. ഈ പ്രാവശ്യം അപ്രകാരമുള്ള വീഴ്ചകൾ വരുത്താതെ എല്ലാ പള്ളിക്കാരും ഈ പിരിവിൽ സഹകരിക്കുകയും പിരിവുതുക യഥാവസരം അയച്ചുകൊടുക്കുകയും വേണം. കഴിഞ്ഞ വർഷത്തെ പിരിവുലിസ്ററും ഓഡിററുചെയ്ത കണക്കും വാർഷിക റിപ്പോർട്ടും മിഷൻ കേന്ദ്രത്തിൽ നിന്നും നിങ്ങൾക്ക് അയച്ചുതരുന്നതാണ്.

ഈ വർഷം സെന്റ് തോമസ് ദിനമായ ജൂലൈ 3–ാം തീയതി ഞായറാഴ്ച മിഷൻ–സഭാ വികസനദിനമായി ആചരിക്കുകയും അന്നേദിവസം മിഷൻ പ്രവർത്തനങ്ങൾക്കായും സഭാവികസനത്തിനായും പ്രത്യേകം പ്രാർത്ഥിക്കുകയും കവർ പിരിവ് പൂർവ്വാധികം വിജയിപ്പിച്ച് മുൻ വർഷത്തേക്കാൾ കൂടുതൽ തുക ശേഖരിക്കുകയും വേണം. പരിശുദ്ധ സുന്നഹദോസിന്റെ തീരുമാനപ്രകാരം ഈ വർഷത്തെ പിരിവിൽ 60 ശതമാനം മിഷൻ പ്രവർത്തനത്തിനും 40 ശതമാനം വികസനത്തിനും ആയിരിക്കും. മിഷൻ ദിനത്തിലെ കാണിക്കയും കവർ പിരിവിൽ നിന്നു ലഭിക്കുന്ന തുകയും പള്ളിയിൽ നിന്നുള്ള സംഭാവനയും ചേർത്ത് ഈ പിരിവിന്റെ ചുമതല വഹിക്കുന്ന മിഷൻ ബോർഡ് പ്രസിഡന്റ് ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ പേർക്ക് സെന്റ് പോൾസ് മിഷൻ സെന്റർ, മാവേലിക്കര–3, കേരളാ എന്ന വിലാസത്തിൽ ആഗസ്ററു മാസം 15–ാം തീയതിക്കു മുമ്പായി അയച്ചുകൊടുക്കേണ്ടതാകുന്നു.

ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരിലും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ...........

1988 ജൂൺ 1–ാം തീയതി കോട്ടയം കാതോലിക്കേററ് അരമനയിൽ നിന്ന്



നമ്മിൽ ദൈവസ്വഭാവം നാം വളർത്തിയെടുത്തിട്ടുണ്ടോ? വീണ്ടും ജനനത്തിന്റെ അനുഭവത്തിൽ നാം വന്നിട്ടുണ്ടോ? സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതിന് നാം യോഗ്യരായിതീർന്നിട്ടുണ്ടോ? ''ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയപിതാവ് സൽഗുണപൂർണ്ണനായിരിക്കുന്നതു പോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ'' (വി മത്തായി 5:48) എന്ന് കർത്താവ് അരുളിച്ചെയ്യുന്നു.

ദൈവത്തിൽ നിന്ന് വീണ്ടും ജനിച്ചവൻ ദൈവത്തെപ്പോലെ ആയിരിക്കണം. ദൈവത്തെപ്പോലെ ആകുക എന്നു പറഞ്ഞാൽ പിതാവിനെയും പുത്രനെയും പരിശുദ്ധ റൂഹായെയുംപോലെ ആയിത്തീരുകയാണ്. പിതാവിന്റെ സ്വഭാവത്തെക്കുറിച്ച് ചിന്തിക്കാം. പാപികളെ രക്ഷിക്കുവാനായി പിതാവ് സ്വപുത്രനെ ലോകത്തിലേക്ക് അയച്ചു. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചുപോകാതെ, നിത്യജീവൻ പ്രാപിക്കേണ്ടതിന് അവനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ സ്നേഹിച്ചു. (വി. യോഹ. 1:16). ഈ സ്നേഹം നമ്മിലുണ്ടോ? പാപികളേയും ശത്രുക്കളേയും സഹായിക്കുന്ന മനോഭാവം നമുക്കുണ്ടോ? ''മനസ്സലിവുള്ള പിതാവു സർവ ആശ്വാസവും നൽകുന്ന ദൈവവുമായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവം വാഴ്ത്തപ്പെട്ടവൻ'' (2 കൊരി. 1:3) എന്ന് വി. പൗലോസ് പിതാവാം ദൈവത്തെക്കുറിച്ച് പറയുന്നു. നാം ഇതുപോലെ ആശ്വാസപ്രദന്മാരാകേണ്ടതല്ലേ? അതിനായി നാം പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ടോ? നാം സ്വർഗ്ഗരാജ്യത്തിൽ കടക്കുവാൻ യോഗ്യരാണോ?

പുത്രനെപോലെ ആകുകയെന്നു പറഞ്ഞാൽ, പുത്രനെപ്പോലെയുള്ള സേവന സന്നദ്ധത ഉണ്ടാകുകയെന്നാണ് അർത്ഥം. കർത്താവിന്റെ ജീവിതവും മരണവും മുഴുവനും മനുഷ്യർക്കുവേണ്ടിയായിരുന്നു. ''മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി നൽകുവാനുമത്രെ വന്നത്.'' (വി. മർക്കോ. 10:45) എന്നു കർത്താവുതന്നെ പറയുന്നു. ഈ ത്യാഗമനോഭാവം നമ്മിലുണ്ടോ? മററുള്ളവർക്കുവേണ്ടി ജീവനെപ്പോലും ബലികഴിക്കുവാൻ നാം സന്നദ്ധരാകേണ്ടതല്ലേ? (യോഹ. 3:16)

ആദിമസഭ കൂട്ടായ്മയുടെ സഭയായിരുന്നു. ''വിശ്വസിച്ചവർ എല്ലാവരും ഒരുമിച്ചിരുന്ന് സകലവും പൊതുവകയെന്ന് എണ്ണുകയും, ജന്മഭൂമികളും വസ്തുക്കളും വിററ് അവനവന് ആവശ്യമുള്ളതുപോലെ എല്ലാവർക്കും പങ്കിടുകയും ഒരുമനപ്പെട്ടു ദിനംപ്രതി ദേവാലയത്തിൽ കൂടിവരികയും വീട്ടിൽ അപ്പം നുറുക്കിക്കൊണ്ട്, ഉല്ലാസവും ഹൃദയപരമാർത്ഥതയും പൂണ്ട് ഭക്ഷണം കഴിക്കുകയും, ദൈവത്തെ സ്തുതിക്കുകയും സകല ജനത്തിന്റെയും കൃപ അനുഭവിക്കുകയും ചെയ്തു.'' (അപ്പോ പ്രവ. 2:44–47) എന്നാണല്ലോ ആദിമസഭയെക്കുറിച്ച് നാം വായിക്കുന്നത്. ദശാംശമോ, ഒരു നിശ്ചിത അംശമോ, വരുമാനത്തിൽ നിന്ന് വേർതിരിച്ചിട്ട് ദൈവീക കാര്യങ്ങൾക്കും, ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും കൊടുക്കുന്ന രീതി ഒരു ദൈവപൈതലിന് അത്യന്താപേക്ഷിതമല്ലേ? നേരെ മറിച്ച് മദ്യത്തിനും, മയക്കുമരുന്നിനും, പുകവലിക്കും പണം ചെലവഴിച്ച് സ്വയം നശിക്കുന്നതും, ആഡംബരങ്ങൾക്കായി പണം ദുർവ്യയം ചെയ്യുന്നതും ഒരു ദൈവപൈതലിന് ചേർന്നതാണോ? നമ്മുടെ സമയം മുഴുവനും കർത്താവിനെപ്പോലെ മററുള്ളവരെ പ്രത്യക്ഷമായോ പരോക്ഷമായോ സഹായിക്കുന്നതിനും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും ചെലവാക്കുന്നുണ്ടോ? നാം ദൈവരാജ്യത്തിൽ കടക്കുവാൻ യോഗ്യരാണോ?

പരിശുദ്ധ റൂഹായേപ്പോലെ ആകുകയെന്നു പറഞ്ഞാൽ, മററുള്ളവരുമായി താദത്മ്യം പ്രാപിക്കുകയും അവരെ ദൈവീകരാക്കുകയും ചെയ്യുകയെന്നാണർത്ഥം. ''ആത്മാവുതന്നെ, ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ, നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു.'' (റോമ. 8:26) പരിശുദ്ധറൂഹാ അത്രമാത്രം പാപികളുമായി താദാത്മ്യം പ്രാപിക്കുന്നു. നമുക്ക് ഈ മനോഭാവമുണ്ടോ? ''നാം എല്ലാവരും കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സ്, പ്രാപിച്ച്, അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു.'' (2 കോരി. 3:18) മനുഷ്യരെ, കത്താവിന്റെ അതേ പ്രതിരൂപമായി രൂപാന്തരപ്പെടുത്തുന്ന വേലയിൽ, നാം പരിശുദ്ധാത്മാവിനോടു സഹകരിച്ച് പ്രവർത്തിക്കേണ്ടവരാണ്. ഇങ്ങനെയുള്ള നാം എത്രമാത്രം രൂപാന്തരപ്പെട്ടിട്ടുണ്ട്? നാം ദൈവരാജ്യത്തിൽ കടക്കുവാൻ യോഗ്യരാണോ?

''പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി; ആദിമുതൽ എന്നുമെന്നേ

ഷ്ക്കും ആമ്മീൻ'' എന്നു ചൊല്ലുന്ന ത്രിത്വ സ്തുതിയിൽ ത്രിത്വത്തിനു സ്തുതിയുണ്ടാകുന്നതിനായി, നമ്മെത്തന്നെ സമർപ്പിക്കുകയാണ് ചെയ്യുന്നത്. ഇതുചൊല്ലുമ്പോൾ തലകുനിച്ച് സമർപ്പിച്ച് കുരിശു വരയ്ക്കുന്നു. അപ്പോൾ നമ്മുടെ പഴയ മനുഷ്യനെ കുരിശിച്ച് ത്രിത്വത്തിലെ സ്നേഹംകൊണ്ട് നിറയ്ക്കുന്നതിനായി നാം അപേക്ഷിക്കുകയാണ്. ''അങ്ങനെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവർത്തികളെ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്, നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ.'' (വി. മത്താ. 5:16) എന്നു പറയുന്നതിനാൽ, ത്രിത്വത്തിലെ സ്നേഹത്തിൽ നാം നിറയുമ്പോഴാണ് ത്രിത്വത്തിന് സ്തുതിയുണ്ടാകുന്നത്.

നാം ദൈവമക്കളെന്ന നിലയിൽ, ദൈവത്തെ ജീവിതം കൊണ്ട് സ്തുതിക്കേണ്ടവരാണ്. ദൈവമക്കളെന്ന് ആത്മാഭിമാനം നമുക്കുണ്ടോ? അതിനു ചേരാത്തവയെ നാം മരണത്തോളം എതിർക്കുന്നുണ്ടോ?

### പ്രാർത്ഥന

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ദൈവം തമ്പുരാനേ, നിന്റെ സ്വരൂപത്തിൽ ഞങ്ങളെ നീ സൃഷ്ടിച്ചു. പരിശുദ്ധ റൂഹായായ ദൈവമേ, വി. മാമോദീസായിൽ കൂടി നീ ഞങ്ങൾക്കു വീണ്ടും ജനനം നൽകി, ഞങ്ങളെ ദൈവമക്കളാക്കിതീർത്തു. ദൈവംതമ്പുരാനേ നീ സൽഗുണപൂർണ്ണനായിരിക്കുന്നതുപോലെ, സൽഗുണപൂർണ്ണരാകാൻ ഞങ്ങളെ സഹായിക്കണമേ. അങ്ങനെ ഞങ്ങളുടെ ജീവിതം കൊണ്ട്, നിന്നെ മഹത്വപ്പെടുത്തുമാറാകണമേ. പിതാവാം ദൈവമെ, നിന്നെപ്പോലെ പാപികളെ സഹായിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുവാനുള്ള സന്നദ്ധത ഞങ്ങളിൽ ഉളവാക്കേണമേ. പുത്രൻതമ്പുരാനേ, എല്ലാ ദുർചെലവുകളും, ജഡമോഹങ്ങളും നീക്കി, ഞങ്ങളുടെ സമയവും, കഴിവുകളും, ധനവും, അനേകരുടെ സേവനത്തിനായി ഞങ്ങൾ വിനിയോഗിക്കുമാറാകണമേ. പരിശുദ്ധ റൂഹായായ ദൈവമേ, അനേകരോട് താദാത്മ്യം പ്രാപിച്ച് അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും, അവരെ രൂപാന്തരപ്പെടുത്തുന്ന പ്രവർത്തനത്തിൽ നിന്റെ കൈയ്യിലെ ആയുധങ്ങളായി പ്രവർത്തിക്കുന്നതിനും, ഞങ്ങളെ സഹായിക്കണമേ.... ആമ്മീൻ

എന്നെത്തന്നെ സന്നിധിയിൽ
കാഴ്ചയണപ്പാനും നാഥാ,
എന്നെ നിനക്ക് സുഗന്ധമതായ്
അർപ്പിപ്പാനും കൃപചെയ്ക.
എൻനാഥാ നിൻ തിരുമുമ്പിൽ
ആത്മശരീരമനസ്സുകളെ
ശോഭകലർന്ന വിളക്കുകളായ്
ഞാൻ കത്തിപ്പാറാകണമെ.
ആത്മശരീര മനസ്സുകളാം
എന്നുടെ തിരുമുൽകാഴ്ചകളെ
താത സുതാശ്വാസ പ്രഭനേ
അൻപൊടു കൈക്കൊണ്ടീടണമേ.


(ഇക്കാര്യങ്ങളെക്കുറിച്ച് ധ്യാനിച്ച് സ്വന്തജീവിതം പരിശോധിച്ച് സമർപ്പിക്കുന്നതിന് 5 മിനിട്ട് ചെലവാക്കുക)

—o—

**മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്**



സാജു ഐസക്ക്, എ. ഒ. ഐസക്ക്, രേണുക്കുട്ടി.



ആനി തങ്കച്ചൻ, ഭോപ്പാൽ.

# ഞായറാഴ്ച ആചാരമോ ശാബതാചാരമോ ഏതാണ് വേണ്ടത്?

## മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ

ശാബത് മിഷ്യൻകാർ, ശാബത് ആചാരം ഒരിക്കലും മാററരുതാത്തതാണെന്നു പറഞ്ഞു നമ്മിൽ ചിലരെ തെററിക്കുന്നതിനാൽ ഞായറാഴ്ച ആചാരത്തിന്റെ സാധുത്വത്തെ തെളിയിക്കുന്നതിനാണ് ഇതെഴുതുന്നത്.

### 1. ശാബത് ആചാരം മാററി ഞായറാഴ്ച ആചാരം ഉണ്ടാക്കിയതിന്റെ ന്യായങ്ങൾ.

പഴയനിയമത്തിലെ ന്യായപ്രമാണത്തെക്കാൾ യേശുക്രിസ്തുവിൽ കൂടിയുള്ള രക്ഷയ്ക്കാണ് ക്രിസ്ത്യാനികൾ കേന്ദ്ര പ്രാധാന്യം നൽകുന്നത്. തന്മൂലം ഞായറാഴ്ച കർത്തൃദിനമായി കൊണ്ടാടുന്നു. ആ ദിവസം ആത്മീയപ്രവർത്തനങ്ങൾക്കുള്ള അവസരമായി വേർതിരിച്ചിരിക്കുന്നു. അന്ന് ലൗകികവേലകളിൽ നിന്നുള്ള വിശ്രമമാണെങ്കിലും പൂർണ്ണ വിശ്രമമല്ല.

പഴയനിയമകാലത്ത് ഏഴാം ദിവസമായ ശനിയാഴ്ച വിശ്രമദിവസമായി വിശുദ്ധീകരിക്കണമെന്ന് ദൈവകല്പനയുണ്ടായിരുന്നു. അത് ഒന്നാമത്—ദൈവം സൃഷ്ടിയിൽ നിന്ന് വിരമിച്ച് വിശ്രമിച്ചതിന്റെ സ്മരണയ്ക്കുവേണ്ടിയായിരുന്നു. 'ശാബത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക. ആറു ദിവസം അദ്ധ്വാനിച്ച് നിന്റെ വേലയൊക്കെയും ചെയ്ക. ഏഴാം ദിവസം നിന്റെ ദൈവമായ യഹോവയുടെ ശാബത് ആകുന്നു. അന്ന് നീയും നിന്റെ പുത്രനും പുത്രിയും നിന്റെ വേലക്കാരനും വേലക്കാരിത്തിയും നിന്റെ കന്നുകാലികളും നിന്റെ പടിവാതിൽക്കലുള്ള പരദേശിയും ഒരു വേലയും ചെയ്യരുത്. ആറു ദിവസം കൊണ്ട് യഹോവ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ളതൊക്കെയും ഉണ്ടാക്കി. ഏഴാം ദിവസം സ്വസ്ഥമായിരുന്നു. അതുകൊണ്ട് യഹോവ ശാബത് നാളിനെ അനുഗ്രഹിച്ച് ശുദ്ധീകരിച്ചിരിക്കുന്നു' (പുറ: 20:8–11). എന്നാൽ ആവർത്തന പുസ്തകത്തിൽ ശാബതാചരണത്തിന് മറെറാരു കാരണമാണ് പറയുന്നത്. 'നിന്റെ ദൈവമായ യഹോവ നിന്നോടു കല്പിച്ചതുപോലെ ശാബത് നാൾ ശുദ്ധീകരിച്ച് ആചരിക്കുക. ആറു ദിവസം അദ്ധ്വാനിച്ച് നിന്റെ വേലയൊക്കെയും ചെയ്ക. ഏഴാം ദിവസമോ നിന്റെ ദൈവമായ യഹോവയുടെ ശാബതാകുന്നു. അന്ന് നീയും നിന്റെ മകനും മകളും നിന്റെ വേലക്കാരനും വേലക്കാരത്തിയും നിന്റെ കാളയും കഴുതയും നിനക്കുള്ള യാതൊരു നാൽക്കാലിയും നിന്റെ പടിവാതിലുകൾക്കകത്തുള്ള അന്യനും ഒരു വേലയും ചെയ്യരുത്. നിന്റെ വേലക്കാരനും വേലക്കാരിത്തിയും നിന്നെപ്പോലെ സ്വസ്ഥമായിരിക്കേണ്ടതിനുതന്നെ. നീ മിസ്രയിം ദേശത്ത് അടിമയായിരുന്നെന്നും അവിടെ നിന്നും നിന്റെ ദൈവമായ യഹോവ നിന്നെ ബലമുള്ള കൈകൊണ്ടും നീട്ടിയ ഭുജം കൊണ്ടും പുറപ്പെടുവിച്ചു എന്നും ഓർക്ക. അതുകൊണ്ട് ശാബതുനാൾ ആചരിപ്പാൻ നിന്റെ ദൈവമായ യഹോവ നിന്നോടു കല്പിച്ചു (ആവ.5:12–15).

നമ്മുടെ കർത്താവിന്റെ കുരിശുമരണത്തിൽ കൂടിയും ഉയിർത്തെഴുന്നേൽപ്പിൽ കൂടിയുമാണ് നമുക്കു രക്ഷ ലഭിച്ചിരിക്കുന്നത്. തന്റെ ഉയിർപ്പ്, ഞായറാഴ്ചയായിരുന്നല്ലോ. 'ക്രിസ്തു ഉയിർത്തിട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമത്രെ. നിങ്ങൾ ഇന്നും നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു' (1 കൊരി. 15:17) എന്ന് വി. പൗലോസ് പറയുന്നു. ഇതിനും പുറമെ നമുക്ക് വീണ്ടുംജനനം നൽകുന്ന പരിശുദ്ധാത്മാവ് ശിഷ്യന്മാരുടെ മേൽ വന്ന് അവസിച്ചത് പെന്തിക്കോസ്തി ഞായറാഴ്ച ആയിരുന്നു. സാത്താനിൽ നിന്നും പാപത്തിൽ നിന്നുമുള്ള വിടുതൽ ലഭിച്ചതും പരിശുദ്ധാത്മദാനം ലഭിച്ചതും സൃഷ്ടിപ്പിനു ശേഷമുള്ള ഏഴാം ദിവസത്തെ വിശ്രമത്തെക്കാളും മിസ്രയീമിൽ നിന്നുള്ള ഇസ്രായേല്യരുടെ വിമോചനത്തെക്കാളും വലിയതാണ്.

കർത്താവിന്റെ ദിനമായി നാം ഞായറാഴ്ച കൊണ്ടാടുമ്പോൾ ലൗകിക വേലകളിൽ നിന്നുള്ള വിശ്രമവും ആത്മീയപ്രവർത്തനങ്ങൾക്കുള്ള അവസരവുമായിട്ടാണ് കൊണ്ടാടുന്നത്. അതി

നാൽ ഞായറാഴ്ചയെ പഴയനിയമത്തിലെ ശാബ്ബതിനെക്കാൾ കൂടുതൽ അർത്ഥവത്തായി നാം ആചരിക്കുന്നു.

പഴയനിയമത്തിലെ കല്പനകളിൽ വ്യത്യാസം വരുത്തിയിരിക്കുന്നതിന് മറെറാരു ഉദാഹരണമാണ് പരിഛേദന വേണ്ടെന്ന് നിശ്ചയിച്ചത് (അപ്പോ. 15:1–29). പരിഛേദനയ്ക്ക് ആത്മീയ അർത്ഥം നൽകി, മാമോദീസായിൽ അത് നിവർത്തിക്കുന്നു. ശാബതു മിഷ്യൻകാർ പരിഛേദന വേണ്ടെന്ന് വച്ചിരിക്കുന്നതിനാൽ ശനിയാഴ്ച ആചാരത്തെ അവർ മുറുകെ പിടിക്കുന്നതിന് അർത്ഥമില്ല.

ഞായറാഴ്ച ആചാരം ആദിമസഭയിൽ ആരംഭിച്ചതാണ്. 'ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടിവന്നപ്പോൾ പൗലോസ് പിറെറന്നാൾ പുറപ്പെടുവാൻ ഭാവിച്ചതുകൊണ്ട് അവരോട് സംഭാഷിച്ച് പാതിരാവരെയും പ്രസംഗം നീട്ടി' (അപ്പോ. 20:7).

## 2. നമ്മുടെ കർത്താവ് ന്യായപ്രമാണത്തെയും ശാബതിനെയും കുറിച്ച് എന്തു പറയുന്നു?

'ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിന് വന്നു എന്ന് നിരൂപിക്കരുത്. നീക്കുവാനല്ല, നിവർത്തിപ്പാനത്രെ ഞാൻ വന്നത്'' (വി. മത്താ. 5:17) എന്ന് കർത്താവു പറഞ്ഞു. അതേസമയത്ത് അന്ധമായ ന്യായപ്രമാണാനുസരണത്തെ താൻ എതിർത്തിരുന്നു. ന്യായപ്രമാണത്തെക്കാൾ ഉയർന്ന കാര്യങ്ങൾ താൻ പഠിപ്പിക്കുകയും ചെയ്തു. 'കൂട്ടുകാരനെ സ്നേഹിക്ക എന്നും ശത്രുവിനെ പകെയ്ക്ക എന്നും അരുളിച്ചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലൊ. ഞാനോ നിങ്ങളോടു പറയുന്നത്, നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ. നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ. സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന് പുത്രന്മാരായിത്തീരേണ്ടതിനു തന്നെ' (വി. മത്താ. 5:43, 44 a).

ശാബതിൽ വെറുതെയിരിക്കാതെ നന്മ ചെയ്യണമെന്നാണ് താൻ പഠിപ്പിച്ചത്. തളർവാതക്കാരനെ സൗഖ്യമാക്കിയതിനുശേഷം താൻ പറഞ്ഞു 'എന്റെ പിതാവ് ഇന്നുവരെയും പ്രവർത്തിക്കുന്നു; ഞാനും പ്രവർത്തിക്കുന്നു' (വി. യോഹ 5:17).

## 3. വി. പൗലോസ് ന്യായപ്രമാണത്തെക്കുറിച്ചും ശാബതിനെക്കുറിച്ചും എന്തു പറയുന്നു?

വി. പൗലോസ് ന്യായപ്രമാണത്തെക്കാൾ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിനാണ് പ്രാധാന്യം നൽകിയത്. 'ഹാ, ബുദ്ധിയില്ലാത്ത ഗലാത്യരേ, യേശുക്രിസ്തു ക്രൂശിക്കപ്പെട്ടവനായി നിങ്ങളുടെ കണ്ണിനു മുമ്പിൽ വരെച്ചുകിട്ടിയിരിക്കെ നിങ്ങളെ ക്ഷുദ്രം ചെയ്തു മയക്കിയതാര്? ഞാൻ ഇതൊന്നു മാത്രം നിങ്ങളോടു ഗ്രഹിപ്പാൻ ഇഛിക്കുന്നു. നിങ്ങൾക്ക് ആത്മാവു ലഭിച്ചത് ന്യായപ്രമാണത്തിന്റെ പ്രവൃത്തിയാലോ വിശ്വാസത്തിന്റെ പ്രസംഗം കേട്ടതിനാലോ? നിങ്ങൾ ഇത്ര ബുദ്ധികെട്ടവരോ? ആത്മാവുകൊണ്ട് ആരംഭിച്ചിട്ട് ഇപ്പോൾ ജഡം കൊണ്ടോ സമാപിക്കുന്നത്? ഇത്രയെല്ലാം വെറുതെ അനുഭവിച്ചുവോ? വെറുതെയെന്നു വരികിൽ! എന്നാൽ നിങ്ങൾക്ക് ആത്മാവിനെ നൽകി നിങ്ങളുടെ ഇടയിൽ വീര്യപ്രവൃത്തികളെ ചെയ്യുന്നവൻ ന്യായപ്രമാണത്തിന്റെ പ്രവൃത്തിയാലോ, വിശ്വാസത്തിന്റെ പ്രസംഗത്താലോ അങ്ങനെ ചെയ്യുന്നത്? (ഗലാ. 3:1–5) എന്ന് വി. പൗലോസ് ചോദിക്കുന്നു.

ന്യായപ്രമാണം ക്രിസ്തുവിങ്കലേക്ക് നയിക്കുന്ന ഗുരുപാലകൻ മാത്രമാണെന്ന് വി. പൗലോസ് പറയുന്നു. 'വിശ്വാസം വരുംമുമ്പെ നമ്മെ വെളിപ്പെടുവാനുള്ള വിശ്വാസത്തിനായിക്കൊണ്ട് ന്യായപ്രമാണത്തിൻകീഴ് അടച്ചു സൂക്ഷിച്ചിരുന്നു. അങ്ങനെ നാം വിശ്വാസത്താൽ നീതികരിക്കപ്പെടേണ്ടതിന് ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്കലേക്ക് നടത്തുവാൻ നമുക്ക് ശിശുപാലകനായി ഭവിച്ചു. വിശ്വാസം വന്നശേഷമോ നാം ഇനി ശിശുപാലകന്റെ കീഴിലല്ല, ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങളെല്ലാവരും ദൈവത്തിന്റെ മക്കളാകുന്നു' (ഗലാ. 3:23–26). നമ്മുടെ രക്ഷ ന്യായപ്രമാണത്തിന്റെ ആചരണത്തിൽ കൂടിയല്ല നമുക്ക് ലഭിക്കുന്നത്. 'ന്യായപ്രമാണത്താൽ നീതി വരുന്നു എങ്കിൽ ക്രിസ്തു മരിച്ചത് വെറുതെയല്ലോ (ഗലാ. 2:21 b). 'അതുകൊണ്ട് ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും ദൈവസന്നിധിയിൽ നീതികരിക്കപ്പെടുകയില്ല' (റോമ. 3:20 a)

വി. പൗലോസ് ആചാരങ്ങളെക്കുറിച്ചും ശാബതിനെക്കുറിച്ചും പറയുന്നുണ്ട്. 'അതുകൊണ്ട് ഭക്ഷണപാനങ്ങൾ സംബന്ധിച്ചോ, പെരുന്നാൾ, വാവ്, ശാബത് എന്നീ കാര്യത്തിലോ ആരും നിങ്ങളെ വിധിക്കരുത്. ഇവ വരുവാനുള്ളവയുടെ നിഴലത്രെ. ദേഹമെന്നതോ ക്രിസ്തുവിന്നുള്ളത്'' (കൊലോ. 2:16, 17).

## 4. വേദപുസ്തകം വ്യാഖ്യാനിക്കുന്നതിനുള്ള അധികാരം ആർക്കാണ്?

ക്രിസ്തീയസഭയിൽ ആളുകളെ ചേർക്കുന്നതിന് പരിഛേദന ആവശ്യമാണോ എന്ന തർക്കമുണ്ടായപ്പോൾ അപ്പോസ്തോലന്മാരും മൂപ്പന്മാരും ഒരുമിച്ചുകൂടി ഒരു തീരുമാനത്തിൽ എത്തിച്ചേർന്നു (അപ്പോ. 15:1–29). ന്യായപ്രമാണത്തിലെ ഒരു കല്പനയായ പരിഛേദന വേണ്ടെന്നാണ് അവർ തീരുമാനിച്ചത്. ഈ തീരുമാനം ഒരു ലേഖനത്തിൽ കൂടി അന്ത്യോക്യയിലെ സഭയെ അറിയിച്ചു. അതിൽ ഇങ്ങനെ എഴുതി 'വിഗ്രഹാർപ്പിതം, ശ്വാസം മുട്ടിച്ചത്തത്, പരസംഗം എന്നിവ വർജ്ജിക്കുന്നത് ആവശ്യമെന്നല്ലാതെ അധികമായ ഭാരമൊന്നും നിങ്ങളുടെമേൽ ചുമത്തരുതെന്ന് പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നിയിരിക്കുന്നു' (അപ്പോ. 15:28). അതിനാൽ എപ്പിസ്ക്കോപ്പന്മാരുടെ സുന്നഹദോസാണ് വേദപുസ്തകം വ്യാഖ്യാനിക്കേണ്ടതും തർക്കങ്ങൾക്ക് പരിഹാരം കണ്ടെത്തേണ്ടതും സഭയെ കേൾക്കാത്തവനോട് സംസർഗ്ഗമരുത് (വി. മത്താ. 18:17) എന്നു കർത്താവ് പറയുന്നു.

## 5. സഭയിലെ പിരിച്ചിലുകൾ കർത്താവിന് അപമാനം വരുത്തുന്നു.

കർത്താവ് തന്റെ മരണത്തിന്റെ തലേ രാത്രിയിൽ തന്നിൽ വിശ്വസിക്കുന്നവരുടെ ഐക്യത്തിനായി പ്രാർത്ഥിച്ചു. 'ഇവർക്കുവേണ്ടി മാത്രമല്ല ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാൻ ഇരിക്കുന്നവർക്കുവേണ്ടിയും ഞാൻ അപേക്ഷിക്കുന്നു. നീ എന്നെ അയച്ചു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിന് പിതാവേ നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നെ' (വി. യോഹ. 17:20, 21). ഓരോ വ്യക്തിയും സ്വന്ത യുക്തി വച്ചുകൊണ്ട് വേദപുസ്തകം വ്യാഖ്യാനിക്കുവാൻ തുടങ്ങിയാൽ

### മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്







തങ്കമ്മ കുര്യൻ

# വൈദീക ശമ്പള പരിഷ്ക്കരണവും ഏകീകരണവും

## അനുബന്ധം

കേരളത്തിലുള്ള മെത്രാസനങ്ങളിലെ വൈദികരുടെ ശമ്പളപരിഷ്ക്കരണവും, ഏകീകരണവും സംബന്ധിച്ചുള്ള പദ്ധതി 1–4–1988 മുതൽ തന്നെ നടപ്പാക്കുവാൻ സാധിക്കത്തക്കവണ്ണം ആ പദ്ധതിയിലെ പ്രസക്തമായ വിവരങ്ങളാണ് ഈ അനുബന്ധത്തിൽ ചേർത്തിട്ടുള്ളത്. ഇതിൽ പറഞ്ഞിരിക്കുന്ന നിബന്ധനകളനുസരിച്ച് പട്ടക്കാരുടെ ശമ്പളം, അലവൻസ്, പെൻഷൻ ഇവ ഫിക്സ് ചെയ്യാവുന്നതും പള്ളികളിൽ നിന്നുള്ള വിഹിതം നിർണ്ണയിക്കാവുന്നതുമാണ്.

### A. ശമ്പളം, അലവൻസ്, പെൻഷൻ

1. പട്ടക്കാരുടെ ശമ്പളസ്കെയിൽ 650–20 750–25–1000–30–1300–40–1500 എന്നതായിരിക്കും.

2. 1–4–1988–ൽ പൂർത്തിയാക്കിയ ഓരോ അഞ്ചുവർഷത്തെ സേവനത്തിന് ഒരു ഇൻക്രിമെൻറ് എന്ന കണക്കിന് വെയിറേജ് നൽകി ഓരോരുത്തരുടെയും ശമ്പളം ക്ളിപ്തപ്പെടുത്തണം. (65 വയസ് പൂർത്തിയാകുന്നതുവരെയുള്ള സേവനകാലം മാത്രമെ ഇൻക്രിമെൻറിന് കണക്കാക്കുകയുള്ളു.)

ഉദാ:– 5–3–1919–ൽ ജനിച്ച ഒരു വൈദികൻ കശ്ശീശാപട്ടം ഏററത് 3–5–1947–ൽ ആണ്. അദ്ദേഹത്തിന് 1–4–1988–ൽ 69 വയസ് പൂർത്തിയായി അന്നുവരെയുള്ള സേവനകാലം (പട്ടം ഏററ കാലം മുതലുള്ളത്) 40 വർഷമാണ്. എന്നാൽ 65 വയസ് പൂർത്തിയായപ്പോൾ ഉണ്ടായിരുന്ന സേവനകാലം 36 വർഷമാണ്. അതുകൊണ്ട് അർഹമായ വെയിറേജ് 7 ഇൻക്രിമെൻറ്. അതായത് 150 രൂപാ $(20 \times 5 + 25 \times 2)$ 1–4–88–ൽ ക്ളിപ്തപ്പെടുത്തേണ്ട ശമ്പളം 800 രൂപാ $(650 + 150)$

3. ഗവർമ്മെൻറിലും എയിഡഡ് സ്കൂളുകളിലും കോളജുകളിലും ജോലിചെയ്യുന്ന പട്ടക്കാർക്ക് മേൽവിവരിച്ച രീതിയിൽ ക്ളിപ്തപ്പെടുത്തിയ ശമ്പളത്തോടൊപ്പമുള്ള തുക അലവൻസ് ആയി ലഭിക്കും. അപ്രകാരം മററു ജോലിയില്ലാത്ത പട്ടക്കാർക്ക് ശമ്പളത്തോടൊപ്പം പ്രതിമാസം 250 രൂപാ അലവൻസ് ഉണ്ടായിരിക്കും. മററു ജോലിയുള്ള വൈദീകർ ആ ജോലിയിൽ നിന്ന് റിട്ടയർ ചെയ്തുകഴിഞ്ഞാൽ 250 രൂപായുടെ അലവൻസിന് അവർക്കും അർഹതയുണ്ടായിരിക്കും. അലവൻസ് 250 രൂപാ എന്നത് കാലാനുസൃതം വർദ്ധിപ്പിക്കുന്നതാണ്.

4. സ്വന്തം നാട്ടിൽ നിന്ന് ദൂരെ മലപ്രദേശത്ത് സേവനമനുഷ്ഠിക്കുന്ന പട്ടക്കാർക്ക് പ്രതിമാസം 100 രൂപാ ഹിൽ അലവൻസിന് അർഹതയുണ്ട്.

5. 65 വയസ്സ് പൂർത്തിയാകുന്ന പട്ടക്കാരൻ ജോലിയിൽ നിന്ന് വിരമിക്കേണ്ടതാണ്. എന്നിരുന്നാലും, പട്ടക്കാരൻെറ അപേക്ഷപ്രകാരം ഒരു പ്രാവശ്യം 2 വർഷത്തിൽ കവിയാതെ, പരമാവധി 70 വയസ്സ് പൂർത്തിയാകുന്നതുവരെ, ഇടവക മെത്രാപ്പോലീത്തായുടെ നിശ്ചയപ്രകാരം സേവനത്തിൽ തുടരാവുന്നതാണ്. എന്നാൽ 65 വയസ് പൂർത്തിയായിക്കഴിഞ്ഞുള്ള സേവനകാലം ഇൻക്രിമെൻറിനോ പെൻഷനോ അർഹത നൽകുന്നില്ല.

6. 65 വയസ് തികയുമ്പോൾ 35 വർഷത്തെ സേവനം പൂർത്തിയാക്കുന്ന ഒരു പട്ടക്കാരന് ജോലിയിൽ നിന്ന് വിരമിച്ചശേഷം 400 രൂപാ പ്രതിമാസ പെൻഷന് അർഹതയുണ്ടായിരിക്കും. 35 വർഷത്തിന് താഴെ 15 വർഷം വരെ സേവനകാലം ഉള്ളവർക്ക് ആനുപാതിക പെൻഷന് അർഹതയുണ്ടായിരിക്കും.

അതായത് 65 വയസ് പൂർത്തിയാകുമ്പോൾ 21 വർഷത്തെ സേവനം പൂർത്തിയായ ഒരു പട്ടക്കാരന് അർഹതയുള്ള പെൻഷൻ 240 രൂപയാണ് $(400 \times \frac{21}{35} = 240)$

---

പിരിച്ചിലുകൾ വർദ്ധിക്കും. അത് കർത്താവിൻെറ ബഹുമാനത്തിനല്ല, അപമാനത്തിന് കാരണമാകും. മാത്രവുമല്ല, ഇത്തരം തർക്കങ്ങൾ ഗൗരവതരമായ വിഷയങ്ങളിൽ നിന്ന് നമ്മുടെ ശ്രദ്ധയെ തിരിച്ചുകളകയും ചെയ്യും.

–o–



7. മററു ജോലിയിലിരുന്ന് റിട്ടയർ ചെയ്ത് അവിടെ നിന്നും പെൻഷൻ വാങ്ങുന്നവർക്ക് സഭയിൽ നിന്നുള്ള പെൻഷന് അർഹത ഉണ്ടായിരിക്കുന്നതല്ല.

8. നിര്യാതരായ പട്ടക്കാരുടെ വിധവമാർക്ക് പട്ടക്കാർക്ക് നൽകിയിരുന്ന / നൽകാമായിരുന്ന പെൻഷൻെറ അൻപത് ശതമാനത്തിന് അർഹതയുണ്ടായിരിക്കും.

9. മേൽ വിവരിച്ച പ്രകാരം ഓരോ പട്ടക്കാരൻെറയും വയസ്, സേവനകാലം, മററു ജോലികൾ തുടങ്ങിയവ പരിശോധിച്ച് അതാത് ഇടവക മെത്രാപ്പോലീത്താ, മെത്രാസനത്തിലെ എല്ലാ പട്ടക്കാരുടെയും ശമ്പളം, അലവൻസ്, പെൻഷൻ തുടങ്ങിയവ ക്ളിപ്തപ്പെടുത്തേണ്ടതും 1–4–1988 മുതൽ വർദ്ധിപ്പിച്ച വേതനം നൽകിത്തുടങ്ങേണ്ടതുമാണ്.

### B. ഇടവകകളിൽ നിന്നുള്ള ശമ്പള പദ്ധതിവിഹിതം നിർണ്ണയിക്കുന്നതിനെപ്പററി

1. ഇടവകയിൽനിന്നുള്ള ശമ്പള പദ്ധതി വിഹിതം നിശ്ചയിക്കുന്നത് 1985, 1986, 1987 എന്നീ മൂന്ന് വർഷത്തെ പള്ളി വരുമാനത്തിൻെറ ശരാശരിയുടെ അടിസ്ഥാനത്തിലാണ്.

2. കാതോലിക്കാദിനപ്പിരിവ്, സെമിനാരിദിനപ്പിരിവ്, സണ്ടേസ്കൂൾദിനപ്പിരിവ്, മിഷൻസണ്ടേപ്പിരിവ്, ഏതെങ്കിലും നിർമ്മാണത്തിനുള്ള പിരിവ് തുടങ്ങിയവ പള്ളിവരുമാനമായി കണക്കാക്കേണ്ടതില്ല.

3. ശരാശരി വാർഷിക വരുമാനം 50000 രൂപാവരെയുള്ള പള്ളികൾക്കുള്ള വിഹിതം വാർഷിക വരുമാനത്തിൻെറ 30 ശതമാനമോ 1988 മാർച്ച് മാസം വരെ പട്ടക്കാരുടെ ശമ്പളത്തിനായി ചെലവാക്കിക്കൊണ്ടിരുന്ന തുകയുടെ 20 ശതമാനം വർദ്ധിപ്പിച്ചു കിട്ടിയ തുകയോ ഏതാണ് കൂടുതൽ അതാണ്.

ഉദാ:–(i) 40000 രൂപാ ശരാശരി വാർഷിക വരുമാനം ഉള്ള ഒരു പള്ളിയിൽ പ്രതിമാസം 750 രൂപാ പട്ടക്കാരുടെ ശമ്പളത്തിനായി ചെലവാക്കുന്നു എന്നിരിക്കട്ടെ. ഇവിടെ, ശമ്പളം 20% വർദ്ധിപ്പിച്ചാൽ കിട്ടുന്ന തുക, പ്രതിമാസം 900 രൂപായും വരുമാനത്തിൻെറ 30% കണക്കാക്കുമ്പോൾ കിട്ടുന്നത് 1000 രൂപായും ആണല്ലോ. അതുകൊണ്ട് ആ പള്ളിയിലെ വിഹിതം 1000 രൂപാ ആയി നിർണ്ണയിക്കണം.

ഉദാ;–(ii) ശരാശരി വാർഷിക വരുമാനം 27000 രൂപാ ഉള്ള ഒരു പള്ളിയിൽ പട്ടക്കാരുടെ ശമ്പളത്തിനായി പ്രതിമാസം 700 രൂപാ ചെലവാക്കുന്നു എന്നിരിക്കട്ടെ. ഇവിടെ 20 ശതമാനം വർദ്ധിപ്പിച്ചാൽ കിട്ടുന്ന തുക 840 രൂപായും, വരുമാനത്തിൻെറ 30 ശതമാനം കണക്കാക്കുമ്പോൾ കിട്ടുന്നത് 675 രൂപായുമാണ്. അതുകൊണ്ട്, ആ പള്ളിയിലെ വിഹിതം 840 രൂപാ ആയി ക്ളിപ്തപ്പെടുത്തണം.

4. ശരാശരി വാർഷിക വരുമാനം 50001 രൂപാ മുതൽ 100000 രൂപാ വരെയുള്ള പള്ളികൾക്ക് ആദ്യത്തെ 50000–ത്തിന് 30 ശതമാനവും 50000–ത്തിന് മേൽ ഉള്ള തുകയ്ക്ക് 20 ശതമാനവും ആണല്ലോ കണക്കാക്കേണ്ടത്. ഒരു പള്ളിയിൽ വാർഷിക വരുമാനം 84000 രൂപായും അവിടെ ഇപ്പോൾ പട്ടക്കാരുടെ ശമ്പളത്തിന് ചെലവാകുന്നത് പ്രതിമാസം 1250 രൂപായും ആണെന്നിരിക്കട്ടെ. വരുമാനമനുസരിച്ച് കണക്കാക്കപ്പെടുന്ന വാർഷിക വിഹിതം $15000 + 6800 = 21800$. അതായത് പ്രതിമാസം 1817 രൂപാ. ഇപ്പോഴത്തെ വിഹിതം 20% വർദ്ധിപ്പിച്ചാൽ കിട്ടുന്ന തുക 1500 രൂപയാണല്ലോ. അതുകൊണ്ട് ശരാശരി വരുമാനത്തിൻെറ അടിസ്ഥാനത്തിൽ വിഹിതം നിർണ്ണയിക്കണം.

5. ശരാശരി വാർഷിക വരുമാനം 1 ലക്ഷത്തിനുമേൽ ഉള്ള പള്ളികൾക്ക് ആദ്യത്തെ 50000 ത്തിന് 30%; പിന്നീടുള്ള 50000–ത്തിന് 20%; 1 ലക്ഷത്തിനു മുകളിലുള്ള തുകയ്ക്ക് 10%. 120000 രൂപാ ശരാശരി വാർഷികാദായമുള്ള ഒരു പള്ളിയിൽ പട്ടക്കാരുടെ ശമ്പളച്ചെലവിന് ഇപ്പോൾ പ്രതിമാസം 2000 രൂപാ ചെലവാക്കുന്നു എന്നിരിക്കട്ടെ. ഇവിടെ 1 ലക്ഷം രൂപാവരെയുള്ള തുകയ്ക്ക് 25000 രൂപായും അതിന് മേൽ ഉള്ള 20000–ത്തിന് 2000 രൂപായും ചേർത്ത് 27000 രൂപായാണ് പ്രതിവർഷശമ്പളവിഹിതം. അതായത് പ്രതിമാസം 2250 രൂപാ. ഇപ്പോഴത്തെ തുകയായ 2000–ത്തിൻെറ കൂടെ 20% കൂടെ കൂട്ടിയാൽ 2400 രൂപയാണല്ലോ. ഈ പള്ളിയിൽ ഇപ്പോഴത്തെ ചെലവിൻെറ കൂടെ 20% കൂട്ടിക്കിട്ടുന്ന 2400 രൂപാ ശമ്പള വിഹിതമായി നിർണ്ണയിക്കാവുന്നതാണ്.

6. മേൽവിവരിച്ച രീതിയിൽ പള്ളികളിൽ നിന്നുള്ള ശമ്പള വിഹിതം നിർണ്ണയിച്ച് കഴിഞ്ഞ് അപ്രകാരം കിട്ടാവുന്ന ആകെ തുക, പരിഷ്ക്കരിച്ച നിരക്കിലുള്ള ശമ്പളം കൊടുക്കുന്ന

തിനും, മററു ബന്ധപ്പെട്ട ചെലവുകൾ ചെയ്യുന്നതിനും ആവശ്യമുള്ള തുകയേക്കാൾ കൂടുതലാണെന്നു കണ്ടാൽ വാർഷിക വരവിന്റെ 50 ശതമാനത്തിൽ കൂടുതൽ തുക പട്ടക്കാരുടെ ശമ്പളത്തിനു മാത്രം ചെലവ് ചെയ്തുകൊണ്ടിരിക്കുന്നതും സാമ്പത്തികശേഷി കുറഞ്ഞതുമായ പള്ളികൾക്കുള്ള വിഹിതം 20 ശതമാനം വർദ്ധിപ്പിക്കണമോ എന്നു പരിശോധിക്കാവുന്നതാണ്. മെത്രാസന കൗൺസിലിന്റെ തീരുമാനമനുസരിച്ച് അപ്രകാരമുള്ള പള്ളികൾക്കുള്ള വിഹിതം വർദ്ധിപ്പിക്കാതിരിക്കുകയോ, വർദ്ധനവ് 20 ശതമാനത്തിൽ താഴെ മാത്രമായി ക്ലിപ്തപ്പെടുത്തുകയോ ചെയ്യാം.

7. പട്ടക്കാരുടെ ശമ്പളം, പെൻഷൻ, ഇൻക്രിമെന്റ്, ശമ്പളപദ്ധതി നിർവ്വഹണം സംബന്ധിച്ചുള്ള ഓഫീസ് ചെലവുകൾ മുതലായ കാര്യങ്ങൾക്ക് പള്ളികളിൽ നിന്ന് ശേഖരിക്കുന്ന ശമ്പളപദ്ധതി വിഹിതം മതിയാകാതെ വന്നാൽ അപ്രകാരം പോരാതെ വരുന്ന തുക സഭാകേന്ദ്രത്തിൽനിന്ന് നൽകാവുന്നതാണ്. സഭാകേന്ദ്രത്തിൽ നിന്നുള്ള സഹായത്തിന് അപേക്ഷ അയയ്ക്കുന്നതോടൊപ്പം ശമ്പളമായോ പെൻഷനായോ ഓരോ പട്ടക്കാരനും നൽകുന്ന തുക കാണിക്കുന്ന ഒരു സ്റ്റേററ്മെന്റും ഓരോ പള്ളിയിലെയും ശരാശരി വാർഷിക വരുമാനം, ഓരോ പള്ളിയിൽ നിന്നും 1988 ഏപ്രിൽ മാസത്തിനു മുൻപുവരെ ശമ്പളമിനത്തിൽ പ്രതിമാസം ചെലവു ചെയ്തുകൊണ്ടിരുന്ന സംഖ്യ, ഓരോ പള്ളിയിൽ നിന്നും ശേഖരിക്കാവുന്ന ശമ്പളപദ്ധതി വിഹിതം, ശമ്പളപദ്ധതി നിർവ്വഹണം സംബന്ധിച്ചുള്ള ഓഫീസ് ചെലവുകൾ മുതലായ കാര്യങ്ങൾ വിശദമാക്കുന്ന മറെറാരു സ്റ്റേററ്മെന്റും അയയ്ക്കേണ്ടതാണ്.

8. പരിഷ്കരിച്ച ശമ്പളപദ്ധതി നടപ്പാക്കുന്നതോടുകൂടി, തളിക, കുർബാനപ്പണം ഇവയ്ക്ക് പട്ടക്കാർക്കുള്ള അവകാശം ഇല്ലാത്തതാകുന്നതാണ്.

## C. പട്ടക്കാരുടെ കർത്തവ്യങ്ങൾ

1. പട്ടക്കാരുടെ പ്രവർത്തനങ്ങൾ ഇടവകാംഗങ്ങളായ എല്ലാവരുടെയും ആത്മീയവളർച്ചയ്ക്കും, ഇടവകയുടെയും, മെത്രാസനത്തിന്റെയും, പൊതുസഭയുടെയും അഭിവൃദ്ധിക്കും ഉതകണം.


CENTURY AGENCY
AMBASSADOR CORPORATION

753 FRANKLIN AVENUE,
FRANKLIN SQUIRE, NEW YORK-11010.
Phone: 516-872-2100

We are original builders of Parish Real Estate
Contact us for fast and profitable
Real Estate Transaction in the U.S.A.
Mortgage Money Available in any amount to all qualified buyers.

E. I. Abraham Omallur, M.B.A; G.R.I.


# മരുഭൂമിയിൽ നിന്ന് ഒരു ഗർജ്ജനം

**റവ. ഫാ. പി. എസ്. സാമുവേൽ, ന്യൂയോർക്ക്**

ഒരിക്കൽ യഹൂദ്യായിലെ മരുഭൂമിയിൽ നിന്ന് ഒരു ഗർജ്ജനം ഉയർന്നു. ആ ഗർജ്ജനം കേട്ട് രാജാക്കന്മാരും പ്രഭുക്കന്മാരും മഹാ പുരോഹിതന്മാരും ഞെട്ടിവിറച്ചു. രാജകൊട്ടാരങ്ങളും പ്രഭുമന്ദിരങ്ങളും മഹാപുരോഹിതൻമാരുടെ അരമനകളും ആ മേഘനിർഘോഷം കേട്ടു നടുങ്ങി. അധികാരികളുടെയും സമ്പന്നവർഗ്ഗത്തിന്റെയും നാവുകൾ മൂകമായി.

പ്രവാചകപ്രവരനായ സ്നാപകയോഹന്നാന്റെ ദിവ്യസ്വരമാണ് മരുഭൂമിയിൽനിന്ന് ഉയർന്ന ആ ഗർജ്ജനം. പ്രവാചകന്മാരുടെ ശബ്ദം കേൾക്കാൻ യിസ്രയേൽ ജനത ദാഹിച്ചുകൊണ്ടിരുന്ന ഒരു കാലഘട്ടത്തിലാണ് ആ ഗർജ്ജനം ഇടിനാദംപോലെ മുഴങ്ങിയത്. വൻമരങ്ങളെ ഇളക്കിമറിക്കുന്ന കൊടുങ്കാററ് എന്നതുപോലെ പ്രവാചകന്റെ സ്വരം കഠിനഹൃദയങ്ങളെ ചലിപ്പിച്ചു.

പ്രവാചകശ്രേഷ്ഠനായ യോഹന്നാന്റെ ജീവിതകഥ മഹൽത്യാഗത്തിന്റെ വീരേതിഹാസമാണ്. ക്രൈസ്തവലോകം ആ പുണ്യനാമം ഭക്ത്യാദരവുകളോടെ സ്മരിക്കുന്നു.

യോഹന്നാന്റെ ജനനം അത്ഭുതകരമായിരുന്നു. മ്ശിഹായുടെ ജനനത്തിൽ എന്നതുപോലെ യോഹന്നാന്റെ ജനനത്തിലും പ്രവചനങ്ങൾ പൂർത്തീകരിക്കപ്പെടുന്നതായി കാണാം.

അഹരോന്യ പാരമ്പര്യത്തിൽപ്പെട്ട സഖറിയാ എന്ന പുരോഹിതശ്രേഷ്ഠനായിരുന്നു യോഹന്നാന്റെ പിതാവ്. മാതാവായ എലിശുബായും അഹറോന്റെ വംശപരമ്പരയിൽപ്പെട്ട ഒരു സ്ത്രീരത്നം ആയിരുന്നു. നിർമ്മലജീവിതം നയിച്ച സഖറിയായ്ക്കും എലിശുബായ്ക്കും വാർദ്ധക്യത്തിൽ ലഭിച്ച സന്താനമാണ് യോഹന്നാൻ.

“ഈ പൈതൽ എന്താകും?” ആ ശിശുവിനെ നോക്കിക്കൊണ്ട് ബന്ധുക്കളും ചാർച്ചക്കാരും അത്ഭുതപൂർവ്വം മന്ത്രിച്ചു.

‘മുളയിലെ അറിയാം മുളക്കരുത്ത്’ എന്ന ചൊല്ലുപോലെ തന്നെ ആ ശിശു ഭാവിയിൽ ഒരു മഹാപുരുഷൻ ആയിത്തീരുമെന്ന് സാധാരണക്കാർ പോലും ദീർഘദർശനം ചെയ്തു. ഗർഭത്തിൽ വച്ചുതന്നെ പരിശുദ്ധാത്മനിറവ് പ്രാപിച്ച ആ പൈതൽ ലോകം കണ്ട ഏററവും വലിയ പ്രവാചകനായി ഉയർന്നു.

അതിവിശിഷ്ടമായ അഹരോന്യ പാരമ്പര്യത്തിന് അവകാശിയായിരുന്നു ആ പൈതൽ. വ്യക്തിയുടെയും സമൂഹത്തിന്റെയും ചരിത്രത്തിൽ പാരമ്പര്യത്തിനു വലിയ സ്ഥാനമുണ്ട്. പാരമ്പര്യവും ജീവിതപശ്ചാത്തലവും മനുഷ്യജീവിതത്തെത്തന്നെ ആഴമായി സ്വാധീനിക്കുന്നു. നന്മയും തിന്മയും, ശരിയും തെററും വ്യക്തികളുടെ ചരിത്രത്തിലെന്നതുപോലെ സമൂഹത്തിന്റെ ചരിത്രത്തിലും കാണാം. വ്യക്തിയും സമൂഹവും ഉൾക്കൊള്ളുന്ന ശരിയും തെററുമായ പ്രവണതകളുടെ പിന്നിൽ പാരമ്പര്യത്തിന്റെ സ്വാധീനം ഒളിഞ്ഞുകിടപ്പുണ്ടല്ലോ.

പാരമ്പര്യത്തെ മുറുകെപ്പിടിക്കുന്നവരായിരുന്നു യഹൂദന്മാരെങ്കിലും ചിലപ്പോൾ അതിനെ

---

2. ഇടവകയിലെ ഓരോ ഭവനവും ഒരു വർഷത്തിൽ കുറഞ്ഞത് രണ്ടു പ്രാവശ്യം പട്ടക്കാരൻ സന്ദർശിക്കണം. രോഗികളുള്ള ഭവനങ്ങളും മരണം സംഭവിക്കുന്ന ഭവനങ്ങളും കൂടുതൽ പ്രാവശ്യം സന്ദർശിച്ച് ബന്ധപ്പെട്ടവർക്ക് ആശ്വാസം പകർന്നുകൊടുക്കണം.

3. ഇടവകയിലെ എല്ലാ ആത്മീയ സംഘടനകളുടെയും പ്രവർത്തനങ്ങളിൽ പട്ടക്കാരൻ സജീവ പങ്കാളിയായിരുന്ന് അവയിലെ അംഗങ്ങൾക്ക് പ്രയോജനകരമായ മാർഗ്ഗനിർദ്ദേശം കൊടുക്കണം. ഇടവകയിൽ ഏതെങ്കിലും ആത്മീയ സംഘടന പ്രവർത്തിച്ചു തുടങ്ങിയിട്ടില്ലെങ്കിൽ അത് സംഘടിപ്പിക്കണം.

4. പള്ളിവരുമാനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ പട്ടക്കാർ, പ്രത്യേകിച്ച് വലിയ ഇടവകയിൽ സേവനമനുഷ്ഠിക്കുന്നവർ കൂടുതലായി ശ്രദ്ധിക്കണം.

5. പട്ടക്കാർ അവരുടെ ഓരോ മാസത്തെയും പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ഇടവക മെത്രാപ്പോലീത്തായ്ക്ക് യഥാസമയം നൽകണം.

'ഇപ്പോൾ സമ്മതിക്ക, ഇങ്ങനെ സകലനീതിയും നിവർത്തിക്കുന്നതു നമുക്കു ഉചിതം എന്ന് യേശു ഉത്തരം പറഞ്ഞു. എന്നാറെ അവൻ അവനെ സമ്മതിപ്പിച്ചു (മത്തായി 3:15) തന്റെ നാഥന്റെ കല്പന കേട്ടപ്പോൾ വീണ്ടും ഒരു ചോദ്യം ചോദിക്കാതെ അനുസരിക്കുന്നു.

എന്റെ പിന്നാലെ വരുന്നവന്റെ ചെരിപ്പിന്റെ വാർ അഴിപ്പാൻ പോലും ഞാൻ യോഗ്യനല്ല എന്നു പ്രഖ്യാപിച്ച വിനയസമ്പന്നനായ യോഹന്നാൻ, ലോകരക്ഷകന്റെ തലയിൽ കൈ വയ്ക്കുകയും അവനെ സ്നാനപ്പെടുത്തുകയും ചെയ്യുന്നു. സ്വയം താഴ്ത്തിയ വിനയാന്വിതനായ യോഹന്നാനെ ക്രിസ്തുനാഥൻ മഹത്വത്തിന്റെ ഉച്ചകോടിയിൽ പ്രതിഷ്ഠിക്കുന്ന ചിത്രം നാം ഇവിടെ ഓർക്കുന്നു.

### c) നീതിയും വിശുദ്ധിയും

നീതിക്കുവേണ്ടി പോരാടിയ പ്രവാചകൻ ചോദ്യം ചെയ്യപ്പെടാനാവാത്തവിധം ജീവിതവിശുദ്ധി പുലർത്തിയിരുന്നു. ശത്രുക്കൾ പോലും മനസ്സുകൊണ്ട് അദ്ദേഹത്തെ ബഹുമാനിക്കയും ഭയപ്പെടുകയും ചെയ്തിരുന്നു.

'സഹോദരന്റെ ഭാര്യയെ പരിഗ്രഹിക്കുന്നതു നിനക്കു വിഹിതമല്ല' എന്ന് പ്രതാപശാലിയായ ഹെരോദാരാജാവിനോടു പറയാൻ യോഹന്നാൻ ഭയപ്പെടുന്നില്ല. യോഹന്നാന്റെ നിർഭയത്വവും നീതിബോധവും ഇവിടെ തെളിഞ്ഞുകാണാം. നീതിയും വിശുദ്ധിയുമുള്ള യോഹന്നാൻ സ്നാപകനെ ഹെരോദാവുപോലും ഭയപ്പെട്ടിരുന്നു. അധികാരവും ശക്തിയുമുള്ള രാജാവ് ലളിതജീവിതം നയിക്കുന്ന പ്രവാചകന്റെ മുമ്പിൽ തല കുനിക്കുന്നു.

''യോഹന്നാൻ നീതിയും വിശുദ്ധിയുമുള്ള പുരുഷൻ എന്നു ഹെരോദാവ് അറിഞ്ഞ് അവനെ ഭയപ്പെടുകയും അവനെ കാത്തുകൊൾകയും ചെയ്തു. അവന്റെ വചനം കേട്ടിട്ടു വളരെ കലങ്ങിയെങ്കിലും സന്തോഷത്തോടെ കേട്ടുപോന്നു.'' (മർക്കോസ് 5:20)

### d) ആത്മാക്കളെക്കുറിച്ചുള്ള എരിവ്

മനുഷ്യാത്മാക്കളെ പാപത്തിന്റെ ബന്ധനത്തിൽ നിന്നു മോചിപ്പിക്കുന്നതിനുവേണ്ടി പൂർണ്ണമായും സമർപ്പിക്കപ്പെട്ടതായിരുന്നു ആ ജീവിതം. സത്യത്തിന്റെ സാക്ഷ്യം ആയി അവൻ ജ്വലിച്ചു പ്രകാശിച്ചു.

''അവൻ ജ്വലിച്ചു പ്രകാശിക്കുന്ന വിളക്ക് ആയിരുന്നു'' (യോഹന്നാൻ 5:35) എന്നു കർത്താവു യോഹന്നാനെക്കുറിച്ചു പറഞ്ഞിട്ടുള്ള വാക്കുകൾ എത്ര ഹൃദയാവർജ്ജകം.

### e) ധീരതയും സഹനശക്തിയും

ധീരതയുടെയും സഹനശക്തിയുടെയും മകുടോദാഹരണമാണ് യോഹന്നാൻസ്നാപകൻ. സത്യത്തിനും നീതിക്കും വേണ്ടി പോരാടിയ ഒരു ധർമ്മയോദ്ധാവായിരുന്നു അദ്ദേഹം. നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ രക്തസാക്ഷിത്വം വരിച്ച മഹാത്യാഗി ആയ അദ്ദേഹം ചരിത്രത്തിൽ വാഴ്ത്തപ്പെടുന്നു.

ഹെറോദേസ് തന്റെ സഹോദരൻ ഫീലിപ്പോസിന്റെ ഭാര്യ ഹെറോദ്യയെ വിവാഹം ചെയ്തത് നീതിക്കും ധർമ്മത്തിനും എതിരായ പ്രവൃത്തിയായി ചൂണ്ടിക്കാട്ടുകമൂലം അദ്ദേഹത്തിനു കാരാഗൃഹവാസവും തുടർന്ന് ശിരച്ഛേദനവും അനുഭവിക്കേണ്ടിവന്നു. യോഹന്നാന്റെ രക്തസാക്ഷിത്വത്തെക്കുറിച്ചു വി. ലൂക്കോസിന്റെ സുവിശേഷം 14-ാം അദ്ധ്യായം 3 മുതൽ 12 വരെയുള്ള വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

സമ്പത്ത് പ്രതാപം ലൗകികസുഖങ്ങൾ ഇതിനപ്പുറത്ത് ജീവിതത്തിന് അർത്ഥം കണ്ടെത്താൻ കഴിയാത്തവരുടെ മുമ്പിൽ യോഹന്നാൻ ഒരു പരാജയം ആയിരുന്നു. ദൈവോദ്ദേശ്യം തന്നിലൂടെ നിറവേററിയ മഹാപുരുഷൻ ആയിരുന്നു അദ്ദേഹം. ലോകസുഖങ്ങൾ പൂർണ്ണമായും പരിത്യജിച്ച ആ യുവസന്യാസിയുടെ ജീവിതം ത്യാഗോജ്ജ്വലം ആയിരുന്നു.

രണ്ടായിരത്താണ്ടുകൾക്കുമുമ്പ് മുഴങ്ങിയ ആ ഗർജ്ജനം ഇന്നും ലോകമെമ്പാടും മാറൊലിക്കൊള്ളുന്നു. അനീതി ഏത് ഉന്നതസ്ഥാനത്തു നിന്നുണ്ടായാലും അതിനെ ചെറുക്കാനും അതിനെതിരായി ശബ്ദം ഉയർത്താനും സ്നാപക യോഹന്നാന്റെ ജീവിതകഥ നമുക്ക് പ്രചോദനം നൽകട്ടെ.

—ം—



# ദൈവാലയം എന്തിന്?

## ഗീവറുഗീസ് മൈലാടുംപാറ, തെള്ളിയൂർ

ദൈവാലയം രണ്ടുതരത്തിലുണ്ട്:—

1) ആരാധനയ്ക്കുള്ള ദൈവാലയം.
2) മനുഷ്യനെന്ന ദൈവാലയം.

### 1. ആരാധനയ്ക്കുള്ള ദൈവാലയം

ആരാധനയിൽ കൂടി ആത്മ സംതൃപ്തി കണ്ടെത്തുവാനുള്ള മനുഷ്യന്റെ അഭിവാഞ്ഛയാണ് ദൈവാലയനിർമ്മാണത്തിന് അവനെ പ്രേരിപ്പിക്കുന്നത്. മററുവിധത്തിൽ പറഞ്ഞാൽ ദൈവത്തെ ആരാധിക്കുവാനുള്ള മനുഷ്യാത്മാവിന്റെ അടങ്ങാത്ത അഭിനിവേശത്തിന്റെ മൂർത്തിമദ്ഭാവമാണ് ദൈവാലയം.

### മുഖ്യലക്ഷ്യം.

ദൈവാലയം കൊണ്ട് നേടേണ്ട മുഖ്യലക്ഷ്യം ആരാധന നടത്തുക എന്നതാണ്. വി. കുർബാന ''അനുഗ്രഹവും, സമാധാനവും, ബലിയും സ്തോത്രവും ആകുന്നു.'' കാൽവറിയിൽ നടന്ന പാപപരിഹാരബലി അവിടം കൊണ്ടു അവസാനിച്ചിട്ടില്ല. മഹാപുരോഹിതനായ ക്രിസ്തുയേശു സ്വന്തരക്തം പിതാവായ ദൈവത്തിന്റെ സന്നിധിയിൽ അർപ്പിച്ചുകൊണ്ട് ഇന്നും ആ ബലി തുടരുകയാണ്. സ്വർഗ്ഗത്തിൽ നടക്കുന്ന ബലിയുടെ ദൃശ്യരൂപമാണ് വി. മദ്ബഹായിൽ നടക്കുന്ന വി. കുർബാന എന്ന ബലി. ഭൂമിയിലെ സഭയ്ക്ക് പാപമോചനവും നിത്യജീവനും ലഭിക്കുന്നതിനായി കർത്താവ് തന്നെത്തന്നെ ബലിയായി അർപ്പിച്ചു. ഈ ബലിയിൽ പങ്കാളികളായിത്തീർന്ന് പാപമോചനവും നിത്യജീവനും നാം പ്രാപിക്കുന്നതിന് കർത്താവ് വി. കുർബാന സ്ഥാപിക്കുകയും ചെയ്തു. കർത്താവിന്റെ പ്രതിനിധിയായ പട്ടക്കാരന്റെ നേതൃത്വത്തിൽ വി. സഭയുടെ അംഗങ്ങൾ വി. കുർബാനയിൽ കൂടി തങ്ങളെത്തന്നെ അർപ്പിക്കുന്നു. ഈ വിശുദ്ധ ബലിയിൽ മാലാഖമാരും, പരേതരും, ജീവനോടിരിക്കുന്നവരുമായ സകല വിശ്വാസികളും പങ്കെടുത്ത് ആരാധന നടത്തുന്നു.

ഇവിടെ ഒരു ചോദ്യം ഉദിക്കുന്നു. പ്രസംഗം പാടില്ലേ? മുഖ്യസ്ഥാനം ആരാധനയ്ക്കും രണ്ടാം സ്ഥാനം പ്രസംഗത്തിനും എന്നത്രേ ഇതിന് ഉത്തരം. പ്രോട്ടസ്ററന്റു വിഭാഗങ്ങളും ഓർത്തഡോക്സ് സഭയും തമ്മിലുള്ള സുപ്രധാനമായ വ്യത്യാസം ഇവിടെ സ്പഷ്ടമാണ്. പ്രോട്ടസ്ററന്റുകാർ മിഷനറി വേലയ്ക്ക് ഒന്നാം സ്ഥാനം കൊടുക്കുന്നു. ഓർത്തഡോക്സ് സഭ ആരാധനയ്ക്ക് പ്രഥമസ്ഥാനം നൽകുന്നു. ആദ്യം ക്രിസ്തുവിൽ നാമും നാം ക്രിസ്തുവിലും ആയിത്തീരുന്ന ബലിയുടെയും ആരാധനയുടെയും അനുഭവം ആവശ്യമാണ്. ആ അനുഭവത്തിന്റെ പ്രഖ്യാപനമാണ് സുവിശേഷം.

ഒരു വലിയ സത്യം ഇവിടെ നാം വിസ്മരിച്ചുകൂടാ. ഇന്നു പല ദൈവാലയങ്ങളിലും മുഖ്യലക്ഷ്യമായ ആരാധനയെക്കാൾ വ്യക്തികളുടെയും ഗ്രൂപ്പുകളുടെയും ഇഷ്ടാനിഷ്ടങ്ങൾക്കു പ്രാധാന്യം കൊടുത്തുകാണുന്നു. ഇത് ഒരിക്കലും ശരിയല്ല. ഒരു രാഷ്ട്രത്തിന്റെ മുഴുവൻ ശക്തിയും സമാഹരിച്ച് ഏഴു വർഷം കൊണ്ട് പണിതീർത്ത് തങ്കം പൊതിഞ്ഞ് യഹോവയ്ക്കു സമർപ്പിക്കപ്പെട്ട യേറുശലേം ദൈവാലയത്തിൽ നിന്നുകൊണ്ട് ശലോമോൻ രാജാവ് നടത്തിയതായ സമർപ്പണ പ്രാർത്ഥന ഓർത്തഡോക്സ് പള്ളി പ്രമാണികളായ എല്ലാവരും പ്രത്യേകം വായിച്ചിരിക്കേണ്ടതാണ് (1 രാജാ. 8:22–53 നോക്കുക) ''എന്റെ ആലയം സകല ജാതികൾക്കും പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും'' (മർക്കോ. 11:17) ഈ വാക്യത്തിന്റെ അന്തഃസത്ത ഇപ്പോൾ നാം നഷ്ടപ്പെടുത്തിക്കളയുന്നു. ആരെത്ര പണം ചെലവാക്കി പണികഴിപ്പിച്ചതായാലും എത്ര ദേഹാദ്ധ്വാനം ചെയ്തതായാലും ദൈവാലയം കൂദാശ ചെയ്തു ദൈവത്തിനു പ്രതിഷ്ഠിച്ചു കഴിഞ്ഞാൽ പിന്നെ നാം ആരും അതിന്റെ ''യജമാനന്മാരാകരുത്'' ചില ആൾക്കാർക്ക് 'യജമാന' നായില്ലെങ്കിൽ പള്ളി വേണ്ടായെന്നുവരെ പറയാൻ ചങ്കൂററമുണ്ട്. ആ ചിന്താഗതി നാം മാറേറണ്ടതാണ്. ഒരു ദുഃഖസത്യം കൂടെ ഇവിടെ എഴുതിയേ പററൂ. നമ്മുടെ ചില ''പള്ളിഭക്തന്മാർക്ക്'' ദൈവാലയം അതിമനോഹരമാക്കണമെന്നുണ്ട്. അത്രയും നന്ന്. പക്ഷേ അവർ മനോഹരമാക്കിത്തീർക്കുന്ന ദൈവാലയം പിൻതലമുറ ചവുട്ടിമെതിക്കാതിരിയ്ക്കുവാൻ ഇന്നെന്തു ചെയ്യണമെന്ന

തിൽ അവർക്കു താല്പര്യമില്ല. കോടിക്കണക്കിന് 'റൂബിംസ്' ചിലവു ചെയ്ത് 40 വർഷം കൊണ്ട് പണിതു തീർത്തതായ റഷ്യയിലെ ST. ISSAC CHURCH' ഇന്നൊരു കാഴ്ച വസ്തു മാത്രമായി മാറിയിരിക്കുകയാണ്. ഭൗതികവാദം മനുഷ്യമനസ്സിനെ കീഴടക്കി ഭരിക്കുന്ന ഇന്നത്തെ ശാസ്ത്രീയ യുഗത്തിൽ നമ്മുടെ ഇളം തലമുറയുടെയും യുവാക്കന്മാരുടെയും ചിന്താമണ്ഡലത്തെ ആസ്തിക്യബോധത്തിലുറപ്പിച്ചു നിർത്താനുള്ള പദ്ധതികൾ ദൈവാലയം കേന്ദ്രമാക്കി ആവിഷ്ക്കരിച്ചു നടപ്പാക്കിയില്ല എങ്കിൽ ഇന്നത്തെ അതിമനോഹരങ്ങളായ ദൈവാലയത്തിന്റെ ഭാവി ഇരുളടഞ്ഞതായി മാറിപ്പോയെന്നു വരാം, ഒപ്പം മനുഷ്യന്റെ ഭാവിയും. മനുഷ്യമനസ്സിനെ ദൈവവുമായുള്ള സജീവ ബന്ധത്തിലുറപ്പിക്കുന്ന ദൈവാലയഭക്തിക്കു മാത്രമേ അർത്ഥവും വിലയും ഉള്ളു. അതിനാൽ ദൃശ്യമായ ദൈവാലയത്തിന്റെ ലക്ഷ്യം സാക്ഷാത്കരിക്കപ്പെടണമെങ്കിൽ മറ്റൊരു ദൈവാലയം കൂടി നമുക്കു സജ്ജമാക്കേണ്ടിയിരിക്കുന്നു.

## 2. മനുഷ്യനെന്ന ദൈവാലയം

''നിങ്ങൾ ദൈവത്തിന്റെ മന്ദിരമെന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ?'' (1 കോരി 3:16) ''ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരമെന്നും.... അറിയുന്നില്ലയൊ?'' (1 കോരി. 6:19) ഒരു പടി കൂടി കടന്നു വി. പൗലോസ് ശ്ലീഹാ എഴുതിയിരിക്കുന്നു'' നിങ്ങളുടെ ശരീരങ്ങൾ ക്രിസ്തുവിന്റെ അവയവങ്ങൾ ആകുന്നു എന്ന് അറിയുന്നില്ലയോ?'' എന്ന് (1 കോരി 6:15) മാത്രമല്ല ''ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പീൻ'' (1 പത്രോസ് 1:16) എന്നും ദൈവം അരുളിച്ചെയ്യുന്നു. മേല്പറഞ്ഞ വാക്യങ്ങളിൽ നിന്നു മൂന്നു കാര്യങ്ങൾ നമുക്കു വ്യക്തമാകുന്നു.

**മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്**



മിസ്സസ്. മോളി വർഗീസ്, ബാംഗ്ളൂർ.

റോയ് മാത്യു, ഭിലായ്

മേരി ഏബ്രഹാം



ഉദ്ദിഷ്ട കാരസാദ്ധ്യത്തിന്
നെൻസി കെ. ജോർജ്

താമസിച്ചതിനു ക്ഷമാപണം
റോസമ്മ ജോൺ



1) നമ്മുടെ ശരീരം ദൈവത്തിനു വസിക്കാനുള്ള ആലയമാണ്.

2) വിശുദ്ധനായ ദൈവത്തിനു വസിക്കുവാനുള്ള നമ്മുടെ ശരീരമെന്ന മന്ദിരം അതിവിശുദ്ധമായി നാം സൂക്ഷിക്കണം.

3) ക്രിസ്തുവാകുന്ന ശിരസ്സിന്റെ ആജ്ഞയ്ക്കു വിധേയമായി വ്യക്തികളാകുന്ന അവയവങ്ങൾ ചലിക്കണം—വേല ചെയ്യണം.

## 3. ദൈവാലയ ഭരണം

ദൈവാലയത്തെ ഭരിക്കുന്ന ഭരണക്കാരും ഭക്തന്മാരുമെല്ലാം സ്വയം ചിന്തിക്കട്ടെ. വ്യക്തിഗതമായ ജീവിതത്തിൽ ക്രിസ്തീയ സ്നേഹവും ദീനാനുകമ്പയോടുകൂടിയ സാഹോദര്യവും പുലർത്താത്തവരിൽ ദൈവം വസിക്കുമോ? മദ്യപാനിയും, കള്ളസാക്ഷിക്കാരനും, വ്യഭിചാരം ചെയ്യുന്നവനും, സഹോദരനെ ചതിക്കുന്നവനും, അന്യന്റെ മുതൽ അന്യായമായി കൈവശപ്പെടുത്തുന്നവനും ബാഹ്യമായ പള്ളിഭക്തി പ്രദർശിപ്പിച്ചാൽ ദൈവാലയവും ദൈവവുമായി യഥാർത്ഥ ബന്ധമുണ്ടാകുമോ? ഭിന്നതയും, അസൂയയും, വിദ്വേഷവും, പക്ഷപാതവും വച്ചുപുലർത്തുന്നവർ മുതലെല്ലാം ദൈവാലയത്തിനു കൊടുത്താലും ദൈവം അങ്ങനെയുള്ളവരിൽ പ്രസാദിക്കുമോ? ഇല്ല ഒരിക്കലും ഇല്ല. ദൃശ്യമായ ദൈവാലയത്തിൽ ആരാധിക്കുവാൻ ആദ്യമായി നാം സ്വയം ദൈവത്തിന്റെ ആലയമാകണം. അതിനായി 'ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയത്തിൽ കർത്താവായി ശുദ്ധീകരിപ്പീൻ' (1 പത്രോ. 3:14) എന്ന് വി. പത്രോസ് പറയുന്നു. ചുരുക്കത്തിൽ ജീവിതത്തിന്റെ പ്രായോഗിക രംഗങ്ങളിലെല്ലാം നമ്മിൽ ക്രിസ്തുയേശു അധികാരം നടത്തുന്ന ഒരനുഭവം ആദ്യമേ ഉണ്ടാകണം. അങ്ങനെയായാൽ ലക്ഷക്കണക്കിന് രൂപാ മുടക്കി അതിമനോഹരങ്ങളായി പണികഴിപ്പിക്കുന്ന ദൈവാലയങ്ങളുടെ ലക്ഷ്യം സാക്ഷാത്കരിക്കപ്പെടും. അല്ലെങ്കിലോ?

## 4. എത്യോപ്യൻ സഭയുടെ ചില പ്രത്യേകതകൾ

ഈ സമയത്ത് എത്യോപ്യൻ ഓർത്തഡോക്സ് സഭയിലെ വിശ്വാസികളുടെ ദൈവഭയവും വിശ്വാസതീഷ്ണതയെയും കുറിച്ച് ചിന്തിക്കുന്നത് ഉചിതമാണ്. ബുധനാഴ്ച വെള്ളിയാഴ്ച നോമ്പുകളും മററു കാനോനിക നോമ്പുകളും സഭാംഗങ്ങൾ ഭക്തിയോടും വിശുദ്ധിയോടും നിഷ്ഠയോടും നോക്കുന്നു. ഇറച്ചി, മുട്ട, പാൽ, നെയ്യ് ഇതൊക്കെ നോമ്പുകാലങ്ങളിൽ പൂർണ്ണമായി വർജ്ജിക്കുന്നു. പുകവലി, മദ്യപാനം മഹാപാപമായി അവർ കരുതുന്നു. എന്നാൽ ഇതിലൊക്കെ ഉപരിയായി ഏതൊരു വിദേശിയേയും ആകർഷിക്കുന്ന രണ്ടു പതിവുകൾ അവിടെ കാണാം. ഒന്ന്, പള്ളിയിൽ വന്നാൽ ആളുകൾ അവിടെ നിൽക്കുന്നതാണ്. ആരാധനാസമയം പള്ളിക്കുള്ളിലും പള്ളിക്കു പുറത്ത് പള്ളിയോടു ചേർന്നും മുററത്തും പറമ്പിലും പറമ്പിന്റെ അതിർത്തിയിലുള്ള മതിലിനോടു ചേർന്നുമെല്ലാം ജനങ്ങൾ നിൽക്കുന്നതു കാണാം. ആദ്യമായി കാണുന്നവർക്ക് ഈ നിൽപ്പ് വളരെ വിചിത്രമായും അരോചകമായും ചിലപ്പോൾ തോന്നാം. എന്നാൽ അതിന്റെ കാരണത്തെപ്പററി അറിയുമ്പോൾ മാത്രമെ ഇങ്ങനെ നിൽക്കുന്നതിന്റെ സാരവത്തായ അർത്ഥത്തേയും അതിന്റെ പിമ്പിലുള്ള ഉദ്ദേശശുദ്ധിയേയും പററി നമുക്കു മനസ്സിലാകൂ. അവിടെ പള്ളിക്കുള്ളിൽ സാധാരണ നിൽക്കുന്നത് അധികമൊന്നും പാപം ചെയ്തിട്ടില്ല എന്നു മനോബോദ്ധ്യമുള്ളവരാണ്. കൂടുതൽ കൂടുതൽ പാപബോധമുള്ളവർ പള്ളിയിൽ നിന്നും ദൂരെദൂരെയോട്ടു മാറി നിൽക്കുന്നു. മഹാപാപികൾ എന്നു ചിന്ത ഉള്ളവരായിരിക്കും മതിലിന്റെ അടുത്തും മററും നിൽക്കുന്നത്. ഉൽക്കടമായ പാപബോധം വിശുദ്ധ സ്ഥലത്തിനോടടുത്തു നിൽക്കുന്നതിന് അവരെ ഭയചകിതരാക്കുന്നു. പള്ളിയും അതിന്റെ പരിസരങ്ങളും അവർക്ക് അതിവിശുദ്ധമാണ്. ഏതു മഹാ പാപവും ചെയ്തിട്ട് ശരീരവെടിപ്പുമില്ലാതെ പള്ളിയുടെ മഹാവിശുദ്ധ സ്ഥലങ്ങളിൽ ചാടിക്കയറുവാൻ വെമ്പൽ കൊള്ളുന്ന നമ്മുടെയാളുകളുടെ സ്ഥിതി ഓർക്കുമ്പോൾ എത്യോപ്യയിലെ ഈ പതിവ് എത്രയോ മഹത്തരമാണ്എന്നു തോന്നുന്നു. വിദ്യാസമ്പന്നരായ നമ്മുടെ സഭാംഗങ്ങളുടെ ആസ്തിക്യതയും ആരാധനാ നിഷ്ഠയും എവിടെ നിൽക്കുന്നു?

അതിനാൽ ഒന്നാമതായി നാം സ്വയം ദൈവത്തിന്റെ ആലയങ്ങളാവുക. രണ്ടാമതായി നാളത്തെ ദൈവാലയ ഭരണക്കാരാകേണ്ട ഇളം തലമുറയുടെ മനസ്സിൽ ദൈവാലയത്തോടും സഭയോടും സഭാപിതാക്കന്മാരോടും കൂറും ഭക്തിയും രൂഢമൂലമാക്കുവാൻ അവർക്ക് പരിശീലനം കൊടുക്കുക. അതിനായി പണം ചിലവിടേണ്ടിവരുമ്പോൾ പിന്നോക്കം പായാതിരിക്കുക. സണ്ടേ

# അടുത്ത പത്തു വർഷം (11)

നാലാമത് ഒരു ചോദ്യം അടുത്ത പത്തു വർഷം മനുഷ്യ മനഃസാക്ഷി മൃഗീകരിക്കപ്പെടുമോ? ദൈവീകരിക്കപ്പെടുമോ? എന്നതാണ്. മനുഷ്യൻ ചെന്നായ്ക്കളെപ്പോലെ കൊള്ള പങ്കിടുമോ ആടുകളെപ്പോലെ സ്വന്തമാംസവും, തുകലും, പാലും, രോമവും, അസ്ഥികൾ പോലും പൊതുപ്രയോജനത്തിനായി മനസ്സോടെ കൊടുക്കുമോ? സിൻഡ്യാരാജാവ് മകളുടെ വിവാഹത്തിനു പത്തുകോടി രൂപാ ചെലവഴിച്ചതിൽ പ്രതികൂലമായി പ്രതികരിച്ച, ഭാരതീയർ ഹിൻഡുജാ മുതലാളി അൻപതു കോടി രൂപാ ചെലവാക്കി മകളെ വിവാഹം നടത്തിയതിൽ, കാര്യമായി പ്രതികരിച്ചു കണ്ടില്ല. പ്രതിവർഷം 10300 കോടി രൂപാ **Turn over** ഉള്ള ഹിൻഡുജായ്ക്ക് സ്വന്ത മകളെ വിവാഹം ചെയ്തയപ്പാൻ ക്വീൻ എലിസബേത്ത് കപ്പൽ ബോംബെ തുറമുഖത്തു അതിഥികൾക്കായി കൂലിക്കു വരുത്തിയതിലോ, ഒരു അമേരിക്കൻ പാട്ടുകാരനെ 50 ലക്ഷം രൂപാ ഫീസിൽ കൊണ്ടുവന്നതിലോ കാലിഫോർണിയായിൽ നിന്നും ജനീവയിൽ നിന്നും ഭക്ഷണസാധനങ്ങളും പൂക്കളും പ്രത്യേക വിമാനങ്ങളിൽ വരുത്തിയതിലോ, 20000 കുറി അച്ചടിക്കാൻ അനേക ലക്ഷം ചെലവാക്കിയതിലോ യാതൊരു മനഃസാക്ഷിക്കുത്തലും ഉണ്ടായില്ല. ഇൻഡ്യാ റുഡേയിൽ അതു വിവരിച്ചെങ്കിലും മലയാളം പത്രങ്ങൾ പ്രതികരിച്ചു കണ്ടില്ല. ദരിദ്രരുടേതു കൊള്ളയടിച്ച പണമാണ് ഇതെന്ന് എത്രപേർക്കറിയാം. നമ്മുടെ കൊച്ചു കേരളത്തിലും കൊച്ചു കൊച്ചു ഹിൻഡുജാമാർ വിവാഹത്തിൻെറ പേരിൽ ധൂർത്തടിച്ചു ചെലവാക്കുന്ന പണം ആരുടെതാണെന്നു ആരെങ്കിലും ചിന്തിക്കാറുണ്ടോ? ഈ വിഷയത്തെക്കുറിച്ചു സഭാപിതാക്കന്മാരുടെ ഉദ്ധരണികൾ നിർമ്മനഷ്യതാം അഥവാ പ്രായോഗിക നിരീശ്വര

---

സ്കൂൾ, വിദ്യാർത്ഥിപ്രസ്ഥാനം, യുവജനസമാജം ആദിയായ ആദ്ധ്യാത്മിക സംഘടനകളുടെ ശക്തമായ മുന്നേററത്തിലൂടെ സഭാംഗങ്ങളെ ക്രിസ്തീയസ്നേഹത്തിൽ യോജിപ്പിച്ചു നിർത്താൻ ദേവാലയ ഭരണക്കാരേവരും ഒത്തൊരുമിച്ചു നേതൃത്വം കൊടുക്കുമോ? ഇല്ല. എങ്കിൽ ഭാവി തലമുറ നമ്മുടെ ദൈവാലയങ്ങൾക്ക് ഒരു വെല്ലുവിളിയായിത്തീരില്ലേ?

ത്വം എന്ന ചെറു ഗ്രന്ഥത്തിലും മററും ഈ എഴുത്തുകാരൻ ഉദ്ധരിച്ചിട്ടുണ്ട്. ബോധവൽക്കരണവും മനസാക്ഷീകരണവും അടുത്ത ദശവർഷം വർദ്ധിക്കാതിരുന്നാൽ ഈ കൊള്ള അവസാനിപ്പിക്കുവാൻ ദൈവം എന്തു ചെയ്യുമെന്നു പ്രവചിപ്പിക്കാൻ തക്ക ആത്മീകത എനിക്കില്ല. എന്നാൽ ചെന്നായ് എന്നും വിഹരിക്കുമോ എന്ന് സംശയമുണ്ട്. ചെന്നായ്ക്കൾ ആടുകളുടെ തുകൽ ധരിച്ചാൽ പോരാ. അവ ആടുകളെപ്പോലെ പുല്ലു തിന്നുന്ന കാലം വരണം.

അഞ്ചാമതായി അടുത്ത പത്തു വർഷങ്ങൾക്കകം ഭാരതത്തിൽ രാഷ്ട്രീയമായ മാററം വരാനാണു സാദ്ധ്യത. അതു മിലിട്ടറി ഭരണം ആകാതിരിക്കട്ടെ. ജനാധിപത്യം നിലനിർത്തണമെന്ന് ആഗ്രഹിക്കുന്നവർ ധാരാളമുണ്ടെങ്കിലും അതിൻെറ വില കൊടുക്കുവാൻ അധികം പേരും തയ്യാറില്ല. ധനവാന്മാരുടെ എണ്ണവും വണ്ണവും വർദ്ധിപ്പിക്കുന്നതിനാൽ ദരിദ്രന്മാർ ഉയർന്നുകൊള്ളും എന്ന മൂഢസ്വർഗ്ഗത്തിൽ കഴിയുന്നവരാണ് ജനാധിപത്യത്തിൻെറ ഏററവും വലിയ ശത്രുക്കൾ. സോഷ്യലിസം പട്ടിണി പങ്കിടീൽ ആണെന്ന വ്യാജേന മുതലാളിത്തം നിലനിർത്തലാണ് ജനാധിപത്യം എന്നു ധരിച്ചുവച്ചിരിക്കുന്നവരും പുരോഗതിയുടെ അർത്ഥം ചിലരുടെ പുരോഗമനമായേ കാണുന്നുള്ളു. ആന്ധ്രായിലെ നക്സലുകളുടെ കാട്ടിൽ പോയി 13 വയസുള്ള ഒരു നക്സൽ പയ്യനോടു ജേർണലിസ്ററു ചോദിച്ചതു അവനു പഠിക്കണ്ടേയോ എന്നായിരുന്നു. അവൻെറ ഉത്തരം കോടിക്കണക്കിനു കുട്ടികൾ പഠിക്കാത്ത


**MATRIMONIAL**

**Proposals invited from parents of Godfearing fair, financially sound girls for an Orthodox Youth B.Com (completed) 25/157, only son of a factory officer doing own business in Trivandrum.**

**Contact: Box No. 139**
**C/o Malankara Sabha**
**Kottayam - 686038**




ഈ രാജ്യത്തു അവൻെറ പഠനം പ്രധാനമല്ല, മാററമാണു പ്രധാനമെന്നായിരുന്നു. അത്രയും മനസാക്ഷിപോലും ഇല്ലാത്തവരാണ് മതത്തിൻെറ വക്താക്കളായ നമ്മിൽ അധികവും. രക്തച്ചൊരിച്ചിൽ മാററത്തിനു മാർഗ്ഗമായി തിരഞ്ഞെടുത്തിരിക്കുന്ന നക്സലുകളുടെ രാഷ്ട്രീയ അടവു മാററണമെങ്കിൽ ഭരണഘടനയിലെ സ്വന്ത അവകാശത്തെ മാററി ഏവർക്കും ജോലിക്കും ഭക്ഷണത്തിനും കിടപ്പാടത്തിനും അവകാശമുള്ള ഒരു ഭരണഘടന ഉണ്ടാകണം. ദരിദ്രരുടെ കൈയ്യിൽ ഭരണം ലഭിക്കാതെ സമാധാനപരമായ രാഷ്ട്രീയ മാററം കൈവരികയില്ല. ജാതീയതയും, വർഗ്ഗീയതയും, സ്വജന

## ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ

പക്ഷപാദവും മുഖമുദ്രയായുള്ള ഭാരതത്തിൽ മാററം ക്ഷിപ്രസാദ്ധ്യമല്ല. മതത്തിൻെറ പേരിൽ മനുഷ്യരെ തരംതിരിക്കാതെ മാനുഷ്യാവകാശങ്ങൾ ചില മതക്കാർക്ക് കൊടുക്കാതെ അടിച്ചമർത്തപ്പെട്ടു കിടക്കുന്ന എല്ലാ അവശരെയും ഒന്നായി കാണുന്ന ഒരു ഭരണഘടനയാണ് ഭാരതത്തിൻെറ ആവശ്യം. ഒരു ഹിന്ദു ക്രിസ്ത്യാനിയായാൽ ജോലിയിൽ സംവരണത്തിന് അനർഹനാവുകയും വീണ്ടും ഹിന്ദുവായാൽ അർഹനാവുകയും ചെയ്യുന്ന ഭരണഘടനയുടെ ന്യായം സെകുലറിസത്തിൻെറ നീതിയല്ലല്ലോ. ന്യൂനപക്ഷത്തിൻെറ പേരിൽ പ്രത്യേക അവകാശങ്ങൾ വേണ്ടാ എന്നു പറയാനുള്ള ധൈര്യം ക്രിസ്ത്യാനികൾ കാണിക്കണം. അടുത്ത പത്തുവർഷം വരാൻ പോകുന്ന മാററം സാമൂഹ്യനീതിക്കും സമാധാനത്തിനും എല്ലാവർക്കും ജോലിക്കും സാദ്ധ്യതയുണ്ടാക്കുന്നതാകട്ടെ.

മലങ്കര ഓർത്തഡോക്സ് സഭയുടെ അടുത്ത പത്തുവർഷം സുപ്രധാനമായിരിക്കും. രണ്ടാം ലോകമഹായുദ്ധത്തിൽ ആരംഭിക്കുകയും സ്വതന്ത്രഭാരതത്തിൽ വളരുകയും ചെയ്ത ആഗോളവ്യാപക തടവും അഖിലഭാരതപ്രസക്തിയും വർദ്ധിക്കുക തന്നെ ചെയ്യും. ഡൽഹിയിലെ ഓർത്തഡോക്സ് സെൻററും ന്യൂ ബോംബെയിലെ അരമനയും സ്കൂളും, ഭിലായിലെ മിഷൻ സെൻററും ഈ മൂന്നു ഭദ്രാസനങ്ങൾക്കു മാത്രമല്ല സഭയ്ക്ക മുഴുവൻ മുതൽക്കൂട്ടും വളർച്ചയ്ക്കുള്ള സാദ്ധ്യതയും ഉണ്ടാക്കും. മദ്രാസ് മെഡിക്കൽ മിഷൻ അതുപോലെ പ്രാധാന്യമർഹിക്കുന്നു. അമേരിക്കൻ ഭദ്രാസനത്തിന് ഒരു കേന്ദ്രമുണ്ടാകും. കേരളത്തിലെ ഭദ്രാസനങ്ങൾ ബാഹ്യകേരളത്തിലേക്ക് കൂടുതൽ സുവിശേഷകരെ അയയ്ക്കും. കാതോലിക്കാദിനപ്പിരിവിൽ നിന്ന് ബാഹ്യകേരളത്തിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന പള്ളികൾക്കു സാമ്പത്തിക സഹായം നൽകും. മിഷൻ പരിശീലന കേന്ദ്രത്തിൽ പഠിച്ച പലരും ഇപ്പോൾ തന്നെ കേരളത്തിന് അകത്തും പുറത്തും ചെയ്യുന്ന സേവനങ്ങൾ അടുത്ത 10 വർഷം കൊണ്ട് വളരെ വർദ്ധിക്കുമെന്നാശിക്കാം. ആന്ധ്രയിൽ യാച്ചാരാം ഗ്രാമത്തിലെ സെ. ഗ്രീഗോറിയോസ് ബാലഗ്രാം കുഷ്ഠരോഗികളുടെ കുഷ്ഠമില്ലാത്ത കുട്ടികൾക്കു ചെയ്യുന്ന സേവനം മററു സ്റേററുകളിലേ

### മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



മേരിക്കുട്ടി കുര്യാക്കോസ് — രാജു ഈപ്പൻ — അനു രാജു — ചിന്നമ്മ ജോയി

താമസിച്ചതിനു ക്ഷമാപണം — സൗത്ത് ആൻഡമാൻസ്

# അഹത്തള്ളാ

## മലങ്കരസഭയുടെ പറങ്കി അടിമത്തമോചനത്തിൻെറ ബലിയാട്

ചരിത്രകാരന്മാരുടെ സാക്ഷ്യം (തുടർച്ച)

**വി. സി. ജോർജ്**

"We have already seen that the Archdeacon and the Cathanars had sent petitions for obtaining a Chaldean bishop One such bishop by name Ahathalla reached India in 1652. He landed at Surat but could not proceed from there to Malabar, because of the strict watch kept by the Portuguese. From Surat, he went to Mylapore expecting to meet there Malabar Syrian pilgrims to the tomb of Apostle St. Thomas."

"The syro chladean church in Malabar". p. 157.

ശ്രീ. വി. സി. ജോർജ് പറയുന്നത്, അയിത്താലാഹാസൂറത്തിൽ നിന്ന് മൈലാപ്പൂരിലെ മാർത്തോമ്മാശ്ലീഹായുടെ സമാധിയിൽ തീർത്ഥാടകരായി വരുന്ന മലബാർ ക്രിസ്ത്യാനികളെ കണ്ടുമുട്ടാം എന്നുള്ള പ്രതീക്ഷയിൽ മൈലാപ്പൂരിൽ എത്തി എന്നാണ്. മററ് പല ചരിത്രകാരന്മാരും ഇപ്രകാരം തന്നെ പറയുന്നുണ്ട്. അദ്ദേഹത്തെ സൂറത്തിൽ വച്ച് പറങ്കികൾ തടവുകാരനാക്കി മൈലാപ്പൂരിൽ കൊണ്ടുവരികയായിരുന്നു.

"അന്ത്യോക്യാ സിംഹാസനവും മലങ്കര സുറിയാനി ഓർത്തഡോക്സ് സഭയും.' ഫാ. കെ. ററി. സഖറിയാ P. 65-ൽ കാണുന്നത് '1620-ാം കാലം അന്ത്യോക്യായുടെ ഇഗ്നാത്തിയോസ് ശർക്കല്ലാ എന്ന പ. പാത്രിയർക്കീസു ബവാ മലയാളത്തേക്കു പുറപ്പെട്ടു........... മൈലാപ്പൂരെത്തി" അദ്ദേഹത്തെ ഗോവയ്ക്കും, റോമിനും പറങ്കികൾ അയച്ചു എന്നും, ഗോവയിൽ വച്ചു വധിച്ചു എന്നും മററുമാണ്,

ഇതിൽ തടുർന്നു പറയുന്നു. "1653-ൽ അന്ത്യോക്യായുടെ-ഇഗ്നി:പാ-ക്കീസ് (മാർ അഹത്തുള്ള) ബാവ മലയാള....പ്പെട്ടു. മൈലാപ്പൂർ വന്നു പറങ്കികൾ--പിടിച്ചു. ഈ സമയത്തു--മൈലാപ്പൂരിൽ-കബറിങ്കൽ ....ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ ശെമ്മാശനും, കുറവിലങ്ങാട് കഴിക്കോടത്ത് അവിടെ കുര്യൻ ശെമ്മാശനും-ചെന്നിരുന്നു"

ഈ ഗ്രന്ഥകർത്താവ് രണ്ട് അന്ത്യോക്യാ പാത്രിയർക്കീസന്മാർ ഇവിടെ വരുന്നതായും (ശർക്കല്ലാ, അഹത്താല്ലാ) മൈലാപ്പൂരിൽ വച്ച് പറങ്കിപ്പിടിയിൽ പ്പെട്ട് ഗോവയിൽ വധിക്കപ്പെട്ടതായും പറയുന്നുണ്ട്. എന്നാൽ ഇതേ പുസ്തകത്തിൽ തന്നെ ഉദയമ്പേരൂർ നിശ്ചയങ്ങൾ ഉദ്ധ

---

ക്കും വ്യാപിപ്പിക്കാം. മലങ്കര സഭാ മിഷൻ സൊസൈററിയുടെ സേവനം ബാഹ്യകേരള ഭദ്രാസനാധിപന്മാർ കൂടുതൽ ഉപയോഗിക്കുമെന്ന് ന്യായമായി പ്രത്യാശിക്കാം.

ഒരു ആത്മിക ഉണർവിൻെറ ആവശ്യം ഇന്ന് ഏററമധികമാണ്. സന്യാസ പ്രസ്ഥാനങ്ങൾ മുരടിച്ചു വരുന്നു എന്ന ആശങ്ക അസ്ഥാനത്താണ്. റെറയ്സെ കമ്മ്യൂണിററിയിൽ നൂറിനു താഴെ അംഗങ്ങൾ മാത്രമേയുള്ളു എങ്കിലും അതിൻെറ പ്രവർത്തനം എല്ലാ ഭൂഖണ്ഡങ്ങളിലും എത്തിക്കഴിഞ്ഞു. അവർ നേരിട്ടു പണം പിരിക്കാതെയാണ് അനേക ലോകസമ്മേളനങ്ങൾ നടത്തുന്നത്.

അടുത്ത ഡക്കേഡിൽ ദൈവം അത്ഭുതം പ്രവർത്തിക്കും. ഒന്നുകിൽ ലോകമഹായുദ്ധം അല്ലെങ്കിൽ പരസ്പര പങ്കിടീൽ വർദ്ധിക്കുന്ന ലോകവ്യവസ്ഥിതി. ഒന്നുകിൽ സമ്പന്നർ ദരിദ്രരെ കൂടുതൽ ചൂഷണം ചെയ്യും അല്ലെങ്കിൽ ദരിദ്രർ സമ്പന്നരെയും വിമോചിപ്പിക്കും. മിഖായേൽ ഗോർബച്ചേവുപോലും ദൈവത്തോടു പ്രാർത്ഥിപ്പാൻ ആവശ്യപ്പെട്ടിരിക്കുന്നു. ഇരുട്ടിൽ നിന്നു വെളിച്ചം പ്രകാശിക്കണമെന്ന് അരുളിച്ചെയ്ത ദൈവം യേശുക്രിസ്തുവിൻെറ മുഖത്തിലുള്ള ദൈവതേജസ്സിൻെറ പരിജ്ഞാനം വിളങ്ങേണ്ടതിനു ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചിരിക്കുന്നു,



രിക്കുന്നതിൽ "മാർ അവുറാഹം മെത്രാൻ മരിച്ചതിൽ പിന്നെ മലങ്കരയ്ക്ക് ശുദ്ധമാനപാപ്പാടെ പ്രമാണത്താലെ ഒരു മേല്പട്ടക്കാരൻ വരികീൽ, വകുദാശിയിലെ (ബാഗ്ദാദ്) പാത്രിയർക്കീസിൻെറ കല്പനയാൽ വരികിലെ നമുക്കു കൈക്കൊണ്ടു കൂടൂ എന്നും മോറാൻ ഇരിക്കുന്നതിനു തക്കവണ്ണമേ ഇരുന്നുകൂടൂ എന്നും ചിലരു സത്യം ചെയ്തു...."

. അന്ത്യോക്യാ പാത്രിയർക്കീസ് 'വകുദാശി'യിലാണിരുന്നതെന്ന് ഈ ഭാഗത്ത് നിന്ന് തെളിവ് എടുത്താണ് ലേഖകൻ മുന്നേറിയിരിക്കുന്നത്. വകുദാശി പാത്രിയർക്കീസ് കൽദയക്കാരനാണ്. മോറാൻ എന്ന അന്ത്യോക്യൻ സുറിയാനിവാക്ക് വകുദാശി പാത്രിയർക്കീസിൻെറ സഭയിലോ ഇവിടെയോ ഇല്ലായിരുന്നു.'

മൈലാപ്പൂർ ചെന്നതിൽ ഒരാൾ ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ ശെമ്മാശനായിരുന്നു. തോമ്മാ അർക്കദിയാക്കോനെക്കാൾ പ്രായമേറിയ ഇട്ടിത്തൊമ്മനച്ചൻ, അക്കാലത്ത് 50-ൽ

### ജെയിക്കബ് തോമസ്. നടുവിലേക്കര

ഏറെ പ്രായമുള്ള പ്രമുഖനായ ഒരു കത്തനാരായിരുന്നു എന്ന് ചരിത്രം സ്പഷ്ടമായി പറയുന്നുണ്ട്. നസ്രാണിവ്യാസൻ പരേതനായ Z.M. പാറേട്ട് പറയുന്നത് കാണുക. മലങ്കര നസ്രാണികൾ Vol.2. p 379-380-

"1599-ൽ ഉദയമ്പേരൂർ വച്ച്....റോമാനുകത്തിൻ കീഴിൽ ആക്കിയത്. അതിനുശേഷവും ബാബിലോണിൽ നിന്ന് സഹായം കിട്ടുമെന്നുള്ള ആശ അററുപോയില്ല. യാത്രക്കാർ വശം ഇവിടുത്തെ സ്ഥിതിഗതികൾ അവിടെ അറിയിക്കുന്നതിന് സൗകര്യം വരുമ്പോൾ എല്ലാം കത്തുകൾ അയച്ചുകൊണ്ടിരുന്നു. ഇന്നല്ലെങ്കിൽ നാളെ അവിടെ നിന്ന് മെത്രാന്മാർ ആരെങ്കിലും വരുമെന്ന് നസ്രാണികൾക്ക് നിശ്ചയം ഉണ്ടായിരുന്നു.

അങ്ങനെ ദിവസങ്ങളും മാസങ്ങളും എണ്ണി എണ്ണി കഴിച്ചുകൊണ്ടിരിക്കുമ്പോളാണ് ചെങ്ങന്നൂർ ഇട്ടിശെമ്മാശൻ, കുറവിലങ്ങാട് കിഴക്കേടത്ത് കുര്യൻ ശെമ്മാശൻ, തുടങ്ങിയവർ മൈലാപ്പൂരിൽ മാർത്തോമ്മാശ്ലീഹായുടെ കബറിങ്കലേയ്ക്കു തീർത്ഥയാത്ര പോയത്. അക്കാലങ്ങളിൽ മലങ്കര നസ്രാണികൾ മൈലാപ്പൂരിലേയ്ക്കു തീർത്ഥയാത്രപോവുക സാധാരണമായിരുന്നു."

തുടർന്നു പറയുന്നതിൻെറ ചുരുക്കം:-മൈലാപ്പൂരു നിന്ന് ശ്ലീഹായുടെ ശിഷ്യരായിത്തീർന്ന കുറെ കുടുംബങ്ങൾ കാരണവശാൽ കേരളത്തിലേയ്ക്കു പോന്നു. ശ്ലീഹാ വീര സഹദായാകുമ്പോൾ കേരളീയരായ ശിഷ്യരും കൂടെയുണ്ടായിരുന്നു. അവർ പണിത പള്ളിയാണ് മൈലാപ്പൂരിലേതെന്ന് 1514-ൽ മൈലാപ്പൂർ സന്ദർശിച്ച ദുവാർട്ടിബർബോസാ എന്ന ചരിത്രാന്വേഷി രേഖപ്പെടുത്തിയിട്ടുണ്ട്.

പണ്ഡിതമല്പാൻ റവ. ഡോ. വി. സി. ശമുവേൽ കത്തനാരച്ചൻ, രചിച്ച സഭ വളരുന്നു എന്ന സഭാചരിത്ര ഗ്രന്ഥത്തിൽ 25 മുതൽ 34 വരെയുള്ള വശങ്ങളിൽ 'മലങ്കര സഭയുടെ പേർഷ്യൻ ബന്ധം' എന്ന വിഷയം പണ്ഡിതോചിതമായി രേഖാ സഹിതം തെളിയിച്ചിട്ടുണ്ട്. ആദിമ നൂററാണ്ടുകൾ തുടങ്ങി ആ ബന്ധം സഹസ്രാബ്ദത്തിലേറെക്കാലം തുടർന്നു എന്നാണ് ഈ ഭാഗത്തുനിന്ന് ഈ ലേഖകനെ മനസ്സിലാക്കുവാൻ പ്രേരിപ്പിക്കുന്നത്. കൂടാതെ, p. 135-ൽ 'പേർഷ്യയിലെ നെസ്തോറിയൻ സഭയുമായി ബന്ധത്തിലിരുന്നു 'മലങ്കരസഭ' എന്ന് ആർക്കും ശങ്കയ്ക്കിടതരാതെ സ്പടമായി പറയുന്നുമുണ്ട്.

തൃശൂർ കേന്ദ്രമായി സ്ഥിതിചെയ്യുന്ന കൽദായ സുറിയാനിക്കാരായ (സൂറായികൾ) മാർത്തോമ്മാ നസ്രാണി സമൂഹക്കാരുടെ ചരിത്രപ്രസിദ്ധീകരണങ്ങളിൽ ഒന്നായ 'മാർ തീമോത്തിയോസ് അബീമേലേക്ക്' എന്ന ജീവചരിത്രഗ്രന്ഥത്തിൽ ഈ മേല്പട്ടക്കാരനായ പിതാവ് കൽദായനാട്ടിൽ നിന്നും പൗരസ്ത്യ കാതോലിക്കാ പാത്രിയർക്കീസ് (നെസ്തോറിയ) തൃശൂർ കൽദായ ഇടവകക്കാരുടെ ഇടയനായിട്ടയച്ച വന്ദ്യദേഹമായിരുന്നു. ഉദ്ദേശം മുപ്പതു കൊല്ലം മുമ്പ് തിരുമേനി തൃശൂർതന്നെ കാലം ചെയ്തു. ആ ചരിത്രത്തിൽ മാർ അഹത്തള്ളാ, കൽദായ കാതോലിക്കാ പാത്രിയർക്കീസ്, നസ്രാണികളുടെ അപേക്ഷപ്രകാരം അയച്ച മേല്പട്ടക്കാരനായിരുന്നു എന്നും 'ഈഥാലാഹാ' എന്നായിരുന്നു പേർ എന്നും പറയുന്നുണ്ട്.

ഇത്രയും കാര്യങ്ങൾ ഇടയ്ക്കു പറയേണ്ടി വന്നത്. അയിത്താലാഹാ സൂറത്തിൽ നിന്ന് നേരെ മാർത്തോമ്മാ സമാധി സ്ഥിതിചെയ്യുന്ന മൈലാപ്പൂരിലേയ്ക്ക് പിടികൊടുക്കാതെ കടന്നതും, വേഷപ്രച്ഛന്നനായി വന്നതും അദ്ദേഹത്തിനുമുമ്പും പറങ്കിവലയിൽപെടാതിരിക്കുവാൻ ഇവിടേയ്ക്ക് ആത്മായവേഷത്തിൽ വന്ന് പറങ്കികൾ പിടിച്ച് നിർദ്ദയം വകവരുത്തിയവരും,

**അജ്ഞാത കേന്ദ്രങ്ങളിലേയ്ക്കു കപ്പൽ കയററി അയ്ക്കപ്പെട്ടവരുമായ കൽദായ (നെസ്തോറിയ)** പിതാക്കന്മാരുടെ പിൻഗാമിയായിരുന്നു താനെന്നും മാർത്തോമ്മാശ്ളീഹായുടെ പൈതൃകം തന്നെയുള്ള കൽദായ മക്കാംക്ക് മൈലാപ്പൂർ സമാധി അജ്ഞാതമല്ലായിരുന്നു എന്നും, പറങ്കികാം പണ സമ്പാദനത്തിനായി, ഒരു ഇസ്ളാം സിദ്ധൻെറയോ, മണിക്കേയ അപ്പോസ്തോലൻെറയോ എന്ന് തീരുമാനിക്കപ്പെടാത്ത ഒരു സമാധിയെ മാർത്തോമ്മാ സമാധിയാക്കി മാററിയതാണെന്നും ഉള്ള കഥകാം തെററാണെന്നും നസ്രാണികാം പറങ്കികളുടെ വരവിനു വളരെ മുമ്പേ ഈ തീർത്ഥാടനം നടത്തി വന്നിരുന്നു എന്നും മററുമുള്ള പല കാര്യങ്ങളും നാം യുക്തിസഹജമായി ശരി എന്ന നിഗമനത്തിൽ എത്തിക്കുന്നു.

പറങ്കികാം പണ സമ്പാദനത്തിനായി 'അണിയിച്ചൊരുക്കിയത്' നമ്മുടെ ശ്ളീഹായുടെ സമാധിയായിരുന്നു എന്നും ഒരു പക്ഷെ അവിടെ കാണുന്ന പേർഷ്യൻ കുരിശ് മലങ്കര നിന്നും കൈക്കലാക്കി അവിടെ സ്ഥാപിച്ചതാകാനും സാദ്ധ്യതയുണ്ടെന്നും ചിന്തിക്കുന്നതിൽ തെററില്ല. ഇനിയും പാറേട്ടിനെ ശ്രദ്ധിക്കാം:-

മൈലാപ്പൂരിലെ ജെസ്വിത്ത് കേന്ദ്രത്തിൽ ബന്ധനസ്ഥനായി (തടവുകാരനോ, നിരീക്ഷ

# ഭവന ദാന പദ്ധതി

## MAR BASELIOS MOVEMENT, KUWAIT.

കുവൈററ് ഇടവകയിൽ പ്രവർത്തിച്ചുവരുന്ന മാർ ബസേലിയോസ് മൂവ്മെൻറ് എന്ന ആത്മീക സംഘടനയുടെ നേതൃത്വത്തിൽ കേരളത്തിലെ ഭവന രഹിതരായ ഓർത്തഡോക്സ് സിറിയൻ സഭയിൽ പെട്ട പത്ത് സാധുകുടുംബങ്ങാംക്ക് ഭവനങ്ങാം നിർമ്മിച്ചു കൊടുക്കുവാൻ താല്പര്യപ്പെടുന്നതിലേക്ക് അപേക്ഷകാം ക്ഷണിക്കുന്നു. ഒരു ഭദ്രാസനത്തിൽ ഒന്ന് എന്ന ക്രമത്തിൽ ഭവനങ്ങളുടെ എണ്ണം ക്രമീകരിച്ചിരിക്കുന്നു. താഴെ പറയുന്ന വ്യവസ്ഥകാം അനുസരിച്ച് 1988 ജൂലൈ 30-നു മുമ്പ് അപേക്ഷകാം താഴെ കാണും വിലാസത്തിൽ കിട്ടിയിരിക്കണം.

1. അപേക്ഷകന് സ്വന്തം പേരിൽ ഭൂമി ഉണ്ടായിരിക്കണം.
2. അപേക്ഷയിൽ ഇടവക വികാരിയുടെ ശുപാർശ രേഖപ്പെടുത്തിയിരിക്കണം.
3. നിർമ്മാണ സമയത്ത് ആവശ്യമായ മെയ്ക്കാടു ജോലികാം അപേക്ഷകൻെറ ഇടവകയിൽ നിന്ന് ശ്രമദാനമായോ മറേറതെങ്കിലും തരത്തിലോ ലഭിക്കുന്നവർക്ക് മുൻഗണന ഉണ്ടായിരിക്കും. ആയതു തെളിയിക്കുവാൻ ഇടവക മാനേജിംഗ് കമ്മററിയുടെ സർട്ടിഫിക്കേററും അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.
4. ഒരു ഭവനത്തിന് രൂപാ 15000 (പതിനയ്യായിരം രൂപാ) എന്ന ക്രമത്തിലായിരിക്കും ലഭിക്കുക.
5. വികാരിയുടെയും,, മാനേജിംഗ് കമ്മററിയുടെയും മേൽനോട്ടത്തിൽ നിർമ്മാണം പൂർത്തീകരിക്കണം.

പൂരിപ്പിച്ച അപേക്ഷകാം ജൂലൈ മാസം 30-ാം തീയതിക്കകം

വെരി. റവ. പി. സി. യോഹന്നാൻ റമ്പാൻ
പബ്ളിഷർ
പാമ്പാടി ദയറാ ബുള്ളററിൻ
മാർ കുറിയാക്കോസ് ദയറാ
പൊത്തമ്പുറം (പി. ഒ.) പാമ്പാടി - 686502

എന്ന വിലാസത്തിൽ അയച്ചുകൊടുക്കുക. അപേക്ഷ അയയ്ക്കുന്ന കവറിൻെറ മുകളിൽ 'ഭവനദാന പദ്ധതി അപേക്ഷ' എന്നു രേഖപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കുക.



ണത്തിലും കാവലിനും പാർപ്പിച്ചിരിക്കയോ ചെയ്തിരുന്ന നിർഭാഗ്യനായ അതിഥി. ലേഖകൻ. J. T) പാർപ്പിച്ചിരുന്ന പൗരസ്ത്യ മേല്പട്ടക്കാരനെ ശെമ്മാശന്മാർ കാണുന്നു! അദ്ദേഹത്തെ വിവിധ ചരിത്രകാരന്മാർ സംബോധന ചെയ്തിരിക്കുന്നതും. E. M. പീലിപ്പോസിൻെറ പ്രസ്താവനയും, അദ്ദേഹത്തെ പറങ്കികാം സൂറത്തിൽ നിന്നു ബന്ധനസ്ഥനാക്കി മൈലാപ്പൂരിൽ എത്തിച്ചതും ശ്രീ പാറേട്ട് പറയുന്നുണ്ട്.

'1652-ൽ വസന്തകാലത്ത് സൂറത്തിലെ കപ്പൂച്ചിൻ കൊവേന്തയിൽ ഒരു പൗരസ്ത്യ സന്യാസിവൈദീകൻ ഭിക്ഷാടനത്തിനായി ചെന്നു. അവർ മര്യാദയായി സ്വീകരിച്ചു. സെൻറ് തോമസ് ക്രിസ്ത്യാനികളുടെ അടുത്തേയ്ക്കു പോകുന്ന ഒരു പാത്രിയർക്കീസാണ് താൻ എന്ന് അദ്ദേഹം അവരോടുപറഞ്ഞു. ഈ വിവരം അവർ ഗോവയിൽ ഇൻക്വിസിഷനെ അറിയിച്ചു. കുറെക്കഴിഞ്ഞ് ഓഗസ്ററ് മൂന്നാം തീയതി മൈലാപ്പൂരിലെ കബറിടം സന്ദർശിക്കവെ മാത്രമേ അദ്ദേഹത്തെ അറസ്ററുചെയ്യുവാൻ സാധിച്ചുള്ളു. തല്ക്കാലത്തേക്കു മൈലാപ്പൂരിലെ ജെസ്വിത്ത് കോളജിൽ ബന്ധനത്തിൽ പാർപ്പിച്ചു. പാപ്പാ മലബാറിലെ സുറിയാനിക്കാരുടെ പാത്രിയർക്കീസായി, നിയമിച്ചയാളാണ് താനെന്നും, സൈനീകരെ അയച്ചു തന്നെ കൂട്ടിക്കൊണ്ടു പോകണമെന്നും അദ്ദേഹം സുറിയാനിയിൽ ഒരു കത്ത് അർക്കദിയാക്കോന് ഒരു തരത്തിൽ കൊടുത്തയച്ചു' എന്നാണ് Estern Christianity യിൽ p. 78, 79 ൽ കാർഡീനൽ തിസാറണ്ട് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് ശ്രീ. പാറേട്ട് പറയുന്നു.

. തുടർന്ന് അഹത്തള്ളായുടേതെന്ന് ധരിക്കത്തക്കവിധം 'വിൻസൻറ് മേറി' എന്ന റോമാ സഭാ സന്യാസി വൈദീകൻെറ ഒരു കത്ത് തിസറാണ്ട് ഉദ്ധരിക്കുന്നു. (Estern Christianity. p. 79) അതിൽ 'ഇന്നസൻറ് 10-ാമൻ പാപ്പാ എന്നെ മലബാറിലേക്ക് നിയോഗിച്ചതാണെന്നും പീഡിപ്പിക്കൽ തൊഴിലാക്കിയവർ (പറങ്കികാം) എന്നെ കലാമിനായിൽ വച്ചു (മൈലാപ്പൂർ) തടവിലാക്കി. കൊച്ചീ ഗോവ ഇവിടങ്ങളിലേക്കയയ്ക്കും. എന്നെ വിടുവിയ്ക്കുന്നതിന് നിങ്ങളുടെ ആയുധം ധരിപ്പിക്കുക' എന്നെല്ലാം നസ്രാണിത്തലവനയച്ച ടി കത്തിൽ അയിത്താലാഹാ പറഞ്ഞിരുന്നതായി കാണുന്നു.

പാറേട്ടും ഇതിനു മുൻ ഈ ലേഖകൻ പറഞ്ഞിരിക്കുന്ന വിധം തന്നെ; പാപ്പായുടെ കല്പന അനുസരിച്ചു വന്ന ആാം എന്ന് സ്ഥാപിച്ച് അഹത്തള്ളായെ റോമാ സഭാംഗമായും, നസ്രാണികളെ തോമ്മാശ്ളീഹാ മുതൽ റോമാ പാപ്പായുടെ മേധാവിത്വം സ്വീകരിച്ചിരുന്നവരായും വരുത്തിക്കൂട്ടുന്ന പദ്ധതിയുടെ കാരകന്മാരുടെ കരണമാണീകത്ത് എന്നും നസ്രാണി വ്യാസൻ പറയുന്നു.

എന്നാൽ; പദ്രവാദൊ അധികാരം മാർപാപ്പായിൽനിന്നും ലഭിച്ചതിലൂടെ പാപ്പായ്ക്കു പോലും നേരിട്ട് പോർട്ടുഗീസ് രാജാവിൻെറ ഭരണാതിർത്തിയിൽ സഭാ ഭരണാർത്ഥം പ്രവേശിച്ചു കൂടാ എന്ന ന്യായത്താൽ അഹത്തള്ളാ റോമ്മാസഭാംഗമോ, പാപ്പായുടെ നിയോഗമുള്ളയാളോ ആയാലും, നസ്രാണികാം സ്വീകരിച്ചാലും, പറങ്കികളും ജസ്യൂട്ടുകളും ഭരണാനുവാദം നൽകുമായിരുന്നില്ല. ഗാർസ്യാ മെത്രാൻ; ഇതര റോറോസഭാ സന്യാസി സംഘങ്ങളെ മലബാറിൽ പ്രവർത്തിക്കുവാൻ പാപ്പാ കല്പന കൊടുത്തതിനെ കട്ടായം നിഷേധിച്ചതായി ഇതിനു മുൻ രേഖപ്പെടുത്തിയിട്ടുമുണ്ട്. (തുടരും)

## MAR BASELIOS CHILDREN'S HOME

Mannapra (P. O.)

Palghat District, Kerala State

കാലംചെയ്ത പ. ബസ്സേലിയോസ് ഗീവർഗീസ് രണ്ടാമൻ ബാവാ തിരുമനസ്സിലെ നാമധേയത്തിൽ 1959-ൽ സ്ഥാപിതമായതും ജാതിമതഭേദമെന്യേ അനാഥരായ ആൺകുട്ടികളെയും പെൺകുട്ടികളെയും രണ്ടു പ്രത്യേക ഭവനങ്ങളിൽ പാർപ്പിച്ചും, അവശ്യം വേണ്ട വിദ്യാഭ്യാസം കൊടുത്തും സംരക്ഷിച്ചുവരുന്നതുമായ ഓർത്തഡോക്സ് സഭയിലെ ഈ സ്ഥാപനത്തെ സംഭാവനയാലും പ്രാർത്ഥനകാംമൂലവും സഹായിക്കണമെന്നപേക്ഷിക്കുന്നു.

C. T. George
Managing Director.

# സഭാ മാനേജിംഗ് കമ്മററി

കോട്ടയം: മലങ്കര സഭാ മാനേജിംഗ് കമ്മററി 1988 ഏപ്രിൽ 14-ന് കോട്ടയം പഴയ സെമിനാരിയിൽ വച്ച് പരിശുദ്ധ കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ കൂടി; പതിന്നാലര കോടി രൂപായുടെ ബജററ് അംഗീകരിച്ചു പാസ്സാക്കി. ഒട്ടനവധി വികസന പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബജററ് സഭാ സെക്രട്ടറി പോൾ മത്തായി അവതരിപ്പിച്ചു.

പരിശുദ്ധ ബാവാ തിരുമേനി എല്ലാ മാനേജിംഗ് കമ്മററി അംഗങ്ങൾക്കും ഈസ്ററർ മംഗളം ആശംസിച്ചശേഷം നടത്തിയ ഉപക്രമപ്രസംഗത്തിൽ വി. മൂറോൻ കൂദാശാ സംബന്ധമായ എല്ലാ കാര്യങ്ങളും ദൈവാനുഗ്രഹം കൊണ്ട് വളരെ ഭംഗിയായി തന്നെ നടന്നു എന്നും ഒരു പ്രാവശ്യം കൂടി മൂറോൻ കൂദാശ നടത്തുവാൻ സാധിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നുവെന്നും പ്രസ്താവിച്ചു.

മലയാള മനോരമയുടെ ശതാബ്ദി ആഘോഷങ്ങൾ നമ്മുടെ എം. ഡി. സെമിനാരിയിൽ ഇൻഡ്യൻ പ്രസിഡണ്ട് ഉത്ഘാടനം ചെയ്ത യോഗത്തിൽ തിരുമേനിയും സംബന്ധിച്ചതായും സഭയും **മനോരമയും തമ്മിലുള്ള** ബന്ധം വർഗീസ് **മാപ്പിളയുടെ കാലത്തു**തന്നെ ആരംഭിച്ചതാണെന്നും **കെ. സി.** മാമ്മൻമാപ്പിളയുടെയും കെ. എം. ചെറിയാന്റെയും ഇപ്പോൾ കെ. എം. മാത്യുവിന്റെയും കാലത്ത് ആ ബന്ധം കൂടുതൽ കൂടുതൽ ദൃഢമായിരിക്കയാണെന്നും പരി. ബാവാ തിരുമേനി അനുസ്മരിപ്പിച്ചു.

പരിശുദ്ധ പാമ്പാടി തിരുമേനി സ്ഥാപിച്ച പാമ്പാടി ദയറാപള്ളി പൊളിച്ചു പണിയുന്നതിന്റെയും ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ ചരമ രജതജൂബിലി ആഘോഷങ്ങൾ വിജയിപ്പിക്കേണ്ടതിന്റെയും ആവശ്യകതയെക്കുറിച്ച് പരി. ബാവാ ഉദ്ബോധിപ്പിച്ചു.

എഡ്യുക്കേഷൻ ആൻഡ് സോഷ്യൽ സർവീസ് സൊസൈററിയുടെ ആഭിമുഖ്യത്തിൽ കർണ്ണാടകത്തിൽ ആരംഭിക്കുന്ന കാതോലിക്കേററ് കോളജ് ഓഫ് എഞ്ചിനീയറിംഗിന് സ്ഥലം വാങ്ങിക്കുന്നതിനായി സഭയിൽ നിന്നും 15 ലക്ഷം രൂപാ കടം കൊടുത്തിരിക്കയാണെന്നും സൊസൈററിയുടെ കണക്കുകൾ എത്രയും വേഗം ഓഡിററു ചെയ്യുന്നതിനായി സമുദായ ഓഡിററർ ശ്രീ. ഉണ്ണൂണ്ണി പോളിനെ നിയമിച്ചിട്ടുണ്ടെന്നും തിരുമേനി പറഞ്ഞു.

മാർത്തോമ്മാ സഭയിലെ ബാഹ്യകേരള ഭദ്രാസനങ്ങളുടെ ചുമതല വഹിച്ചിരുന്ന ഈശോ മാർ തീമോഥിയോസ് മെത്രാപ്പോലീത്തായുടെ അകാല നിര്യാണത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്ന പ്രമേയം ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ അവതരിപ്പിച്ചു.

### സഭയുടെ യശസുയർത്തിയ പരി. ബാവായ്ക്ക് അനുമോദനം

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ വേരുകൾ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും വ്യാപിപ്പിക്കുകയും, മലങ്കര സഭയുടെ വളർച്ചയുടെ പാതയിൽ ഒരു കാലഘട്ടം തന്നെ സൃഷ്ടിക്കുകയും മലങ്കര സഭയുടെ യശസ്സ് ആഗോള ക്രൈസ്തവ വേദികളിൽ ഉയർത്തുകയും ചെയ്തിട്ടുള്ള മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരമാദ്ധ്യക്ഷനും പൌരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ മത്യൂസ് പ്രഥമൻ കാതോലിക്കാബാവാ തിരുമേനി 82-ാം വയസ്സിലേക്ക് പ്രവേശിക്കുന്നതിൽ സഭാ മാനേജിംഗ് കമ്മററിയുടെ അചഞ്ചലവും ആത്മാർത്ഥവും അത്യഗാധവുമായ ഭക്തി ബഹുമാനങ്ങൾ അർപ്പിച്ചുകൊണ്ടുള്ള അനുമോദന പ്രമേയം മനോരമ ചീഫ് എഡിററർ കെ. എം. മാത്യു അവതരിപ്പിച്ചു. തുടർന്ന് എല്ലാവരും ആദരപൂർവ്വം എഴുന്നേററുനിന്ന് അനുമോദനം അർപ്പിക്കുകയും പ. ബാവാ തിരുമേനിയുടെ ആയുരാരോഗ്യങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്തു. അസോസ്യേഷൻ സെക്രട്ടറി ശ്രീ. പോൾ മത്തായി പ. ബാവാ തിരുമേനിയെ ഹാരാർപ്പണം ചെയ്തു.

### പെങ്ങാമുക്ക് പള്ളി സംഭവം

കൊച്ചി മെത്രാസനത്തിൽപെട്ട പെങ്ങാമുക്ക് സെ. പീറേറഴ്സ് ആൻഡ് സെ. പോൾസ് പള്ളിയിൽ കഴിഞ്ഞ ഈസ്ററർ ദിവസം വി. കുർബാന നടന്നുകൊണ്ടിരുന്ന അവസരത്തിൽ യാതൊരു പ്രകോപനവും കൂടാതെ മറുഭാഗത്തുള്ള ചില ആളുകൾ അതിക്രമിച്ച് കടന്ന് നിരായുധരായ നമ്മുടെ ചില ആളുകളെ മർദ്ദിച്ചവശരാക്കുകയും ഗുരുതരമായ പരുക്കുകളോടുകൂടി അവരെ ആശുപത്രിയിലാക്കുകയും ചെയ്ത അനിഷ്ട സംഭവങ്ങൾ കുന്നംകുളം മെത്രാസന സെക്രട്ടറി ഫാദർ പീററർ ചെറുവത്തൂർ യോഗത്തിൽ വിവരിച്ചു. ഈ സംഭവത്തിൽ മാനേജിംഗ് കമ്മററിയംഗങ്ങൾ ഉൽക്കണ്ഠയും പ്രതിഷേധവും പ്രകടിപ്പിച്ചു. നി. വ. ദി. ശ്രീ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ഒരു പ്രസംഗത്തോടുകൂടി പ്രതിഷേധ പ്രമേയം അവതരിപ്പിക്കുകയും ഇതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സത്വരനടപടികൾ സ്വീകരിക്കണമെന്ന് ബഹു. കേരളാ ഗവൺമെൻറിനോട് അപേക്ഷിക്കുകയും ചെയ്തു.

തുടർന്ന് മുൻ യോഗത്തിന്റെ മിനിട്ട്സ് ചർച്ചകൾക്കുശേഷം പാസ്സാക്കി.

### ചോദ്യോത്തരങ്ങൾ

രണ്ടു വർഷംമുമ്പ് ആരംഭിച്ച മലങ്കര ഓർത്തഡോക്സ് ചർച്ച് എഡ്യുക്കേഷൻ ആൻഡ് സോഷ്യൽ സർവീസ് സൊസൈററിയിൽ ഇപ്പോൾ 233 വ്യക്തികളും 16 സ്ഥാപനങ്ങളും അംഗങ്ങളായുണ്ടെന്നും സഭയുടെ ജനറൽ അക്കൗണ്ടിൽ നിന്ന് 132422.35 രൂപാ സൊസൈററിക്ക് വായ്പയായി നല്കിയിട്ടുണ്ടെന്നും സമുദായ സെക്രട്ടറി പോൾ മത്തായി വെളിപ്പെടുത്തി. ഇതു സംബന്ധിച്ച് തിരുവനന്തപുരം ഭദ്രാസനത്തിൽ നിന്നുള്ള പ്രൊഫ. പി. ഓ. ജോണിന്റെ ചോദ്യത്തിന് മറുപടിയായിട്ടാണ് ഇക്കാര്യം അദ്ദേഹം പറഞ്ഞത്.

സൊസൈററി സഭയുടെ നേരിട്ടുള്ള ഭരണത്തിൽ അല്ലാത്തതുകൊണ്ട് അതിന്റെ കണക്കുകൾ C-ഷെഡ്യൂളിൽ ഉൾപ്പെടുത്തി മാനേജിംഗ് കമ്മററി അംഗങ്ങളുടെ അറിവിനായി പ്രസിദ്ധപ്പെടുത്താവുന്നതാണെന്നും സഭയെ അറിയിച്ചു.

സൊസൈററിയുടെ പ്രവർത്തനം തുടങ്ങിയിട്ട് ഏകദേശം 2 വർഷത്തോളമായി എങ്കിലും നാളിതുവരെ അതിന്റെ **Byelaws** അച്ചടിപ്പിച്ച് പ്രസിദ്ധപ്പെടുത്തുകയോ കണക്കുകൾ ഓഡിററ് ചെയ്യുകയോ പാസ്സാക്കുകയോ അച്ചടിപ്പിച്ച് പ്രസിദ്ധപ്പെടുത്തുകയോ ചെയ്തിട്ടില്ല. അതിന്റെ കാരണം ഒന്നു വിശദീകരിക്കാമോ? എന്ന് പ്രൊ. പി. ഓ. ജോൺ ആരാഞ്ഞു.

അങ്ങനെ ഒന്നും ചെയ്തതായിട്ട് അറിവില്ലെന്നും സൊസൈററി ഇൻഡിപെൻഡൻറ് ബോഡി ആണെന്നും അസോസിയേഷൻ സെക്രട്ടറി മറുപടി പറഞ്ഞു. തുടർന്ന് സൊസൈററിയെപ്പററി വിശദമായ ചർച്ച നടന്നു.

എഡ്യുക്കേഷണൽ ആൻഡ് സോഷ്യൽ സർവീസ് സൊസൈററിക്ക് സഭയിൽ നിന്നും കടം കൊടുത്തിരിക്കുന്ന തുക സൊസൈററിക്ക് സാമ്പത്തിക ഭദ്രത ഉണ്ടാകുന്ന സമയത്ത് തിരികെ അടയ്ക്കാമെന്നുള്ള കാര്യത്തിൽ സംശയമുണ്ടെന്നും ഈ രീതിയിൽ തുടരുകയാണെങ്കിൽ സൊസൈററിക്ക് അടുത്തെങ്ങും സാമ്പത്തിക ഭദ്രത ഉണ്ടാകുമെന്ന് തോന്നുന്നില്ലെന്നും ശ്രീ. ററി. ഓ. ജേക്കബ്, ശ്രീ. മാത്യു കുളത്തുങ്കൽ എന്നിവർ പറഞ്ഞു. സാമ്പത്തിക ഭദ്രത ഇല്ലാതെ സൊസൈററി ലിക്വിഡേററ് ചെയ്യുകയാണെങ്കിൽ സഭയിൽ നിന്നും കടം കൊടുത്ത തുക തിരിയെ അടയ്ക്കേണ്ടതാണോ മനസ്സിലാക്കേണ്ടതെന്നും സാമ്പത്തിക ഭദ്രത കൈവരണമെങ്കിൽ കൂടുതൽ അംഗങ്ങളെ സൊസൈററിയിൽ ചേർക്കണമെന്നും അത് സാധിക്കണമെങ്കിൽ സൊസൈററിയുടെ അംഗത്വഫീസ് വളരെ കുറവ് ചെയ്യണമെന്നും അവർ നിർദ്ദേശിച്ചു.

സൊസൈററിയുടെ പ്രവർത്തനത്തിൽ ഇതുവരെ ഉണ്ടായിട്ടുള്ള പുരോഗതിയെപ്പററി അംഗങ്ങൾക്ക് അറിയാൻ ആഗ്രഹമുണ്ടെന്ന് അഭിവന്ദ്യ


### വൈവാഹികം

ഉത്തരേന്ത്യയിൽ ജനിച്ചുവളർന്ന് കോൺവെൻറിൽ ഇംഗ്ളീഷ് മീഡിയത്തിൽ പഠിച്ച് M. A. (English literature) പാസ്സായതും ഇൻഡ്യാ ഗവർമ്മെൻറിൽ ജോലിയുള്ളതുമായ 23 വയസ്സു പ്രായമുള്ള ഓർത്തഡോക്സ് പെൺകുട്ടിക്ക് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. പെൺകുട്ടിയുടെ ജോലി ഇൻഡ്യയിലെവിടെയും സ്ഥലംമാററം കിട്ടുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് എഴുതുക:

K. V. Varghese
C/o Assistant Chief (Accounts)
M. P. Electricity Board
Jabalpur-482008

ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ പറഞ്ഞതനുസരിച്ച് സൊസൈററി പ്രസിഡണ്ട് അഭിവന്ദ്യ തോമസ് മാർ അത്താനാസ്യോസ് എപ്പിസ്ക്കോപ്പാ സൊസൈററിയുടെ പ്രവർത്തനത്തെപ്പററി വിശദീകരിച്ചു.

സൊസൈററി എന്തെങ്കിലും ക്രിയാത്മകമായ പ്രവർത്തനം നടത്തിയാൽ മാത്രമെ അംഗങ്ങളെ ചേർക്കുവാൻ സാധിക്കുകയുള്ളു എന്ന് മനസ്സിലാക്കിയതിന്റെ വെളിച്ചത്തിലാണ് എൻജിനീയറിംഗ് കോളജ് ആരംഭിക്കാൻ ഉദ്ദേശിച്ചതെന്നും അതിലേക്ക് ഏക്കറിന് 23500 രൂപാ വച്ച് 50 ഏക്കർ സ്ഥലം തൽക്കാലം വാങ്ങിക്കണമെന്നാണ് ഉദ്ദേശിക്കുന്നതെന്നും അതിനുള്ള ഏർപ്പാടുകൾ നടന്നുകൊണ്ടിരിക്കയാണെന്നും തിരുമനസ്സുകൊണ്ട് പ്രസ്താവിച്ചു. കോളജിനുവേണ്ടി അപേക്ഷ കൊടുത്തതിന്റെ വെളിച്ചത്തിൽ യൂണിവേഴ്സിററി കമ്മീഷൻ 6-1-88-ൽ സ്ഥലം പരിശോധിച്ചു എന്നും 5-4-88-ൽ കൂടിയ യൂണിവേഴ്സിററി അക്കാഡമിക് കൗൺസിൽ കോളജിന് വേണ്ടിയുള്ള Proposal അംഗീകരിച്ചു എന്നും ഈ കാര്യം തീരുമാനിക്കുന്നതിന് 15-4-88-ൽ യൂണിവേഴ്സിററി സിൻഡിക്കേററ് കൂടുന്നതാണെന്നും അനുകൂലമായ ഒരു തീരുമാനമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും തിരുമേനി യോഗത്തെ അറിയിച്ചു. എൻജിനീയറിംഗ് കോളജുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്കെല്ലാം അഭിവന്ദ്യ തിരുമേനി മറുപടി പറഞ്ഞു.

എൻജിനീയറിംഗ് കോളജിന് കർണ്ണാടക മന്ത്രിസഭാതലത്തിൽ സഹായവും സഹകരണവും ലഭിക്കുമെന്നും ഇതു സഭയ്ക്ക് ഒരു കാലത്ത് ഒരു ബാദ്ധ്യതയായിരിക്കുകയില്ലെന്നും, മറിച്ച് കേരളത്തിന് വെളിയിൽ ഒരു എൻജിനീയറിംഗ് കോളജ് നടത്തുന്ന ഏക സഭ എന്ന ബഹുമതി നമ്മുടെ സഭയ്ക്ക് ലഭിക്കുമെന്നും ഇപ്പോൾ വാങ്ങുന്ന സ്ഥലം ഏക്കറിന് ഒരുലക്ഷം രൂപാ വില വരുന്നതാണെന്നും ആ സ്ഥലം ലാഭത്തിലാണ് നമുക്ക് ലഭിക്കുന്നതെന്നും ശ്രീ. സണ്ണി കുലത്താക്കൽ ഒരു ചോദ്യത്തിനു മറുപടിയായി സഭയെ അറിയിച്ചു.

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



പൗലൂസ്കുട്ടി കുന്നേൽ, കോലഞ്ചേരി.

കെ. ഏ. കുര്യാക്കോസ്.

ഒരു വിശ്വാസി, കൽക്കട്ടാ.

ഒരു വിശ്വാസി.



ചർച്ചകളുടെ വെളിച്ചത്തിൽ ട്രസ്ററിൽ സ്ഥാനന്യായേനയുള്ള അംഗങ്ങൾക്കു പുറമെ നാലിൽ കുറയാതെയുള്ള സ്ഥാനങ്ങളിലേക്ക് മാനേജിംഗ് കമ്മററിയിൽ നിന്നുമുള്ള പ്രതിനികളെ ഉൾപ്പെടുത്തികൊണ്ട്, സഭയ്ക്ക് കൂടുതൽ നിയന്ത്രണം ഉണ്ടാകത്തക്കവിധത്തിൽ വേണ്ട വ്യത്യാസങ്ങൾ ട്രസ്ററിന്റെ ഘടനയിൽ വരുത്താവുന്നതാണെന്ന് സൊസൈററിയുടെ പ്രസിഡണ്ട് തോമസ് മാർ അത്താനാസ്യോസ് എപ്പിസ്ക്കോപ്പാ പ്രസ്താവിച്ചു.

### വിദ്യാഭ്യാസ സ്ഥാപനങ്ങൾ

സഭയുടെ ആഭിമുഖ്യത്തിൽ അടുത്ത അദ്ധ്യയനവർഷം പുതുതായി കോളേജുകളോ സ്കൂളുകളോ ആരംഭിക്കുവാൻ അപേക്ഷ സമർപ്പിച്ചിട്ടില്ല. എന്നാൽ പത്തനംതിട്ട കാതോലിക്കേററ് കോളേജിൽ Bcom, MA(Eco) MA(Eng) MSc(Che) ക്കും, കോട്ടയം ബസ്സേലിയോസ് കോളേജിൽ BSc (Phy) Msc (Maths) ഡിഗ്രിക്ക് സുറിയാനി സെക്കൻഡ് ലാംഗ്വേജാക്കുന്നതിനും; BSc (Bot) Bcom ക്ലാസുകൾ പാമ്പാടി കെ. ജി. കോളേജിൽ ആരംഭിക്കുന്നതിനുമായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

### കാതോലിക്കാദിനപ്പിരിവ് 87-88

കാതോലിക്കാദിനപ്പിരിവിന്റെ 1-4-87 മുതൽ 11-3-88 വരെയുള്ള വരവു ചെലവുകളുടെ കണക്ക് അച്ചടിപ്പിച്ച് അംഗങ്ങൾക്ക് നേരത്തെ അയച്ചു കൊടുത്തിരുന്നു. ആ കണക്കനുസരിച്ച് മുൻ നീക്കിയിരിപ്പ് 29918.11 രൂപായും തന്നാണ്ടു വരവ് 1115051.37 രൂപായും പലിശ ഇനത്തിൽ ലഭിച്ച 11733.60 രൂപായും ഉൾപ്പെടെ മൊത്തം 1156703.08 രൂപാ വരവും മൊത്തം ചെലവ് 1138230.19 രൂപായും നീക്കിബാക്കി 18472.89 രൂപായും ആയിരുന്നു.

തുടർന്ന് ABCD എന്നീ നാലിനങ്ങളിലായി മൊത്തം 14½ കോടി രൂപാ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബജററ് അവതരിപ്പിച്ചു. ബജററിലെ പ്രധാന നിർദ്ദേശങ്ങൾ:

1. വൈദികരുടെ ശമ്പളപരിഷ്ക്കരണവും ഏകീകരണവും ക്ഷേമനിധിയും.

2. വൈദികേതര സേവകരുടെ (Sexton etc.) സേവന വേതന വ്യവസ്ഥകളുടെ പരിഷ്കരണം.

3. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ.

4. സമർത്ഥരായ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് അർഹമായ പ്രോത്സാഹന വായ്പകൾ.

5. സഭാചരിത്ര സാഹിത്യരംഗങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് അംഗീകാരവും സഹായവും

6. തൊഴിൽ മാർഗ്ഗനിർദ്ദേശക പരിശീലന കേന്ദ്രങ്ങൾ.

7. ദേവാലയങ്ങളുടെ സ്ഥാപന, ആസ്തി ബാദ്ധ്യത, വിഭവസ്ഥിതി, വിവര ഡയറക്ടറി പ്രസിദ്ധീകരണം.

8. ആരാധനാ സൗകര്യങ്ങൾ കുറവായ സ്ഥലങ്ങളിൽ കൂടുതൽ കാതോലിക്കേററ് സെൻററുകളുടെ സ്ഥാപനം.

9. പരുമല സെമിനാരി പള്ളിയുടെ പുതുക്കിപ്പണി.

10. ആദ്ധ്യാത്മിക സംഘടനകളുടെ ഏകോപിത നിയന്ത്രണം.

11. സഭാ പ്രസിദ്ധീകരണങ്ങൾക്ക് ഒരു സംയോജിത പ്രവർത്തന ശൈലി.

12. സഭാ സംബന്ധമായ ജൂബിലി ആഘോഷങ്ങൾ.

സെക്രട്ടറിയുടെ ബജററു പ്രസംഗത്തെ അനുമോദിച്ചും കൊണ്ട് ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ പ്രസംഗിക്കുകയും, സഭയിലെ ഭവനരഹിതർക്ക് വീടു പണിയുന്നതിന് ആവശ്യമായ തുക ബസേലിയോസ് മാർത്തോമ്മാ ചാരിററബിൾ ഫണ്ടിൽ ഉൾപ്പെടുത്തണമെന്നും സുവിശേഷവേലക്കായി 50000 രൂപായെങ്കിലും ബജററിൽ ഉൾപ്പെടുത്തണമെന്നും അഭിപ്രായപ്പെട്ടു.

പ്രൊഫ. അലക്സാണ്ടർ കാരയ്ക്കൽ ചെയ്ത പ്രസംഗത്തിൽ, സെക്രട്ടറി ബജററിൽ നിർദ്ദേശിച്ചിരുന്ന 12 കാര്യങ്ങൾ ആകർഷണീയമാണെന്ന് ബജററിനെ പൂർണ്ണമായി അനുകൂലിച്ചു പ്രസ്താവിച്ചു.

ശ്രീ. ററി. ഒ. ജേക്കബ് ബജററ് ഒരു കൊല്ലത്തേക്കുള്ളതാണെന്നും നടപ്പിലാക്കാൻ കഴിയുന്ന കാര്യങ്ങൾ മാത്രം അതിൽ ഉൾപ്പെടുത്തുന്നത് നന്നായിരിക്കുമെന്നും കഴിഞ്ഞകൊല്ലം Fund raising ഇനത്തിൽ 15 ലക്ഷം പ്രതീക്ഷിച്ചിട്ട് ഒന്നും കിട്ടിയില്ലെന്നും അതുകൊണ്ട് Fund raising and Implimentation കമ്മററിയുടെ പ്രവർത്തനഫലമായി ഇക്കൊല്ലം ആകെ 150 ലക്ഷം രൂപാ സംഭരിക്കാമെന്ന് പ്രതീക്ഷിക്കുന്നു എന്നുള്ള സെക്രട്ടറിയുടെ ബജററ് പ്രസംഗത്തിലെ

ഭാഗം നീക്കം ചെയ്യണമെന്നും അഭിപ്രായപ്പെട്ടു.

ശ്രീ. മാത്യു കുളത്തുങ്കൽ ബജറ്റിനെ പൂർണ്ണമായി അനുകൂലിച്ചു പ്രസംഗിച്ചു. എല്ലാ ഭദ്രാസനങ്ങൾക്കും പള്ളികൾക്കും സഹായം ലഭിക്കണമെന്നും ഓരോ മെത്രാസനത്തിൽ നിന്നും ഒരാളെ വീതമെങ്കിലും തെരഞ്ഞെടുത്ത് കേന്ദ്രത്തിൽ തൊഴിൽ പരിശീലനം കൊടുക്കണമെന്നും മറ്റു Full time ജോലിയുള്ള അച്ചന്മാർക്ക് D. A. ഇനത്തിൽ 250 രൂപാ കൊടുക്കുന്നില്ലെങ്കിൽ 100 രൂപായെങ്കിലും അവർക്ക് അലവൻസിനത്തിൽ ശമ്പളത്തിനു പുറമേ കൊടുക്കണമെന്നും നിർദ്ദേശിച്ചു.

**വൈദികരുടെ ശമ്പള പരിഷ്ക്കരണവും ഏകീകരണവും**

വൈദികരുടെ ശമ്പളപരിഷ്കരണവും ഏകീകരണവും സംബന്ധിച്ചുള്ള ഇംപ്ളിമെന്റേഷൻ കമ്മറ്റി റിപ്പോർട്ട് മാനേജിംഗ് കമ്മറ്റി അംഗീകരിച്ചെങ്കിലും പ: സുന്നഹദോസ് താഴെ വിവരിക്കുന്ന ഭേദഗതികൾ വരുത്തിയിട്ടുണ്ടെന്ന് പ്രസിഡന്റ് തിരുമേനിയുടെ അനുവാദത്തോടുകൂടി സെക്രട്ടറി യോഗത്തിൽ പ്രസ്താവിച്ചു.

1. സ്കീം നടപ്പിൽവരുത്തുന്ന തീയതി 1-1-88 നു പകരം 1-4-88 എന്നായിരിക്കും.

2. മറ്റു Full time ജോലി ചെയ്യുന്ന പട്ടക്കാർക്ക് പുതുക്കിയ ശമ്പള സ്കെയിൽ അനുസരിച്ച് ക്ളിപ്തപ്പെടുത്തുന്ന ശമ്പളത്തോട് തുല്യമായ തുക അലവൻസായി നൽകണം. അവർക്ക് റിപ്പോർട്ടിൽ ശുപാർശ ചെയ്തിരിക്കുന്ന D. A. (250 രൂപാ) മറ്റു Full time ജോലിയിൽ നിന്ന് വിരമിക്കുന്നതുവരെ നൽകേണ്ട ആവശ്യമില്ല.

3. പെൻഷൻ, പ്രൊവിഡന്റ്ഫണ്ട്, ഓഫീസ് ചെലവുകൾ മുതലായ കാര്യങ്ങൾക്കായി ശമ്പളപദ്ധതി അനുസരിച്ച് പള്ളികളിൽ നിന്ന് ശേഖരിക്കുന്ന തുകയുടെ 10 ശതമാനം വരെ മാറ്റാവുന്നതാണെന്നുള്ള റിപ്പോർട്ടിലെ ശുപാർശക്കു പകരം മേൽ വിവരിച്ച കാര്യങ്ങൾക്ക് യഥാർത്ഥത്തിൽ ചെലവാക്കേണ്ടിവരുന്ന തുക മാറ്റാവുന്നതാണ് എന്ന് ചേർക്കണം.

മറ്റു ജോലികൾ എന്ന് ഉദ്ദേശിക്കുന്നത് സ്കൂൾ കോളജ് അദ്ധ്യാപകർ തുടങ്ങിയവരെ ആണെന്ന് വ്യക്തമാക്കപ്പെട്ടു.

പ. സുന്നഹദോസിന്റെ മേൽ പറഞ്ഞ മൂന്നു ഭേദഗതികളും യോഗം സ്വീകരിക്കണമെന്ന് നി. വ. ദി. ശ്രീ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ അഭിപ്രായപ്പെട്ടു. ഫാ. ആൻഡ്രൂസ് ഏബ്രഹാം. പി. വി. കുര്യാക്കോസ് എന്നിവർ ഈ അഭിപ്രായത്തെ പിന്താങ്ങി. യോഗം പ. സുന്നഹദോസ് വരുത്തിയ മേൽപറഞ്ഞ മൂന്നു ഭേദഗതികളും സ്വീകരിക്കണമെന്ന് നിശ്ചയിച്ചു.

**വലിയ ബാവയുടെ ചരമ രജത ജൂബിലി ആഘോഷം.**

പരിശുദ്ധ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവായുടെ ചരമ ജൂബിലി ആഘോഷിക്കുന്നതിന് മത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ. തോമസ് മാർ അത്താനാസിയോസ് എപ്പിസ്കോപ്പാ എന്നിവർ കൺവീനറന്മാരായും ജോസഫ് മാർ പക്കോമിയോസ് ഗീവറുഗീസ് മാർ ഈവാനിയോസ്, റമ്പാൻ തെയോഫോറോസ് കോർ എപ്പിസ് കോപ്പാ, വൈദീക ട്രസ്റ്റി ഫാ. മത്തായി നൂറനാൽ, അത്മായ ട്രസ്റ്റി പി. സി. ഏബ്രഹാം അസോസിയേഷൻ സെക്രട്ടറി പോൾ മത്തായി എന്നിവർ അംഗങ്ങളായുള്ള ഒരു കമ്മറ്റിയെ പ. സുന്നഹദോസ് നിശ്ചയിച്ചിട്ടുണ്ടെന്ന് പരിശുദ്ധ കാതോലിക്കാ ബാവാതിരുമേനി, സഭയെ അറിയിച്ചു. ആവശ്യമനുസരിച്ച് കൂടുതൽ അംഗങ്ങളെ കമ്മറ്റിയിലേക്ക് കോഓപ്റ്റ് ചെയ്യാവുന്നതാണെന്നും തിരുമേനി അറിയിച്ചു.

**അടുത്ത മാനേജിങ്ങ് കമ്മറ്റി ആഗസ്റ്റ് 23 ന്:**

സഭയുടെ വികസന പ്രവർത്തനങ്ങളെപ്പറ്റി ചർച്ചചെയ്യുന്നതിനായി മാനേജിങ്ങ് കമ്മറ്റിയുടെ ഒരു വിശേഷാൽ യോഗം 1988 ഓഗസ്റ്റ് 23 നു ചൊവ്വാഴ്ച പഴയ സെമിനാരിയിൽ വച്ച് കൂടുന്നതാണെന്ന് പ. ബാവാതിരുമേനി അറിയിച്ചു.

പരിശുദ്ധ ബാവതിരുമേനിയെ കൂടാതെ തോമസ് മാർ തീമോത്തിയോസ്. ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, ഗീവർഗീസ് മാർ ദിയസ്ക്കോറോസ്, മത്യൂസ് മാർ എപ്പിപ്പാനിയോസ്, തോമസ് മാർ അത്താനാസിയോസ് എന്നീ തിരുമേനിമാരും ഭൂരിപക്ഷം മാനേജിങ്ങ് കമ്മറ്റി അംഗങ്ങളും യോഗത്തിൽ പങ്കെടുത്തു.

വികസനോന്മുഖമായ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തുകൊണ്ട് അവതരിപ്പിച്ച ബജറ്റ് സഭയുടെ സമഗ്രമായ വികസന പ്രവർത്തനത്തിന് ശക്തി പകരുവാൻ തക്കവണ്ണമുള്ള അഭിപ്രായം നിർദ്ദേശങ്ങൾ നൽകി കൊണ്ട് തികച്ചു സജീവമായിരുന്ന പ്രസ്തുത സമ്മേളനം ഉച്ചകഴിഞ്ഞ് നാലു മണിയോടെ സമാപിച്ചു.

—o—



# വലിയ ബാവായുടെ ചരമ രജതജൂബിലി ആഘോഷിക്കുന്നു



മേയ് 10-ാം തീയതി കോട്ടയം, ദേവലോകം അരമനയിൽ പ. മാർത്തോമ്മാ മത്യൂസ് പ്രഥമൻ കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ ചേർന്ന സഭയുടെ വിവിധ ഭാഗങ്ങളിൽനിന്നുമുള്ള പ്രതിനിധികളുടെ സമ്മേളനം കാലംചെയ്ത പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവായുടെ ചരമജൂബിലി ആഘോഷിക്കുന്നതിലേക്ക് വിവിധ പരിപാടികൾ ആവിഷ്ക്കരണം ചെയ്തു. പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ഇതിലേക്ക് നിയമിച്ച കേന്ദ്രകമ്മറ്റി കൺവീനർ തോമസ് മാർ അത്താനാസ്യോസ് എപ്പിസ്ക്കോപ്പാ പരിപാടികളുടെ കരടുരൂപം അവതരിപ്പിച്ചത് ചർച്ചകൾക്കുശേഷം യോഗം അംഗീകരിച്ചു.

ഒരു വർഷം നീണ്ടുനിൽക്കുന്ന ജൂബിലി ആഘോഷങ്ങൾ 1989 ജനുവരി 1-ാം തീയതി ഞായറാഴ്ച ഉത്ഘാടനം ചെയ്യപ്പെടും. സമ്മേളനത്തിൽ വിവിധ വിദേശ സഭാപാത്രിയർക്കീസൻമാരും, രാഷ്ട്രനേതാക്കളും, സംബന്ധിക്കത്തക്കവണ്ണം ഏർപ്പാടുകൾ ചെയ്യുന്നതാണ്. അടുത്ത ഒരു വർഷത്തിൽ എല്ലാ ഭദ്രാസനങ്ങളിലും ആഘോഷപരിപാടികൾ നടക്കും. ഉപന്യാസ പ്രസംഗ മത്സരങ്ങൾ. സിമ്പോസിയങ്ങൾ, പൊതുസമ്മേളനം, ജീവകാരുണ്യപ്രവർത്തനങ്ങൾ മുതലായവ ജൂബിലിയോടനുബന്ധിച്ച് നടത്തപ്പെടും. പ. ബാവായുടെ നിത്യസ്മാരകമായി ലിററർജിക്കൽ പഠനകേന്ദ്രം നിർമ്മിക്കുന്നതാണ്. തിരുമേനിയുടെ വ്യക്തിപ്രഭാവത്തെ എല്ലാ തലമുറകളും അറിയുവാൻ തക്കവണ്ണം ഒരു സ്മാരകഗ്രന്ഥം പ്രസിദ്ധീകരിക്കും.

സഭയിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്നവർക്ക് പ. ബാവായുടെ നാമത്തിൽ സെ. ബേസിൽ അവാർഡുകൾ നൽകുന്നതിനും, കാലംചെയ്ത ബാവാമാരുടെ കബറുകൾ മനോഹരമായി പുതുക്കിപ്പണിയുവാനും തീരുമാനിച്ചു. പരിപാടികളുടെ വിജയകരമായ നടത്തിപ്പിന് നിയുക്ത കാതോലിക്കാ മത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനായുള്ള കേന്ദ്രകമ്മറ്റിയേയും വിവിധ കമ്മററികളേയും നിശ്ചയിച്ചു. യോഗത്തിൽ മെത്രാപ്പോലീത്തന്മായ മത്യൂസ് മാർ കൂറിലോസ്, ജോസഫ് മാർ പക്കോമിയോസ്, പീലിപ്പോസ് മാർ യൗസേബിയോസ്, തോമസ് മാർ അത്താനാസ്യോസ് എന്നിവരും, വൈദികട്രസ്റ്റി ഫാ. മത്തായി നൂറനാൽ, സഭാസെക്രട്ടറി ശ്രീ. പോൾ മത്തായി, റമ്പാൻമാർ, കോറെപ്പിസ്കോപ്പാമാർ, വൈദീകർ, അത്മായ പ്രതിനിധികൾ എന്നിവരും ഉൾപ്പെടെ ഇരുനൂറിൽപരം ആളുകൾ സംബന്ധിച്ചിരുന്നു.

—o—

**MATRIMONIAL**

Wanted an educated well placed boy from a respectable Syrian Orthodox family for a graduating girl, 20, from Ernakulam District, daughter of a Senior Officer in Central Government Undertaking. Please furnish contact address and Telephone Number.

to: Box No. 140
Malankara Sabha, Kottayam-38

# സഭാ വാർത്തകൾ

## സൺഡേസ്കൂൾ അദ്ധ്യാപക സമ്മേളനം

വാഴൂർ ഡി. സൺഡേസ്കൂൾ അദ്ധ്യാപകരുടെ ഏകദിന സമ്മേളനം മേയ് 18-ാം തീയതി കൂട്ടിക്കൽ സെൻറ് മേരീസ് പള്ളിയിൽ ഡയറക്ടർ ജനറൽ സി. വി. ജോർജ് കോറെപ്പിസ്കോപ്പാ ഉത്ഘാടനം ചെയ്തു. സി. യു. മാത്യു ബൈബിൾ ക്ലാസ് എടുത്തു. ഈ വർഷം റിട്ടയർ ചെയ്ത കെ. എ. വറുഗീസ്, കെ. വി. വറുഗീസ്, കെ. ററി. കുര്യാക്കോസ്, വി. ററി. കുര്യാക്കോസ് എന്നീ സ. സ്കൂൾ ഹെഡ്മാസ്ററന്മാർക്കു് ഉച്ചയ്ക്കുശേഷം നടന്ന ആശംസാ സമ്മേളനത്തിൽ വച്ച് ഭാവുകങ്ങൾ നേർന്നുകൊണ്ട് എം. സി. നൈനാൻ, എം. കെ. കുര്യാക്കോസ്, വി. സി. വറുഗീസ് എന്നിവർ സംസാരിച്ചു. അവർ സമുചിതമായ മറുപടി പറഞ്ഞു. ഇൻസ്പെക്ടർ സി. ഇ. കുരുവിള എല്ലാവർക്കും ഹാരാർപ്പണം നടത്തി.

ഡി. അടിസ്ഥാനത്തിൽ മത്സരപരീക്ഷയിലും സഹപാഠ്യ മത്സരങ്ങളിലും വിജയിച്ചവർക്കുള്ള സമ്മാനങ്ങളും മികച്ച സ. സ്കൂളുകൾക്കുള്ള ഷീൽഡുകളും ട്രോഫികളും വിതരണം ചെയ്യപ്പെട്ടു.

ഈ വർഷം കങ്ങഴ എം. ജി. ഡി. എം. ഹോസ്പിററൽ മാനേജിംഗ് ട്രസ്ററി ശ്രീ. വറുഗീസ് പോൾ ഏർപ്പെടുത്തിയ പി. ഗീവറുഗീസ് മെമ്മോറിയൽ ട്രോഫി സഹപാഠ്യ മത്സരങ്ങൾക്കു കൂടുതൽ പോയിൻറു നേടിയ മുണ്ടക്കയം സെ. തോമസ് സ: സ്കൂളിനും, പറപ്പള്ളിതാഴത്ത് ഫാ. പി. എം. ജയിക്കബിൻെറ പുത്രൻ ഐസക് പി. ജയിക്കബ് ഏർപ്പെടുത്തിയ ട്രോഫി SSFC യ്ക്കു ഒന്നാമതായി വിജയിച്ച സെൻറ് ജോൺസ് മുണ്ടത്താനം സ: സ്കൂളിന് നൽകി.

ട്രസ്ററി പി. എ. തോമസ് പതാക ഉയർത്തി. വികാരി ഫാ. മത്തായി അല്ലിക്കുഴി സ്വാഗതം ആശംസിക്കുകയും ഇൻസ്പെക്ടർ സി. ഇ. കുരുവിള നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

മീററിംഗിൽ നൂററിഅൻപതോളം ആളുകൾ സംബന്ധിച്ചു.

## അനുകരണീയമായ ആദർശശുദ്ധിയും ആദരണീയമായ വ്യക്തിത്വവും മാതൃകയാക്കുക

**ജസ്ററീസ് ജോൺ മാത്യു**

അനുകരണീയമായ ആദർശശുദ്ധിയും ആദരണീയമായ വ്യക്തിത്വവും കൈമുതലായുള്ള ഒരു ആത്മീയ നേതാവാണ് ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ എന്നും അങ്ങിനെയുള്ള നല്ല നേതാക്കളെ മാതൃകയാക്കാൻ യുവതലമുറ ശ്രമിക്കണമെന്നും ജസ്ററീസ് ജോൺ മാത്യു പ്രസ്താവിച്ചിരിക്കുന്നു.

ഫീലിപ്പോസ് മാർ തെയോഫിലോസ് തിരുമേനിയുടെ 78-ാം ജന്മദിനത്തിൽ തിരുമേനിയെ അനുമോദിക്കുന്നതിനായി ആലുവാ തൃക്കുന്നത്തു സിമ്മനാരിയിൽ ചേർന്ന പൗരസമ്മേളനത്തിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തൻെറ അദ്ധ്യക്ഷ പ്രസംഗത്തിൽ "ആധുനിക മലങ്കര സഭയുടെ ശില്പികളിൽ ഒരാളാണ് തെയോഫിലോസ് തിരുമേനി" എന്ന് അഭിപ്രായപ്പെട്ടു. വൈദികട്രസ്ററി ഫാ. മത്തായി നൂറനാൽ, അങ്കമാലി ഭദ്രാസന സെക്രട്ടറി ഫാ. ജേക്കബ് മണ്ണാറപ്രായിൽ, ബോംബെ ഭദ്രാസന സെക്രട്ടറി ഫാ. ടി. എം. ഈശോ, റവ. ഡോ. ജോർജ് കൊററാലിൽ, ആലുവാ മുനിസിപ്പൽ ചെയർമാൻ എം. ഒ. ജോൺ, എം. എൽ. എ. കെ. മുഹമ്മദാലി, വിദ്യാർത്ഥി പ്രസ്ഥാനം ജനറൽ സെക്രട്ടറി ഫാ. ജോൺ തോമസ്, ഫാ. ജോർജ് പട്ടലാട്ട്, പ്രൊഫ. പി. സി. ഏലിയാസ്, പ്രൊഫ. ബേബി എം. വർഗീസ്, ഡോ. ജോർജ് മാത്യു എന്നിവർ പ്രസംഗിച്ചു.

വിവിധ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമായി വായ്പ, സഹായധനം എന്നീ ഇനങ്ങളിൽ ഒന്നേകാൽ ലക്ഷം രൂപാ യോഗത്തിൽ വെച്ച് തെയോഫിലോസ് തിരുമേനി വിതരണം ചെയ്തു. ഫാ. മത്തായി ഇടയനാൽ, ഡീ. കെ. ജെ. അലക്സാണ്ടർ എന്നിവരുടെ നേതൃത്വത്തിൽ ഉള്ള ഗാനാലാപവും ഉണ്ടായിരുന്നു. തുടർന്നു നടന്ന പായസൽക്കാരത്തിൽ നേതാക്കളും, വൈദികരും, കന്യാസ്ത്രീകളുമടക്കം അനവധിപേർ പങ്കെടുത്തു.

## ഡോ. ചെമ്മനം വറുഗീസ്

മെഡിസിൻ പ്രൊഫസ്സർ



കോട്ടയം മെഡിക്കൽ കോളജ് മെഡിസിൻ അസ്സോസ്യേററ് പ്രൊഫസ്സറായ ഡോ. ചെമ്മനം വറുഗീസിനെ പ്രൊഫസ്സറായി പ്രൊമോട്ടു ചെയ്തിരിക്കുന്നു. ബി. എസ്സിക്ക് സ്റേററിൽ ഫസ്ററായി ചങ്ങനാശ്ശേരി S. B. കോളേജിൽ നിന്നു വിജയിച്ച മി. വർഗീസ് തിരുവനന്തപുരം മെഡിക്കൽ കോളജിൽ നിന്നും M. B. B. S. M. D. ബിരുദങ്ങൾ സമ്പാദിച്ചശേഷം കോട്ടയം മെഡിക്കൽ കോളജിൽ ട്യൂട്ടറായും, അസിസ്ററൻറ് പ്രൊഫസ്സറായും സേവനം അനുഷ്ഠിച്ചു. 1976 മുതൽ 82 വരെ കോട്ടയം മെഡിക്കൽ കോളജിൽ മെഡിസിൻ വിഭാഗം രജിസ്ട്രാറായും പ്രവർത്തിച്ചിട്ടുണ്ട്. 1987 മുതൽ ഗാന്ധിജി സർവ്വകലാശാല മെഡിസിൻ പോസ്ററ് ഗ്രാഡ്വേററ് ബോർഡ് ഓഫ് സ്ററഡീസ് മെമ്പറാണ്.

പ്രമേഹരോഗ ചികിൽസയിൽ കൂടുതൽ പരിശീലനവും പ്രാഗൽഭ്യവും നേടിയിട്ടുള്ള ഡോ. വർഗീസിന് 1976-ൽ ഇൻറർ നാഷനൽ ഡയബററിക് കോൺഫറൻസിനോടനുബന്ധിച്ച് നടത്തിയ സിമ്പോസിയത്തിൽ പ്രബന്ധം അവതരിപ്പിച്ചതിന് പ്രത്യേക ബഹുമതിപത്രം ലഭിച്ചു. അസ്സോസ്യേഷൻ ഓഫ് ഫിസിഷ്യൻസ് ഓഫ് ഇൻഡ്യയുടെ ലൈഫ് മെമ്പർ, ഇൻഡ്യൻ ഡയബററിക് അസ്സോസ്യേഷൻ മെമ്പർ, ഇൻഡ്യൻ മെഡിക്കൽ അസ്സോസ്യേഷൻ കോട്ടയം ശാഖാ സെക്രട്ടറി, ടി സ്റേററ് വർക്കിംഗ് കമ്മററി മെമ്പർ എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. നാഷനൽ ബുക്ക്സ്റാൾ പ്രസിദ്ധീകരിച്ച 'ക്യാൻസർ മുതൽ പുകവലി വരെ' എന്ന ഗ്രന്ഥത്തിൻെറ കർത്താവാണ്. മലയാളത്തിലും ഇംഗ്ലീഷിലും അനവധി മെഡിക്കൽ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കോട്ടയം നോർത്ത് റോട്ടറി ക്ളബ് പ്രസിഡണ്ടായും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. റോട്ടറിയിൽ കൂടിയുള്ള പ്രശസ്ത സേവനത്തിൻെറ അംഗീകാരമായി 1985-ൽ റോട്ടറി ഇൻറർ നാഷണലിൻെറ പ്രസിഡൻഷ്യൽ സൈറേഷൻ അവാർഡ് ഡോക്ടർക്കു ലഭിച്ചു. മുളക്കുളത്ത് മണ്ണുക്കുന്നേൽ സെൻറ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമായ ഡോ. വർഗീസ് ഓർത്തഡോക്സ് വിദ്യാർത്ഥിപ്രസ്ഥാനം മെഡിക്കൽ വിംഗിൻെറ വൈസ് പ്രസിഡണ്ടായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. പ. ഔഗേൻ ബാവായുടെ പേഴ്സണൽ ഡോക്ടറായിരുന്ന ഇദ്ദേഹം ഇപ്പോഴത്തെ പ. മാത്യൂസ് പ്രഥമൻ കാതോലിക്കാബാവായുടെയും പേഴ്സണൽ ഫിസിഷ്യൻ ആണ്.

## തിരുവനന്തപുരത്ത് ഫാമിലി ബോർഡിംഗ് സെൻറർ

ജർമ്മനിയിൽ ദീർഘകാലം വിദ്യാഭ്യാസരംഗത്ത് പ്രവർത്തിച്ചിരുന്ന മി. ജോർജ് ജോണിക്കുട്ടി തിരുവനന്തപുരത്ത് സ്കൂൾ വിദ്യാഭ്യാസത്തിന് എത്തുന്ന കുട്ടികൾക്ക് ആധുനികരീതിയിൽ താമസ സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിന് മരുത്തൂർ എന്ന സ്ഥലത്ത് ഒരു ഫാമിലി ബോർഡിംഗ് സെൻറർ ആരംഭിച്ചിരിക്കുന്നു. ഇതിൻെറ ഉത്ഘാടനം തിരുവനന്തപുരം ഭദ്രാസനാധിപൻ ഗീവർഗീസ് മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ മെയ് 1-ാം തീയതി നിർവ്വഹിച്ചു. കൂടുതൽ വിവരങ്ങൾക്ക് **Director, Children's Day Care & Boarding, Kallayam P. O., Maruthoor, Trivandrum-5** എന്ന മേൽവിലാസത്തിൽ എഴുതുക.

## ഓർത്തഡോക്സ് സഭയിലേക്ക്

**മാവേലിക്കര:** മാർ തോമ്മാ സഭയിലെ വൈദികനും കററാനം തെക്കടുത്ത് കുടുംബാംഗവുമായ റവ. ഫാ. ററി. ഒ. ഉമ്മനും കുടുംബവും മലങ്കര ഓർത്തഡോക്സ് സഭാംഗത്വം സ്വീകരിച്ചിരിക്കുന്നു. നിയുക്ത കാതോലിക്കാ മത്യൂസ് മാർ കൂറിലോസ് തിരുമേനിയാണ് ഫാ. ഉമ്മനെ

# ബൈബിൾ പഠനം

## ഡീ. എം. സി. ചെറിയാൻ

**പാഠം 64**

**2 യോഹന്നാൻ**

**വിജയിയുടെ പേരും വിലാസവും**

**പേര്.** റ്റി. ജെ. സ്കറിയാ

**വിലാസം.** തോപ്പിൽ കിഴക്കേതിൽ

**ഭദ്രാസനം:** മദ്രാസ്

**രജി. നമ്പർ.** 6807

**പാഠം 67**

**യോഹന്നാനു ഉണ്ടായ വെളിപ്പാട്**

**പ്രവേശനഫാറം**

**പേര്** ..........................................

**വിലാസം**..........................................

**ഭദ്രാസനം** ..........................................

**രജി: നമ്പർ** ..................

പാഠം 64-ൻെറ ഉത്തരവും വിജയികളുടെ പേരും താഴെ ചേർക്കുന്നു. ആദ്യമായിട്ടാണ് രണ്ടു പ്രാവശ്യം ഒരാൾ സമ്മാനാർഹനാകുന്നത്. പലരും ഒരു സമ്മാനം ലഭിച്ചപ്പോൾ പഠന പംക്തിയിൽ നിന്നും മാറി. 64-ാം പാഠത്തിൽ സമ്മാനം ലഭിച്ച ആൾ തുടർച്ചയായി പംക്തിയിൽ പങ്കെടുത്ത ആളാണ്. അഭിനന്ദനങ്ങൾ.

### പാഠം 64. ശരിയായ ഉത്തരം

1. 13
2. 5 (കൊരിന്ത്യർ, തെസ്സലോനിക്യർ, തിമൊഥിയോസ്, പത്രോസ്, യോഹന്നാൻ)
3. 5
4. 2 (2, 5)
5. 2 (2, 13)
6. 3 കൃപ, കനിവ്, സമാധാനം
7. 4
8. 2 (2, 3 യോഹന്നാൻ)
9. 4
10. 3
11. 64

### ശരിയായ ഉത്തരം അയച്ചവർ

1. റ്റി. ജെ. സ്കറിയാ, തുമ്പമൺ
2. മിസ്സസ് ജോർജ് മുതലാളി, കൊച്ചി
3. പൊന്നമ്മ തോമസ്, അഹമ്മദ്ബാദ്
4. കോശി മത്തായി, നന്ദിനി
5. തങ്കമ്മ ഏബ്രഹാം, ഗുജറാത്ത്
6. ഡാർളി കോശി, നന്ദിനി
7. ഷേമ മാത്യു, പുതുപ്പള്ളി
8. മാത്യു ശമുവേൽ, കലയപുരം
9. സാറാമ്മ കുറിയാക്കോസ്, കല്ലിശ്ശേരി
10. പി. റ്റി. കുര്യൻ, പാറ്റ്നാ
11. മോളി മാത്യൂസ്, നാരങ്ങാനം
12. തങ്കമ്മ സഖറിയാ, ആറാട്ടുപുഴ
13. പുഷ്പാ ജോർജ്, കോയിപ്രം
14. പി. സി. ചെറിയാൻ, ദുർഗ്ഗ്
15. പി. വി. അച്ചാമ്മ, മഞ്ഞപ്ര
16. മറിയാമ്മ ജോർജ്, കോഴിക്കോട്
17. ബീനാ പി. റ്റി., പഴഞ്ഞി
18. ലിസി കെ. പി. പട്ടിക്കാട്
19. റേച്ചൽ ചാക്കോ, ആനിക്കാട്
20. ജിജി മത്തായി, ചെങ്ങമനാട്
21. ഡോ. ഏലിയാമ്മ ഐസക്, പുത്തൂർ
22. ബേബി ഏ. യു. പഴഞ്ഞി

### പാഠം 67

### യോഹന്നാനുണ്ടായ വെളിപ്പാട്

1. ആസ്യയിലെ എത്ര സഭകളെപ്പറ്റി വെളിപാടു പുസ്തകത്തിൽ പ്രതിപാദിക്കുന്നു.
2. മനുഷ്യപുത്രനോട് സദൃശ്യനായവൻെറ എത്ര ഗുണങ്ങളെ പരാമർശിക്കുന്നു.
3. അകത്തും പുറത്തും എഴുത്തുള്ള പുസ്തകത്തിന് എത്ര മുദ്രയുണ്ടായിരുന്നു.



### 17 വീടുകൾ ദാനം ചെയ്തു

ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം തിരുവനന്തപുരം സെൻട്രലിൻെറ നേതൃത്വത്തിൽ തിരുവനന്തപുരം ജില്ലയിൽ 17 വീടുകൾ ദാനം ചെയ്തു. വിദ്യാർത്ഥിപ്രസ്ഥാനം പ്രസിഡൻറ് ഡോ. ഫീലിപ്പോസ് മാർ തേയോഫിലോസ് മെത്രാപ്പോലീത്തായുടെ 75-ാം ജന്മദിനത്തോടനുബന്ധിച്ച് 75 വീടുകൾ ദാനം ചെയ്യുവാനുള്ള പരിപാടിയുടെ ഭാഗമായിട്ടാണിത്. പ്രകൃതിക്ഷോഭം മൂലം വീടു നഷ്ടപ്പെട്ടവർക്കുള്ള കേരള ഗവർമ്മെൻറിൻെറ പുനരധിവാസ പരിപാടിയുമായി ചേർന്നാണ് ഇവ പണികഴിപ്പിച്ചിരിക്കുന്നത്. തിരുവനന്തപുരം സ്റ്റുഡൻറു് സെൻററിൽ തേയോഫിലോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഈ 17 വീടുകളുടെ താക്കോൽദാന കർമ്മം തിരുമേനി നിർവ്വഹിച്ചു. യോഗത്തിൽ ഫാ. ജോൺ തോമസ്, കരുണാകരൻ നായർ എന്നിവർ പ്രസംഗിച്ചു. ഈ. യു. അലക്സാണ്ടർ റിപ്പോർട്ട് അവതരിപ്പിച്ചു. ഡീക്കൻ എം. സി, ചെറിയാൻ സ്വാഗതവും ഡീക്കൻ മാത്യു കോശി കൃതജ്ഞതയും പറഞ്ഞു.

ഭവനദാന കമ്മററിയുടെ ജന. കൺവീനർ മി. അലക്സാണ്ടറും സെക്രട്ടറി ഡീക്കൻ എം. സി. ചെറിയാനുമായിരുന്നു.

### പ്രതിഷേധിച്ചു

പെങ്ങാമുക്ക് സെ. പീറേറഴ്സ് & സെ. പോൾസ് പള്ളിയിൽ കഴിഞ്ഞ ഉയിർപ്പു ഞായറാഴ്ച രാത്രിയിൽ ആരാധനയ്ക്കു വന്ന ആൾക്കാരെ ചില പാത്രിയർക്കീസ് കക്ഷിക്കാർ കയ്യേററം ചെയ്തതിലുള്ള പ്രതിഷേധം രേഖപ്പെടുത്തുന്നതിനായി ഒരു പൊതുസമ്മേളനം പ. കാതോലിക്കാ ബാവാ തിരുമനസ്സിലെ അസിസ്ററൻറ് ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ പഴഞ്ഞി സെ. മേരീസ് പള്ളിയിൽ കൂടി. കുന്നംകുളം ഭദ്രാസനത്തിൽപ്പെട്ട എല്ലാ പള്ളികളിൽ നിന്നുമായി വൈദീകരടക്കം വലിയ ഒരു ജനക്കൂട്ടം മീററിംഗിൽ സംബന്ധിച്ചു. യോഗത്തിൽ ഭദ്രാസനാധിപൻ പൗലൂസ് മാർ മിലീത്തിയോസ് തിരുമേനി, ഭദ്രാസന സെക്രട്ടറി ഫാ. പീററർ ചെറുവത്തൂർ മുതലായവർ പ്രസംഗിച്ചു. ഭാവിപരിപാടികൾക്ക് മിലീത്തിയോസ് തിരുമേനി പ്രസിഡണ്ടും, ഫാ. കെ. സി. ജോസഫ് സെക്രട്ടറിയും പി. വി. ജോൺ കൺവീനറുമായി ഒരു ഡിഫൻസ് കമ്മററിയെ യോഗം തെരഞ്ഞെടുത്തു.

### ഫാ. ജേക്കബ് മണ്ണാറപ്രായിൽ ഭദ്രാസന സെക്രട്ടറി

അങ്കമാലി ഭദ്രാസനാധിപൻ ഡോ. ഫീലിപ്പോസ് മാർ തേയോഫിലോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ ഭദ്രാസന പൊതുയോഗം ഭദ്രാസന സെക്രട്ടറിയായി ഫാ. ജേക്കബ് മണ്ണാറപ്രായെ വീണ്ടും തെരഞ്ഞെടുത്തു.

### തിരുത്ത്

മലങ്കരസഭ മെയ് ലക്കത്തിൽ **I N R I** എന്ന ലേഖനത്തിൽ എബ്രായ (റോമൻ) എന്നുള്ളത് എബ്രായ അല്ല. റോമൻ (ലാററിൻ) രൂപം എന്നാണ്. ഗ്രീക്കു ഭാഷയിൽ **no** എന്നല്ല **ho** എന്നു കൂടി തിരുത്തി വായിക്കണം.

---

4. അറുക്കപ്പെട്ടപോലെ നിൽക്കുന്ന കുഞ്ഞാടിന് എത്ര കണ്ണുണ്ടായിരുന്നു.
5. കാഹളം ലഭിച്ച ദൂതർ എത്ര.
6. എത്രാമത്തെ ദൂതൻ ഊതിയപ്പോഴാണ് സ്വർഗ്ഗത്തിൽ ഒരു മഹാഘോഷം ഉണ്ടായത്.
7. ഏതു ദൂതൻ കലശം ഒഴിച്ചപ്പോഴാണ് വലിയ ഭൂകമ്പം ഉണ്ടായത്.
8. ഭോഷ്ക്കു പറയുന്നവരോടുകൂടെ എത്ര കൂട്ടർക്ക് ഓഹരി തീയും ഗന്ധകവും ആയിരിക്കും.
9. ഭാഗ്യവാന്മാരെപ്പററി എത്ര പ്രാവശ്യം പറയുന്നു.
10. വീതരണം എത്രാമത്തെ അടിസ്ഥാനം ആണ്.

വേദപുസ്തകത്തിലെ അവസാനത്തെ പുസ്തകമാണ് ഈ പ്രാവശ്യത്തെ പാഠനത്തിനു കൊടുത്തിട്ടുള്ളത്. ഏററവും കൂടുതൽ സംഖ്യകൾ ഉള്ളതിനാൽ 11-ാം ചോദ്യം ഇപ്രാവശ്യം കൊടുത്തിട്ടില്ല. മാത്രമല്ല മറെറാരു സൗജന്യം കൂടി. ഉത്തരം എല്ലാം ഒരു സംഖ്യതന്നെയാണ്. പാഠത്തിൻെറ അവസാനത്തിൽ അവസാനിക്കുന്ന സംഖ്യ.

നിങ്ങളുടെ ഉത്തരം അടുത്ത മാസം 25-ാം തീയതിക്കു മുമ്പായി പാഠം 67, ബൈബിൾ പഠനം, **C/o Dr. M. C. Cherian, Orthodox Student Centre, Trivandrum-1 695001** എന്ന വിലാസത്തിൽ അയയ്ക്കുക.

—o—

## സൂസൻ ജോർജ്



സൺഡേസ്കൂൾ പത്താം ക്ലാസ് മത്സര പരീക്ഷയിൽ ഫസ്റ്റ് റാങ്ക് നേടി വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസിയോസ് സ്മാരക സ്വർണ്ണ മെഡൽ സൂസൻ ജോർജ്. കരസ്ഥമാക്കി. ചെങ്ങന്നൂർ ഭദ്രാസനത്തിൽപ്പെട്ട കുടശ്ശനാട് സെൻറ് സ്റ്റീഫൻസ് സൺഡേസ്കൂൾ വിദ്യാർത്ഥിനിയായ സൂസൻ ജോർജ് പ്രസംഗം, വേദവാക്യം, ഉപന്യാസം എന്നിവയിൽ അഖില മലങ്കരയടിസ്ഥാനത്തിൽ നിരവധി പ്രാവശ്യം സമ്മാനാർഹയായിട്ടുണ്ട്.

### റഷ്യൻ ഓർത്തഡോക്സ് സഭ സഹസ്രാബ്ദ ജൂബിലി ആഘോഷിക്കുന്നു

റഷ്യയിൽ ഓർത്തഡോക്സ് സഭ ആരംഭിച്ചതിന്റെ ആയിരം വർഷങ്ങൾ തികയുന്ന (സഹസ്രാബ്ദ) ജൂബിലി 1988 ജൂൺ 5 മുതൽ 17 വരെ മോസ്കോയിൽ വച്ച് വിവിധ പരിപാടികളോടുകൂടി ആഘോഷിക്കുന്നു. ലോകത്തിലെ എല്ലാ സഭകളിൽ നിന്നും പ്രതിനിധികൾ ഈ ആഘോഷങ്ങളിൽ സംബന്ധിക്കും.

മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ച് ഡോ. പീലിപ്പോസ് മാർ തേയോഫിലോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്, മാത്യൂസ് മാർ എഫിപ്പാനിയോസ്, ഫീലിപ്പോസ് മാർ യൗസേബിയോസ്, പൗലൂസ് മാർ മിലീത്തിയോസ് എന്നീ മെത്രാപ്പോലീത്തന്മാർ അടങ്ങിയ പ്രതിനിധിസംഘം ആഘോഷങ്ങളിൽ സംബന്ധിക്കും.

### ദേവാലയ കൂദാശ

കാനഡായിൽ ആൽബർട്ടായുടെ തലസ്ഥാനമായ എഡ്മെൻറനിൽ മലങ്കരസഭ വകയായി പ. പരുമല തിരുമേനിയുടെ നാമത്തിൽ പണികഴിപ്പിച്ചിട്ടുള്ള ദേവാലയത്തിന്റെ കൂദാശ ഭദ്രാസനാധിപൻ ഡോ. തോമസ് മാർ മക്കാറിയോസ് തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ മെയ് 20, 21 തീയതികളിൽ നടന്നു. 20–ാം തീയതി പള്ളിയിൽ എത്തിയ മെത്രാപ്പോലീത്തായ്ക്ക് ഇടവകക്കാർ ഹൃദ്യമായ സ്വീകരണം നൽകി. സന്ധ്യാനമസ്ക്കാരത്തെ തുടർന്ന് മെത്രാപ്പോലീത്താ പള്ളിയുടെ ത്രോണോസിന്റെ ശിലാസ്ഥാപനവും കൂദാശയുടെ പ്രഥമ ഭാഗവും നടത്തി. അതിനുശേഷം പ്രദക്ഷിണവും നേർച്ച വിളമ്പും ഉണ്ടായിരുന്നു.

21–ാം തീയതി മെത്രാപ്പോലീത്താ പള്ളികൂദാശയുടെ രണ്ടാം ഭാഗം പൂർത്തിയാക്കി. തുടർന്ന് തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ വി. മൂന്നുമ്മേൽ കുർബാന നടന്നു. കുർബാനയ്ക്കുശേഷം സമൂഹസദ്യയും ഉണ്ടായിരുന്നു.

22–ാം തീയതി തിരുമനസ്സുകൊണ്ട് വി. കുർബാന അർപ്പിക്കുകയും പെന്തിക്കോസ്തിയുടെ ശുശ്രൂഷകൾ നടത്തുകയും ചെയ്തു.

നാലുമണിക്ക് ചേർന്ന പൊതുസമ്മേളനത്തിൽ മക്കാറിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. റഷ്യൻ ഓർത്തഡോക്സ് സഭയുടെ ആർച്ചുബിഷോപ്പ് നിക്കോളാസ് തുടങ്ങിയ നേതാക്കൾ പ്രസംഗിച്ചു. വികാരി ഫാ. ജോർജ് ജോൺ സ്വാഗതവും, കെ. ജി. ജോൺ കൃതജ്ഞതയും പറഞ്ഞു.

മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് കാനഡായിൽ സ്വന്തമായി പണികഴിക്കപ്പെട്ട ആദ്യ ദേവാലയമാണ് ഇത്.

## 300–ാം ഓർമ്മപ്പെരുനാൾ

കടമ്പനാടു സെ. തോമസ് വലിയപള്ളിയിൽ കബറടങ്ങിയിട്ടുള്ള പ. മൂന്നാം മാർ തോമ്മാ മെത്രാപ്പോലീത്താ തിരുമനസ്സിലെ 300–ാം ഓർമ്മപ്പെരുന്നാൾ കടമ്പനാട് ഇടവകക്കാർ അത്യാഘോഷമായി 17–22 തീയതികളിൽ കൊണ്ടാടി.

നിലയ്ക്കൽനിന്ന് ആയിരത്തിലധികം വർഷങ്ങൾക്കുമുമ്പ് കടിയേറിപ്പാർത്ത മലങ്കര നസ്രാണികൾ സ്ഥാപിച്ച ദേവാലയത്തിലെ ഈ ആഘോഷങ്ങളോടനുബന്ധിച്ച് ഏപ്രിൽ 17–ാം തീയതി നിലയ്ക്കൽനിന്ന് കൊണ്ടുവന്ന ദീപശിഖ വികാരി ഫാദർ എം. എൽ. തോമസ് മൂന്നാം മാർതോമ്മാ തിരുമേനിയുടെ കബറുങ്കൽ കൊളുത്തിയതോടുകൂടി ആഘോഷപരിപാടികൾ ഉത്ഘാടനം ചെയ്തു.



21–ാം തീയതി ഇടവകമെത്രാപ്പോലീത്താ മത്യൂസ് മാർ കൂറീലോസ്, തോമസ് മാർ തീമോത്തിയോസ്, മത്യൂസ് മാർ എഫിപ്പാനിയോസ് എന്നീ തിരുമേനിമാർ പള്ളിയിൽ എത്തിച്ചേർന്ന് സന്ധ്യാ പ്രാർത്ഥനയ്ക്കു നേതൃത്വം നൽകി. തുടർന്നു റാസായും സുവിശേഷ പ്രസംഗവും നടത്തപ്പെട്ടു. പെരുനാൾ ദിനമായ 22–ാം തീയതി രാവിലെ പള്ളിയിൽ എത്തിയ കാതോലിക്കാബാവാ തിരുമേനിയ്ക്ക് ഇടവകക്കാർ ഹാർദ്ദവമായ ഒരു സ്വീകരണമാണ് നൽകിയത്. പെരുനാൾ ചടങ്ങുകൾക്ക് പ. ബാവാ തിരുമേനി നേതൃത്വം നൽകി. തിരുമനസ്സിലെ സാന്നിദ്ധ്യത്തിലും നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറീലോസ് തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും മററു രണ്ട് തിരുമേനിമാരുടെ സഹകരണത്തിലും വി. മൂന്നിന്മേൽ കുർബാനയും തുടർന്ന് സ്മര്യപുരുഷന്റെ കബറുങ്കൽ ധൂപപ്രാർത്ഥനയും നടത്തപ്പെട്ടു.

### കത്തീഡ്രലായി ഉയർത്തി

വി. കുർബാനമദ്ധ്യേ പുരാതനമായ കടമ്പനാട് വലിയപള്ളി ഒരു കത്തീഡ്രലായി ഉയർത്തിക്കൊണ്ട് പ. ബാവാ പ്രഖ്യാപനം നടത്തി. പ്രഖ്യാപനകല്പന തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലിത്താ വായിച്ചപ്പോൾ കൂട്ടമണികളാലും വെടി മുഴക്കങ്ങളാലും ദേവാലയാന്തരീക്ഷം മുഖരിതമായി. ഇടവകക്കാർ സന്തോഷിച്ചാനന്ദിച്ച് ദൈവത്തെ സ്തുതിച്ചു. മുന്നൂറാം ഓർമ്മപ്പെരുനാളിനെ അനുസ്മരിച്ചുകൊണ്ട് 300 ആചാരവെടികൾ തദവസരത്തിൽ മുഴങ്ങി.

### കമ്മ്യൂണിററിഹാൾ

മൂന്നാം മാർതോമ്മായുടെ 300–ാം ചരമ ശതാബ്ദി സ്മാരകമായി നിർമ്മിക്കുന്ന കമ്മ്യൂണിററിഹാളിന്റെ ശിലാസ്ഥാപനം വി. കുർബാനയെതുടർന്നുള്ള റാസയ്ക്കു ശേഷം പ. ബാവാ നിർവഹിച്ചു.

### പൊതുസമ്മേളനം

ഉച്ചയ്ക്കുശേഷം നടന്ന പൊതുസമ്മേളനത്തിൽ പ. ബാവാ ആദ്ധ്യക്ഷം വഹിച്ചു. മാർത്തോമ്മാ സഭയിലെ അഭിവന്ദ്യ ക്രിസോസ്ററം മെത്രാപ്പോലീത്താ, മഹാകവി പുത്തൻകാവു മാത്തൻ തരകൻ, എം. പി. മൻമഥൻ, ആർ. ഉണ്ണികൃഷ്ണപിള്ള എം. എൽ. എ. സഭാ സെക്രട്ടറി പോൾ മത്തായി, തെന്നല ബാലകൃഷ്ണപിള്ള എന്നിവർ ആശംസകൾ അർപ്പിച്ചുകൊണ്ട് പ്രസംഗിച്ചു. മൂന്നാം മാർത്തോമ്മായുടെ 300–ാം ചരമദിനം പ്രമാണിച്ചു ഇടവകവകയായി പ്രസിദ്ധപ്പെടുത്തിയ സ്മാരക ഗ്രന്ഥത്തിന്റെ പ്രകാശനം അഭിവന്ദ്യ കുറീലോസ് തിരുമേനി സോവനീർ കമ്മററി കൺവീനർ അഡ്വ. ഏബ്രഹാം തങ്കച്ചൻ ഇലവുക്കാട്ടിന് പ്രഥമ കോപ്പി നൽകികൊണ്ട് നിർവഹിച്ചു. തുടർന്ന് പള്ളിവകയായി 3 സാധുക്കൾക്കു പണിതു കൊടുത്ത ഭവനങ്ങളുടെ താക്കോൽ ദാനം തോമസ് മാർ തീമോത്തിയോസ് തിരുമേനിയും സാധുക്കളായ മുന്നൂറുപേർക്കുള്ള വസ്ത്രദാനം എഫിപ്പാനിയോസ് തിരുമേനിയും നിർവഹിച്ചു. വികാരി ഫാ. തോമസ് സദസ്സിന് സ്വാഗതവും ട്രസ്റ്റി ററി. എം. വറുഗീസ് കൃതജ്ഞതയും അർപ്പിച്ചു.


## പാതിരാ പ്രാർത്ഥന

പ. ബസ്സേലിയോസ് മാർ തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ രാത്രിയിൽ ധ്യാനത്തിനായി ഉപയോഗിച്ചുവരുന്നതും പഴയ നമസ്ക്കാര പുസ്തകങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതുമായ പ്രാർത്ഥനകൾ ചേർത്ത് സഭാംഗങ്ങൾക്ക് രാത്രി ധ്യാനത്തിനായി ഉപയോഗിക്കുന്നതിന് എം. ഓ. സി. പബ്ലിക്കേഷൻസ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ് ഈ പുസ്തകം. ഇത് ശയനനമസ്ക്കാരമായും ഉപയോഗിക്കാം. സഭാംഗങ്ങളുടെ ആത്മീയ വളർച്ചയ്ക്ക് ഉപയോഗപ്രദമായ ഈ പുസ്തകം ദേവലോകം കാതോലിക്കേററ് ഓഫീസിലും സഭവക എല്ലാ ബുക്ക് ഡിപ്പോകളിലും ലഭിക്കും. വില ഒരു രൂപാ മാത്രം.

## യു. എ. ഇ. സണ്ടേസ്ക്കൂൾ അദ്ധ്യാപകസമ്മേളനം

യു. എ. ഇ. ഓർത്തഡോക്സ് സൺഡേസ്ക്കൂൾ അസോസിയേഷന്റെ 6-ാം മത് വാർഷിക സമ്മേളനം 8-4-88 വെള്ളിയാഴ്ച രാവിലെ 10.30 ന് ഫാ. എ. എം. പൗലോസിന്റെ അദ്ധ്യക്ഷതയിൽ അബുദാബി സെൻറ് ജോർജ് പള്ളിയിൽ വച്ച് കൂടി. നിയുക്ത കാതോലിക്കാ അഭിവന്ദ്യ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത സമ്മേളനം ഉത്ഘാടനം ചെയ്തു. അസോസിയേഷൻ സെക്രട്ടറി രാജൻ കെ. മാത്യു സ്വാഗതവും, കൺവീനർ ഫാദർ തോമസ് യോഹന്നാൻ കൃതജ്ഞതയും പറഞ്ഞു. ദുബായ്, ഷാർജാ, അബുദാബി പള്ളിവികാരിമാരും നാല്പതിൽ പരം അദ്ധ്യാപകരും ഈ സമ്മേളനത്തിൽ പങ്കെടുത്തു.

## കൈപ്പററി

1958 മുതൽ തുമ്പമൺ ഭദ്രാസനാധിപനായിരുന്ന് ഇടവകയുടെ വിവിധതരത്തിലുള്ള ഉയർച്ചയ്ക്കു വേണ്ടി അക്ഷീണം പരിശ്രമിച്ചു കൊണ്ടിരിക്കുന്ന അഭിവന്ദ്യ ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ 79-ാം ജന്മദിനത്തോടനുബന്ധിച്ചു തിരുമനസ്സിലെ ശിഷ്യന്മാരായ തുമ്പമൺ ഭദ്രാസന സെക്രട്ടറി ഫാ. ഡാനിയേൽ എൻ. വറുഗീസും, മനോരമ അസ്സി. എഡിററർ കെ. വി. മാമ്മനും ചേർന്ന് പ്രസിദ്ധപ്പെടുത്തിയ ദാനിയേൽ മാർ പീലക്സീനോസ് എന്ന ജീവ ചരിത്രപുസ്തകം കൈപ്പററി. തിരുമേനിയുടെ ബാല്യത്തെപ്പററിയും അദ്ധ്യാപകൻ, വൈദീകൻ, മെത്രാപ്പോലീത്താ, വിദ്യാർത്ഥി പ്രസ്ഥാനം പ്രസിഡൻറ് മുതലായി വിവിധനിലകളിൽ തിരുമേനി ചെയ്തിട്ടുള്ള മഹത്തായ സേവനങ്ങളെപ്പററിയും മററും വിലയിരുത്തിയിക്കുന്നതും ബാല്യംമുതൽ ഉള്ള ചിത്രങ്ങളും മനോഹരമായ കളർ ചിത്രത്തോടുകൂടിയ പുറം ചട്ടയും ഉള്ളതുമായ ഈ പുസ്തകത്തിനു വില പത്തു രൂപ. മാത്രം. പത്തനംതിട്ട ബേസിൽ അരമനയിലും സഭവക ബുക്കുഡിപ്പോകളിലും ഈ പുസ്തകം ലഭിക്കും.

## പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ്

മലങ്കര ഓർത്തഡോക്സ് സഭാ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ജൂലൈ സമ്മേളനം 1988 ജൂലൈ 5-ാം തീയതി മുതൽ 8-ാം തീയതി വരെ പ. ബാവാ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കോട്ടയം പഴയസെമിനാരിയിലെ സോഫിയാ സെൻറർ ചാപ്പലിൽ ചേരുന്നതാണ്.

—o—

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



ജോർജും, കുടുംബവും. മിസ്സസ്. ഓമന തോമസ്, ബോംബെ.



ഒരു വിശ്വാസി.



ബാബു വർക്കി, നാഗാലാൻറ്.



ലണ്ടനിൽ ഫാ. കെ. ഏ. ജോർജ്ജിന്റെ 60-ാം ജന്മദിനത്തിൽ അദ്ദേഹവും ഡോ. പീലിപ്പോസ് മാർ തെയോഫിലോസ്, ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ്, ബിഷോപ്പ് ബ്രൗൺ എന്നിവരും ചേർന്ന് Birth Day Cake മുറിക്കുന്നു.



കടമ്പനാട്ടു പള്ളിയിൽ കബറടങ്ങിയിരിക്കുന്ന പ. മൂന്നാം മാർ തോമ്മായുടെ മുന്നൂറാം ചരമവാർഷിക സ്മാരകമായി പണികഴിപ്പിക്കുന്ന കമ്മ്യൂണിററിഹാളിന്റെ ശിലാസ്ഥാപനം പ. കാതോലിക്കാബാവാ നിർവ്വഹിക്കുന്നു.



കല്ലൂങ്കത്ര മണലേൽ സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ പരിശുദ്ധ പരുമല തിരുമേനിയുടെ തിരുശേഷിപ്പ് പ. കാതോലിക്കാബാവാ തിരുമനസ്സു കൊണ്ടു് സ്ഥാപിക്കുന്നു. വികാരി ഫാ. തോമസ് കുര്യൻ ഇടത്തേ അററത്ത്.

# THE MALANKARA SABHA

CATHOLICATE OFFICE, KOTTAYAM—686 038



FOR FAVOURS RECEIVED



Avarachen & Kunjumole



Printed and published by Rev. Fr. T. G. Zacharia
For Orthodox Viswasa Paripalana Samathy, Kottayam
at the Catholicate Press, Kottayam-38
Chief Editor: Very Rev. Ramban Dr. N. J. Thomas